"ലോകമാസകലം ബാധിക്കുവാനിരിക്കുന്ന ക്ലേശങ്ങളുടെ പ്രതീക്ഷമൂലം മനുഷ്യഹൃദയങ്ങൾ ഭയംകൊണ്ടു വരണ്ടുപോകും. ആകാശശക്തികൾപോലും ഇളകും. അപ്പോൾ മനുഷ്യപുത്രൻ തന്റെ പൂർണ്ണശക്തിയിലും പ്രതാപത്തിലും മേഘങ്ങളിൽ വരുന്നതു് അവർ കാണും. ഇവ സംഭവിച്ചുതുടങ്ങുമ്പോൾ തലയുയർത്തി മേലോട്ടുനോക്കുവിൻ നിങ്ങളുടെ ഉദ്ധാരണസമയം സമീപിച്ചിരിക്കുന്നു എന്നാണു് ഇതിന്റെ അർത്ഥം"

—ലൂക്കാ xxi: 26-29.

# സത്യദീപം

"നശ്വരമായ സമ്പത്തുകളെ ആരായുന്നതും അവയെ ശരണീകരിക്കുന്നതും മിഥ്യയത്രെ. ബഹുമതികൾക്കായും ഉന്നതസ്ഥാനത്തു കയറുന്നതിനായുമുള്ള ഔത്സുക്യാതിരേകവും മിഥ്യയാണു്. ശാരീരികമായ ദുരിച്ഛകൾക്കു വിധേയരായിരിക്കുന്നതും പിന്നീടു് വലുതായ ശിക്ഷയ്ക്കു നിന്നെ അർഹനാക്കുന്ന ഏതിനേയും ആഗ്രഹിക്കുന്നതും മിഥ്യയാണു്".

—ക്രിസ്ത്വാനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 നവംബർ 28—ബുധനാഴ്ച | Vol. 30, No. 16


## "വ്യക്തികളിലും, കുടുംബങ്ങളിലും, സമുദായത്തിലും ക്രിസ്തീയചൈതന്യം പ്രസരിക്കുവാൻ കത്തോലിക്കാപ്രവർത്തനംവഴി പരിശ്രമിക്കുക."

മതസ്വാതന്ത്ര്യസംരക്ഷണത്തിനും, അൽമായപ്രേഷിതപ്രവർത്തനത്തിനും, വിദ്യാഭ്യാസാവകാശസമ്പാദനത്തിനും, സാമൂഹ്യസേവനസന്നദ്ധതയ്ക്കും, പൗരകർത്തവ്യനിർവ്വഹണത്തിനും മററും വേണ്ടിയുള്ള

## ഇന്ത്യൻ കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസ്

# സ്ററാൻറിംഗ് കമ്മിററിയുടെ ആഹ്വാനം

കഴിഞ്ഞ ഒക്ടോബർ 26 മുതൽ 31 വരെ തീയതികളിൽ ബാങ്കളൂർവച്ചു കൂടിയ സി. ബി. സി. ഐ. സ്റ്റാൻറിംഗ്കമ്മിററി, ഇൻഡ്യയിലെ കത്തോലിക്കാസഭ അഭിമുഖീകരിക്കുന്ന ആധുനികസാഹചര്യങ്ങളെ വിശകലനംചെയ്തു് അതിന്റെ സുചിന്തിതങ്ങളായ തീരുമാനങ്ങളെ ഒരു പ്രസ്താവനമൂലം പ്രഖ്യാപിച്ചിരിക്കുന്നു.

"കമ്മിററി പതിവുപോലെ, അതിന്റെ ഏഴു വിഭാഗങ്ങളുടേയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കിടയിൽ, അടുത്തകാലത്തു് അത്യധികമായ ഉല്ക്കണ്ഠയ്ക്കു ഇടയാക്കിയ സംഭവങ്ങൾ മുൻനിർത്തി രാജ്യത്തിൽ കത്തോലിക്കാസഭയുടെ നിലയെപ്പററിയും രാഷ്ട്രത്തിന്റെ ദേശീയനയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ സഭ യഥാർത്ഥത്തിൽ നൽകിയിട്ടുള്ളതും നൽകിക്കൊണ്ടിരിക്കുന്നതുമായ സംഭാവനകളെപ്പററിയും നിരീക്ഷണം ചെയ്കയുണ്ടായി.

### 1. നിയോഗിറിപ്പോർട്ട്

നിയോഗിറിപ്പോർട്ടിന്റെ പ്രസിദ്ധീകരണത്തിനുശേഷം കമ്മിററി ആദ്യമായി സമ്മേളിക്കുന്നതുകൊണ്ടു്, മദ്ധ്യപ്രദേശത്തെ സംഭവങ്ങളെ അതു പ്രത്യേകം പരിഗണിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നു. സ്റ്റാൻഡിംഗ്കമ്മിററി ഔപചാരികമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചുകഴിഞ്ഞിരുന്നെങ്കിലും, ക്രിസ്ത്യൻമിഷനറിമാരുടെ പ്രവർത്തനങ്ങളെപ്പററി അന്വേഷണം നടത്തുവാൻ നിയുക്തമായ കമ്മിററി റിപ്പോർട്ടിൽ ചെയ്തിട്ടുള്ള അനധികൃതമായ നിഗമനങ്ങളോടുള്ള എതിർപ്പു ഈ സമ്മേളനത്തിൽ ആവർത്തിക്കണമെന്നു അഭിപ്രായമുണ്ടായി. അതിനു കാരണവുമുണ്ടു്. നമ്മുടെ ദേശീയനേതാക്കന്മാർക്കും നാട്ടുകാരിൽ ഗണ്യമായ വിഭാഗത്തിനും ക്രിസ്ത്യാനികളോടുള്ള മനോഭാവത്തിൽ പ്രസ്തുത റിപ്പോർട്ടു പ്രതികൂലമായ സ്വാധീനത ചെലുത്തിട്ടുണ്ടെന്നു നാം വിശ്വസിക്കുന്നില്ലെങ്കിലും—അവരുടെ സൗഹാർദ്ദതയും നമ്മുടെ പ്രവർത്തനങ്ങളുടെ നേർക്കുള്ള മതിപ്പും ഈ വസ്തുതയെ ധാരാളമായി തെളിയിക്കുന്നുണ്ടു്—രാജ്യത്തെ പൊതുവെ വീക്ഷിക്കുമ്പോൾ, ക്രിസ്ത്യൻസമുദായം സംശയദൃഷ്ട്യാ നിരീക്ഷിക്കപ്പെടുന്നുവെന്ന വ്യസനകരമായ പരമാർത്ഥം അവശേഷിക്കുകതന്നെ ചെയ്യുന്നു. അതുകൊണ്ടു് മതത്തിന്റെ താല്പര്യം നോക്കിയാലും രാജ്യത്തിന്റെ താല്പര്യം നോക്കിയാലും റിപ്പോർട്ടിനു് ഒരു സമഗ്രമായ മറുപടി പൊതുജനങ്ങൾക്കു ലഭിക്കേണ്ടതാവശ്യമത്രെ. അതിപ്പോൾ തയാറാക്കിക്കൊണ്ടിരിക്കുകയാണു്. ഇന്ത്യയിലെ വൈദികമേലദ്ധ്യക്ഷന്മാരുടേയും അൽമേനികളുടേയും പേരിൽ അതു പ്രസിദ്ധപ്പെടുത്തപ്പെടും. റിപ്പോർട്ടിലുള്ള അസംഖ്യം അസത്യങ്ങളും അബദ്ധപ്രസ്താവനകളും അതു ഖണ്ഡിക്കുന്നതു കൂടാതെ, സഭയുടെ ദൗത്യത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്ന മൗലികതത്വങ്ങൾ വിശദീകരിക്കുന്നതിനു അതു പ്രാധാന്യം നൽകുന്നതായിരിക്കും. അതിൽ സഭയുടെ ദേശീയാതീതസ്വഭാവത്തെ വീണ്ടും ഊന്നിപ്പറയുന്നതും സഭയും രാഷ്ട്രവും തമ്മിൽ ഉള്ള



## ഗായകരുടെ മദ്ധ്യസ്ഥയായ വിശുദ്ധ സിസിലിയാ

(തിരുനാൾ—നവമ്പർ 22)

ബന്ധം അതിന്റെ യഥാർത്ഥമായ വീക്ഷണത്തിൽ കാണിക്കുന്നതുമാകുന്നു. സർവ്വോപരി, സഭ ഈ രാജ്യത്തു വൈദേശികമല്ലെന്നും പ്രത്യുത നമ്മുടെ ദേശീയമായ പൈതൃകത്തിന്റെ സാരമായ ഒരംശമാണെന്നും, വൈദികർ ഏതു രാജ്യത്തുനിന്നു വന്നവരായാലും ശരി, പ്രാർത്ഥനയ്ക്കും സേവനത്തിനും ഉഴിഞ്ഞുവച്ചിട്ടുള്ള ഒരു ജീവിതംവഴി തങ്ങൾ മാതൃഭൂമിയായി സ്വീകരിച്ചിട്ടുള്ള രാജ്യത്തിന്റെ താല്പര്യങ്ങൾ സാധിക്കുന്നതിൽ കവിഞ്ഞു് അവർക്കു മററു ലക്ഷ്യങ്ങൾ ഇല്ലെന്നും, അതുകൊണ്ടു് സഭ യാതൊരു വിദേശശക്തിയേയും ആശ്രയിക്കുന്നില്ലെന്നും ലോകത്തിന്റെ മററു ഭാഗങ്ങളിൽ എന്നപോലെ ഈ രാജ്യത്തും അതു സമൃദ്ധമായി ഇണങ്ങിച്ചേർന്നുപോകുന്ന ഒന്നാണെന്നും നമ്മുടെ നേതാക്കന്മാർ പലപ്രാവശ്യം പറഞ്ഞിട്ടുള്ള സംഗതികൾ അതിൽ സ്ഥലമായി വിശദീകരിക്കുന്നതാണു്.

### 2. അത്മായരുടെ ഉണർവ്വ്

വളരെയധികം മനോവേദനയ്ക്കു കാരണമായ സംഗതിയാണിതെങ്കിലും അതു അൽമേനികളെ തങ്ങളുടെ ഉത്തരവാദിത്വങ്ങളെപ്പററി കൂടുതൽ ബോധമുള്ളവരാക്കുന്നതിനും ഏകീകൃതവും സഫലവുമായ പ്രേഷിതവൃത്തിക്കുവേണ്ടി പ്രയത്നിക്കുന്നതിനു ഉത്സാഹമുള്ളവരാക്കിത്തീർക്കുന്നതിനും ഇടയാക്കിയെന്നു കാണുന്നതു അഗാധമായ സംതൃപ്തിക്കു നിദാനമായിരിക്കുന്നു. സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അൽമേനികൾ ചെയ്യുന്ന ശ്രമം, ഞങ്ങളെ ധൈര്യപ്പെടുത്തുന്നു. തങ്ങളുടെ ദൗത്യത്തിൽ അവർ ഊർജ്ജസ്വലരായിരിക്കണമെന്നു ഞങ്ങൾ തീർച്ചയായും ആഗ്രഹിക്കുന്നു. അതുപോലെതന്നെ ദൈവമക്കളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ അവർ എപ്പോഴും ജാഗരൂകരായിരിക്കണമെന്നും അഭിലഷിക്കുന്നു. എന്നാൽ ക്രിസ്തുമതത്തിന്റെ ചൈതന്യം, അതായതു് പ്രവർത്തനത്തിന്റേയും സ്നേഹത്തിന്റേയും ശിക്ഷണത്തിന്റേയും ചൈതന്യം ജീവിതത്തിൽ പ്രതിബിംബിക്കത്തക്കവിധത്തിൽ വിശ്വാസികളെ നയിക്കേണ്ടതു് മെത്രാന്മാരുടെ ഉപേക്ഷിക്കാൻപാടില്ലാത്ത കടമയാണു്. ഇന്ത്യയിലെ വിവിധസമുദായങ്ങൾ തമ്മിൽ ഏററം സൗഹാർദ്ദമായ ബന്ധമുണ്ടായിരിക്കണമെന്നു ഞങ്ങളെക്കാൾ കൂടുതൽ ആഗ്രഹിക്കുന്നവരെ കാണുകയില്ല. എല്ലാവരും തമ്മിലുള്ള സമാധാനവും സൗഹാർദ്ദതയും രാജ്യത്തിന്റെ ഐക്യം സാധിക്കുകയും, ജനപദത്തിന്റെ പുരോഗതിക്കു സഹായകമായ അന്തരീക്ഷം പുലർത്തുകയുംചെയ്യും. അതുകൊണ്ടു് സ്വയംസംരക്ഷണത്തിനുള്ള ഞങ്ങളുടെ ശ്രമവും, പ്രകോപനത്തിനെതിരായ വ്യവസ്ഥാപിതനടപടിയും ആരോഗ്യപ്രദമല്ലാത്ത പ്രക്ഷോഭണമായി തെററിദ്ധരിക്കരുതെന്നും പ്രത്യുത ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെട്ടുകാണുന്നതിനുള്ള ആഗ്രഹത്തിന്റെ പ്രകാശനമായിമാത്രം പരിഗണിക്കണമെന്നും എല്ലാവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

### 3. രാജ്യനന്മയ്ക്കുള്ള സംഭാവന

പ്രവൃത്തി വിചാരത്തെ അനുഗമിക്കുന്നുവെന്നും, തദ്വാരാ ഉൽകൃഷ്ടമായ ആദർശങ്ങളും ത്യാഗത്തിനും സേവനത്തിനും സന്നദ്ധതയുമുള്ള പൗരന്മാരുടെ രൂപവല്ക്കരണമാണു് ഒരു രാജ്യത്തിനു നൽകാൻ കഴിയുന്ന ഏററം നല്ല സംഭാവനയെന്നും ഞങ്ങൾ വിശ്വസിക്കുന്നതുകൊണ്ടും; സഭ പൊതുനന്മയ്ക്കുവേണ്ടിയുള്ള സ്വാധീനതയും ശക്തിയും പ്രയോഗിക്കുന്നതു് പ്രായേണ അതിന്റെ കോളേജുകളും സ്കൂളുകളുംവഴിയാണെന്നു മനസ്സിലാക്കിക്കൊണ്ടും, ഇന്നത്തെ ദേശീയാവശ്യങ്ങൾ മുൻനിർത്തി വിദ്യാഭ്യാസസമ്പ്രദായത്തെ സമഗ്രമായി പഠിക്കുന്നതിൽ കമ്മിററിയംഗങ്ങൾ സുദീർഘം വ്യാപൃതരായി. ദേശീയപുനരുദ്ധാരണത്തെ സഹായിക്കുന്ന വിവിധ പരിപാടികളിൽ കൂടുതൽ പ്രവർത്തനപരമായും ഫലവത്തായും പങ്കെടുക്കുന്നതിനുള്ള ആഗ്രഹം സാധിക്കാൻവേണ്ടി സാമൂഹ്യപ്രവർത്തനം സംബന്ധിച്ച കോൺഫറൻസ്‌വിഭാഗം കത്തോലിക്കരുടെ ശ്രമങ്ങൾ വിശദമായി പ്രതിപാദിക്കുന്ന റിപ്പോർട്ടു സമർപ്പിച്ചതു കൂടാതെ ജനങ്ങളുടെ ഭൗതികപുരോഗതി നേടുന്നതും ധാർമ്മികപാരമ്പര്യം സംരക്ഷിക്കുന്നതും സംബന്ധിച്ചു് കത്തോലിക്കർക്കു നിർവ്വഹിക്കാവുന്ന സേവനം മുൻനി

(ശേഷം 3-ാംപേജിൽ)

# ചെറുകഥ

## വിധവയുടെ വിശ്വാസം

(ജി. സി. ടീലാർ)

ആ നാട്ടിലെ ഒരു വമ്പിച്ച ധനാഢ്യനായിരുന്നു ജോണിൻെറ പിതാവു്. അയാൾക്കുണ്ടായിരുന്നു പതിനാറുമക്കൾ. ചെറുപ്പത്തിൽ അവരാരുംതന്നെ ദാരിദ്ര്യമെന്തെന്നറിഞ്ഞിട്ടില്ല. പക്ഷേ കുട്ടികളെല്ലാം വളന്നുവന്നപ്പോൾ അവരുടെ ആവശ്യങ്ങൾ വർദ്ധിച്ചു. നെല്ലും തേങ്ങായും മുളകും അവക്കു തികയാതായി. പിതാവിൻെറ മരണത്തോടുകൂടി കടവും വർദ്ധിച്ചു. ജോണിൻെറ വീതത്തിൽ കിട്ടിയതു് 10 ഏക്കർ സ്ഥലവും 2000 രൂപാ കടവുമാണു്. കടം വീട്ടി എടുത്താൽ 10 ഏക്കർ ഭൂമി സുരക്ഷിതമാകും. അതിൽ കുറേ കൊന്നത്തെങ്ങുകളും പഴുത്ത കൊടിയും ക്ഷീണിച്ച കുറേ റബർ മരങ്ങളുമേയുള്ളു.

“ലീലാമ്മേ, നാം ഇതുകൊണ്ടെന്തുചെയ്യും? ഇവിടെ മേൽഗതിക്കു യാതൊരു വഴിയും കാണുന്നില്ല. ഇതങ്ങുവിററാൽ നല്ല വില കിട്ടും. കടം തീർത്തിട്ടു മിച്ചമുള്ളതുംകൊണ്ടു കാനറായ്ക്കോ മറേറാ കടന്നാൽ എന്താണെന്നു ഞാൻ വിചാരിക്കുന്നു. അവിടെ മണ്ണിനു വലിയ വിലയില്ല. കൃഷിചെയ്താൽ വല്ലതുമുണ്ടാകയും ചെയ്യും. നമ്മുടെ അയൽക്കാരിൽ പലരും അങ്ങോട്ടു കടന്നിട്ടുണ്ടു്. അതുകൊണ്ടു് ഇവിടത്തെപ്പോലെ അറിവും പരിചയവുമുള്ളവർ അവിടെ ധാരാളം കാണും. എന്താണു നിൻെറ അഭിപ്രായം?” ലീലാമ്മയുടെ അഭിപ്രായംകൂടി അറിയാതെ ജോൺ കുടുംബസംബന്ധമായ കാര്യങ്ങൾ ഒന്നും ചെയ്യാറുണ്ടായിരുന്നില്ല. ലീലാമ്മ ഉറച്ച ഒരു ദൈവഭക്തയാണു്. അവൾ ചോദിച്ചു: “നമ്മുടെ ആത്മകാര്യങ്ങൾ നടത്തുവാൻ പള്ളിയും പട്ടക്കാരനും അവിടെ കാണുമോ?”

“പള്ളിയും മററും ധാരാളമുള്ള സ്ഥലം. നിനക്കു ദിവസവും കുമ്പസാരിക്കണമെന്നുണ്ടെങ്കിൽ അതിനും സൗകര്യമുണ്ടു്.”

ലീലാമ്മയ്ക്കു സന്തോഷമായി. ആത്മാവിൻെറ കാര്യമായിരുന്നു എപ്പോഴും അവളുടെ ആദ്യത്തെ ചിന്ത. ആത്മീയകാര്യങ്ങൾ ഭദ്രമാണെങ്കിൽ ലോകത്തിൽ ഏതു സ്ഥലവും അവൾക്കു സ്വർഗ്ഗമാണു്. മൂന്നുമാസം കഴിഞ്ഞപ്പോൾ ആ കുടുംബം കാനറായിൽ എത്തി. അവിടെ തരിശുഭൂമി വളരെയധികം കൈയടക്കിവച്ചുകൊണ്ടിരുന്ന മുതലാളിമാക്കു് പുതിയ പുതിയ കുടുംബക്കാരുടെ കുടിയേററം അത്ര സുഖിക്കുന്നില്ലായിരുന്നു. കുടിയേററക്കാരെല്ലാവരുംകൂടി സംഘടിച്ചു കാലക്രമത്തിൽ പുതിയ അവകാശവാദങ്ങൾ പുറപ്പെടുവിക്കുമെന്നുള്ള ഭീതിയാണു് അവരെ ബാധിച്ചിരുന്നതു്. അതിനാൽ ഭൂമിക്കു് അവർ വില കൂട്ടി. ചില ദല്ലാളന്മാർ ഇടയ്ക്കുനിന്നു സാധുക്കളെ വഞ്ചിക്കയും ചെയ്തുകൊണ്ടിരുന്നു.

“നിങ്ങൾക്കു് എന്തു സഹായം വേണമെങ്കിലും ഞാൻ ചെയ്തുതരാം. എന്നെപ്പററി അറിയണമെങ്കിൽ ചക്കിമററത്തെ ഇട്ടനോടും പൂവാലി പൈലിയോടും ചോദിച്ചാൽ മതി. അവക്കു രണ്ടുപേക്കും സ്ഥലമന്വേഷിച്ചുകൊടുത്തതു ഞാനാ.” തെങ്ങനാട്ടെ മാത്തുണ്ണിയാണു തൻെറ മുമ്പിൽ നില്ക്കുന്നതെന്നു ജോൺ അറിഞ്ഞില്ല. അയാളുടെ സംസാരം ജോണിനു വളരെ ഹൃദ്യമായി തോന്നി. ഇതുപോലെ സേവനസന്നദ്ധതയുള്ള ഒരു മനുഷ്യനെ മറുനാട്ടിൽ കണ്ടെത്തിയതു ദൈവത്തിൻെറ പ്രത്യേകസഹായംകൊണ്ടാണെന്നു് അയാൾ വിചാരിച്ചു. ചക്കിമററത്തു് ഇട്ടനേയും പൂവാലി പൈലിയേയും ജോൺ അറിയുകയില്ല. എങ്കിലും അവർ രണ്ടുപേരും മാന്യന്മാരും സത്യസന്ധന്മാരുമാണെന്നു് അയാൾ കരുതി. അതിനാൽ തെങ്ങനാട്ടെ മാത്തുണ്ണിയെപ്പററി കൂടുതലൊന്നും അന്വേഷിച്ചില്ല. ജോണിൻെറ ഒരുററമിത്രമായിത്തീന്നു അയാൾ.

“നല്ല ഒരു വസ്തു എടപാടുചെയ്തിട്ടുണ്ടു്. ഏക്കറിനു് 200 രൂപാ വില. 50 ഏക്കറുവരും.” തൻെറ പ്രവർത്തനത്തിൻെറ ഒരു റിപ്പോർട്ടു മാത്തുണ്ണി സമർപ്പിച്ചു. ജോൺ അയാളുടെ കൂടെ ആ സ്ഥലം കാണുവാനും ഒന്നുപോയി. ജോണിനു സ്ഥലം വളരെ ഇഷ്ടപ്പെട്ടു. ഒരാഴ്ചക്കകം അതു പണം കൊടുത്തുവാങ്ങുവാനും നിശ്ചയിച്ചു. അപ്പോൾ മാത്തുണ്ണി പറയുകയാണു്: “എനിക്കാണെങ്കിലേ മൊതലാളി അതു തരു എന്നാ പറേന്നതു്. ഓണച്ചൻ അതുകൊണ്ടൊരു കാര്യം ചെയ്യേക്കു്: പണം ഇങ്ങോട്ടു തന്നേച്ചാൽ ഞാൻ എൻെറ പേക്കാധാരം എഴുതിച്ചോളാം. അതു കഴിഞ്ഞു് അങ്ങോട്ടു കൈമാറിയേച്ചാ മതിയല്ലോ. ഒന്നും പേടിക്കാനില്ല. മാത്തുണ്ണി ഇക്കാലത്തിനോടെടയ്ക്കു ഒരു മനുഷേനേം ചതിച്ചിട്ടില്ല.”

തെങ്ങനാട്ടു മാത്തുണ്ണിയുടെപേക്കു് ആധാരം നടന്നു. പെട്ടെന്നു് 50 ഏക്കർ ഭൂമിയുടെ ഉടമസ്ഥനായിത്തീന്നതിൽ പലരും അയാളെ അനുമോദിക്കയുണ്ടായി. അയാളുടെ ആൺമക്കൾക്കു വിവാഹമാക്കററിൽ വില വർദ്ധിച്ചു. “സ്നേഹിതാ, വസ്തു ഇനി എൻെറ പേരിലേക്കാക്കണം. മനുഷ്യൻെറ കാര്യമല്ലേ. താൻ വഞ്ചനയൊന്നും ചെയ്യുകയില്ല. പക്ഷേ തനിക്കു പെട്ടെന്നു വല്ലതും വന്നുപോയാൽ!” മാത്തുണ്ണിയുടെ പെട്ടെന്നുള്ള മരണത്തെക്കുറിച്ചാണു ജോൺ സൂചിപ്പിച്ചതെന്നു് അയാൾക്കു മനസ്സിലായി. എങ്കിലും ഉള്ളിലെ ഞെട്ടൽ പുറത്തുകാണിക്കാതെ മാത്തുണ്ണി പറഞ്ഞു: “ഒന്നും പേടിക്കാനില്ലെൻെറ ഓണച്ചാ. ഒരു കല്യാണംകൂടെയൊള്ളതങ്ങു നടന്നോട്ടെ. ആധാരം എന്നുവേണേലും കൈമാററം തരാം. അതെൻെറ കൈയിലിരുന്നെന്നുവച്ചു തേമാനമൊന്നും വരികേലാ.”

ഭൂമി പലവട്ടം സൂര്യനു വലത്തുവച്ചു കറങ്ങി. മാത്തുണ്ണിയുടെ സ്വഭാവത്തിനും ചില മാററങ്ങൾ വന്നു. ജോണിനെ കാണുന്നമാത്രയിൽ അയാൾ ഓടി അകന്നുകളയും. ചിലർ പറഞ്ഞു: “കട്ടാമ്പുഴ ജോണിൻെറ പണംകൊണ്ടു് തെങ്ങനാട്ടു മാത്തുണ്ണി കാര്യം കണ്ടു” എന്നു്. സകല സമ്പാദ്യവും നഷ്ടപ്പെട്ട ജോൺ നിരാശനായിത്തീന്നു. “ദൈവം എന്നൊരാളുണ്ടെങ്കിൽ എനിക്കിങ്ങനെ വരുമായിരുന്നോ?” എന്നു് അയാൾ സ്വയം ചോദിച്ചുതുടങ്ങി. വഞ്ചകന്മാരെ ലോകത്തിൽ ജീവിക്കുവാൻ അനുവദിക്കുന്നതു് നീതിമാനായ ഒരു ദൈവത്തിനു് ചേർന്നതല്ലെന്നായിരുന്നു അയാളുടെ അഭിപ്രായം.

ജോണിൻെറ അഭിപ്രായത്തെ ആദരിക്കുന്ന ഒരാളായിരുന്നില്ല ലീലാമ്മ. അവൾ പറയുന്നതു് ദുഷ്ടനെ ദൈവം പനപോലെ വളത്തുമെന്നാണു്. “നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ: എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കയും പീഡിപ്പിക്കയും, നിങ്ങൾക്കു വിരോധമായി സകല ദുഷ്ടാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു.” ഇങ്ങനെ വേദപുസ്തകവാക്യങ്ങൾ പലതും അവൾ ഉദ്ധരിക്കുമായിരുന്നു ജോണിൻെറ ഹൃദയത്തിനു ശാന്തി നൽകുവാൻ. എങ്കിലും ജോണിൻെറ നിരാശ വർദ്ധിക്കുകയാണുണ്ടായതു്. മറെറാരാളുടെ വഞ്ചനയിൽ കുടുങ്ങി എവരുടെയും മുമ്പിൽ താൻ ഒരു വിഡ്ഢിയായിത്തീന്നല്ലോ എന്ന വിചാരം അയാളുടെ മാംസപേശികളെ വേപ്പിച്ചുകൊണ്ടിരുന്നു.

ക്ഷയരോഗം. അവളുടെ ആശങ്ക ഒരു യാഥാത്ഥ്യമായിത്തീന്നു. ഭാര്യയുടെയും നാലു കുഞ്ഞുങ്ങളുടെയും കണ്ണുനീരും കരച്ചിലും കാണുവാൻ ഇനി അയാൾ അധികനാൾ ജീവിക്കയില്ല. ചക്കിമററത്തു് ഇട്ടനും പൂവാലി പൈലിയും രോഗിയെ സന്ദശിക്കുവാൻ എന്നും വരുന്നുണ്ടു്. തെങ്ങനാട്ടെ മാത്തുണ്ണിയെ കാണുവാനും അയാളുമായി കാര്യങ്ങൾ പറഞ്ഞുതീക്കുവാനും ജോൺ ആഗ്രഹിച്ചിരുന്നു. പല തവണ ആളയച്ചിട്ടും അയാൾ വന്നില്ല. “ലോകത്തിൽ ഒരുത്തനെയും വിശ്വസിച്ചുകൂടാ” എന്നൊരു അന്ത്യശാസനം നൽകിയിട്ടു് ജോൺ ലോകത്തോടു യാത്ര പറഞ്ഞു.

ലീലാമ്മയും നാലു കുഞ്ഞുങ്ങളും. സ്വന്തമായ ഒരു വീടുപോലും അവക്കില്ല. ആരോഗ്യമുള്ളപ്പോൾ മററു വീടുകളിൽ കൂലിപ്പണി ചെയ്യുവാൻ അവൾ പോകും. കഷ്ടതകൾക്കിടയിൽ അവൾ സർവ്വശക്തനായ ദൈവത്തോടു പ്രാത്ഥിച്ചുകൊണ്ടിരുന്നു. “എൻെറ കുഞ്ഞുങ്ങളേ, നല്ല ദൈവം എല്ലാം നമ്മുടെ നന്മയ്ക്കായി ചെയ്യുന്നു” എന്നവൾ പറയാറുണ്ടായിരുന്നു വിശപ്പും ദാഹവുംകൊണ്ടു കരയുന്ന മക്കളോടു്.

ഒരു നിരീശ്വരനും കമ്മ്യൂണിസ്റ്റുകാരനുമാണു് പമ്പയാർ മാത്തൻ. ഇല്ലാത്ത ദൈവത്തിലുള്ള വിശ്വാസംകൊണ്ടു് മനുഷ്യർ തങ്ങളുടെ പണവും സമയവും വൃഥാ ചെലവഴിക്കുന്നു എന്നാണയാളുടെ അഭിപ്രായം. ദേവാലയത്തിൻെറ വാതിൽക്കലാണു് അയാൾ ഭാര്യയോടും മക്കളോടുംകൂടി വസിക്കുന്നതു്. ശരീരത്തെക്കുറിച്ചല്ലാതെ ആത്മാവിനെക്കുറിച്ചു ചിന്തിച്ചു അയാൾ സമയം കളയാറില്ലായിരുന്നു. ശരീരത്തിൻെറ ആരോഗ്യം സംരക്ഷിക്കുവാൻ മാത്തൻ വെളുപ്പിനേ എഴുന്നേററു വ്യായാമം ചെയ്യും. അങ്ങനെ ഇരുമ്പുപോലെ ഉറച്ച ഒരു ശരീരം അയാൾക്കു ലഭിച്ചു. അയാളുടെ നാക്കിനും നല്ല ആരോഗ്യമാണു്. ദൈവത്തേയും ദേവാലയത്തേയും നിന്ദിക്കുവാനാണു് അതിനെ വിനിയോഗിച്ചിരുന്നതു്. “വഞ്ചകന്മാരായ ക്രിസ്ത്യാനികളാണു് എന്നെ ഒരു നിരീശ്വരനാക്കിയതു്” എന്നു അയാൾ ചിലപ്പോൾ പറയും. പള്ളിയിൽ പോകുന്നവരെയും പ്രാത്ഥിക്കുന്നവരെയുംപററി അയാൾക്കു വലിയ പുച്ഛമാണു്.

അന്നും പതിവുപോലെ ലീലാമ്മ ദേവാലയത്തിൽനിന്നും മടങ്ങുകയായിരുന്നു. പമ്പയാർ മാത്തൻ സ്വഗൃഹത്തിൽനിന്നും ഓടി ഇറങ്ങി ലീലാമ്മയെ സമീപിച്ചു. “ലീലാമ്മേ, ഞാൻ ഒരു കാര്യം ചോദിച്ചാൽ പിണങ്ങുമോ?”

“ചോദിക്കാൻ കൊള്ളാവുന്ന ഏതുകാര്യം വേണമെങ്കിലും ചോദിക്കാമല്ലോ.”

“എന്നാൽ ചോദിക്കാം. ലീലാമ്മ എന്തിനാണു ദിവസവും രാവിലേ പള്ളിയിൽപോകുന്നതു്?”

“ദൈവത്തോടു് എൻെറയും കുഞ്ഞുങ്ങളുടെയും മറെറല്ലാവരുടേയും കാര്യങ്ങൾ പറയുവാൻ.”

“അതെല്ലാം കേൾക്കുവാൻ ഒരു ദൈവം അവിടെങ്ങാനും ഇരിക്കുന്നു എന്നാണോ വിശ്വാസം?”

“തീർച്ചയായും. ഞാനങ്ങനെതന്നെ വിശ്വസിക്കുന്നു.”

“എന്നാൽ ഞാൻ പറയാം; ദൈവത്തിൽ വിശ്വസിക്കുന്ന ആ തെങ്ങനാട്ടെ മാത്തുണ്ണി നിങ്ങളെ ചതിക്കുന്നതു് ദൈവം നോക്കിക്കൊണ്ടല്ലേ ഇരുന്നതു്? എന്നിട്ടു് ആ ദൈവം ആ വഞ്ചകനെ എന്തു ചെയ്തു? നിങ്ങളുടെ ഏകാലംബമായിരുന്നു ജോൺ. അയാൾ ക്ഷയരോഗബാധിതനായി മരിച്ചു; സർവ്വശക്തനായ ദൈവത്തിനു് അയാളുടെ ആയുസ്സിനു ദൈർഘ്യം കൊടുക്കുവാൻ കഴികയില്ലായിരുന്നോ?”

“നിങ്ങളോടു വാദിക്കുവാൻമാത്രം ഞാൻ പഠിച്ചിട്ടില്ല. എന്നാൽ ഒരു കാര്യം എനിക്കറിയാം: ഇക്കാണുന്ന ലോകത്തിനും പകൽ കാണുന്ന സൂര്യനും രാത്രിയിൽ കാണുന്ന നക്ഷത്രങ്ങൾക്കും ഒരുടമസ്ഥൻ ഉണ്ടായേ മതിയാവൂ. അവിടുത്തെ വത്സലസന്താനങ്ങളാണു നാം, നമ്മുടെ ആവശ്യങ്ങൾ അവിടുന്നു നിവ്വഹിച്ചുതരും.”

“കൊള്ളാം! നിങ്ങൾക്കുവേണ്ടി എത്ര അത്ഭുതങ്ങൾ ആ ദൈവം പ്രവത്തിച്ചിട്ടുണ്ടു്?”

“അനേകം, അനേകം. ഏതു കഠിനഹൃദയൻേറയും മനസ്സിനെ ഇളക്കുവാൻ അവിടുത്തേക്കു സാധിക്കും.”

നിരീശ്വരത്വത്തിലേക്കു ലീലാമ്മയെ തിരിക്കുവാൻ സാധിക്കാഞ്ഞതിൽ മാത്തനു കുണ്ഠിതമുണ്ടായിയെങ്കിലും അയാൾക്കു കൂടുതൽ അനുകമ്പതോന്നി അവളോടു്. അവർ തമ്മിലുള്ള സംഭാഷണം കഴിഞ്ഞതിൽപിന്നെ ലീലാമ്മയെ പള്ളിയിൽ കണ്ടില്ല. അറിയാതെതന്നെ തനിക്കൊരു വിജയം ലഭിച്ചിരിക്കാമെന്നയാൾ വിചാരിച്ചു. ഒരു ദിവസം രാവിലെ അയാളുടെ വ്യായാമം, ലീലാമ്മയും കുഞ്ഞുങ്ങളും താമസിച്ചിരുന്ന കെട്ടിടത്തിലേക്കു ഓട്ടകയായിരുന്നു. അവിടെ അയാൾ ഒരു പ്രാത്ഥനയാണു കേട്ടതു്. “എൻെറ ദൈവമേ, കുറേ ദിവസങ്ങളായി എൻെറ ആരോഗ്യം നശിച്ചിരിക്കുന്നു എന്നു് അവിടുത്തേക്കറിയാമല്ലോ. ജോലിക്കു പോകാത്തതിനാൽ കുഞ്ഞുങ്ങൾ പട്ടിണിയായിരിക്കുന്നു. അവരെയും എന്നെയും, അന്നന്നുള്ള അപ്പം നൽകി, അവിടുന്നു രക്ഷിക്കേണമേ.”

പൈലി പമ്പയാർ മാത്തനെ തടഞ്ഞുനിറുത്തി ചോദിച്ചു: “എങ്ങോട്ടാണു് ഇത്ര ധൃതിയിൽ?”

“ഞാൻ ആ പീടികവരെ ഒന്നു പോകുന്നു; കുറേ അരിയും സാമാനങ്ങളും വാങ്ങി കട്ടാമ്പുഴ ലീലാമ്മയ്ക്കു കൊടുക്കാൻ. പാവം രണ്ടുമൂന്നു ദിവസമായിട്ടു പട്ടിണിയാ. ഞാൻ അതിലേക്കൂടെ കടന്നുപോയപ്പോൾ അവർ ദൈവത്തോടു പ്രാത്ഥിക്കുന്നതു ഞാൻ കേട്ടു. അതൊക്കെ വായുവിൽ ലയിക്കയല്ലാതെ വല്ല ഫലവുമുണ്ടാകുമോ? ഏതായാലും ദൈവം ചെയ്തുകൊടുക്കാത്തതു ഞാൻ ചെയ്യുവാൻ തീരുമാനിച്ചു. അങ്ങനെയെങ്കിലും അവൾ ദൈവമില്ലെന്നു വിശ്വസിക്കട്ടെ.”

അരച്ചാക്കരിയും സാമാനങ്ങളുമായി മാത്തൻ വന്നു. അതെല്ലാം സന്തോഷപൂർവ്വം സ്വീകരിച്ചുകൊണ്ടു് ലീലാമ്മ പറഞ്ഞു: “ഈ അരിക്കും സാമാനങ്ങൾക്കുംവേണ്ടി ഞാൻ മാത്തനു കൃതജ്ഞത പറഞ്ഞുകൊള്ളുന്നു. ഞങ്ങളുടെ നേരേ അനുകമ്പകാണിക്കുവാൻ വേണ്ടി നിങ്ങളുടെ ഹൃദയത്തെ ചലിപ്പിച്ച ദൈവത്തോടാണു് എൻെറ ഏററം വലിയ കൃതജ്ഞത.” അയാളുടെ ഹൃദയത്തിൽ അപ്പോൾ ഒരു വലിയ പരിവർത്തനം നടക്കുന്നുണ്ടായിരുന്നു. ജലം ഉതിന്നിന്നു മാത്തൻെറ നയനങ്ങളിൽ. അയാൾ പറഞ്ഞു: “പാറപോലെ ഉറച്ച നിൻെറ വിശ്വാസത്തിനു മുമ്പിൽ ഞാനെൻെറ കൂപ്പുകൈ അപ്പിച്ചുകൊള്ളുന്നു.”




ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA





സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്കു് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണു്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോടു് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്ക്

| വായ്പസംഖ്യ | പലിശ |
| --- | --- |
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | ,, 7½ ,, |
| 500 രൂപാ മുതൽ മേല്പോട്ട് | ,, 6 ,, |

ESTD. 1927
പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
PC. 2990

(1-ാംപേജ് തുടർച്ച)

ത്തിയുള്ള പല പദ്ധതികൾ ഉന്നയിക്കുകയുംചെയ്തു.

### 4. സാമൂഹ്യസേവനങ്ങൾ

ദേശീയപ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ നമ്മുടെ ജനങ്ങൾ നൽകുന്ന അമൂല്യമായ സംഭാവനകൾ ഞങ്ങൾ വിലമതിക്കുന്നതോടൊപ്പം പഞ്ചവത്സരപദ്ധതിയെ ഉത്സാഹപൂർവ്വം സ്വാഗതംചെയ്യുവാൻ എല്ലാ കത്തോലിക്കരേയും ഉൽബോധിപ്പിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യത്തിന്റെ പുരോഗമനത്തെ സംബന്ധിച്ചിടത്തോളം മൗലികപ്രാധാന്യമുള്ളതത്രെ പഞ്ചവത്സരപദ്ധതി. സാമൂഹ്യനീതിയെ സംബന്ധിച്ചുള്ള നമ്മുടെ ആദർശങ്ങളിൽ ഉറച്ചുനിന്നു് സാമൂഹ്യവിദ്യാഭ്യാസം, പൊതുജനാരോഗ്യം, ഭവനനിർമ്മാണം, തൊഴിലാളിക്ഷേമം, പിന്നോക്കസമുദായങ്ങളുടെ അഭിവൃദ്ധി, പുനരധിവാസം, അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ ഉന്നമനം ആദിയായി പഞ്ചവത്സരപദ്ധതിയിൽ വ്യവസ്ഥചെയ്തിട്ടുള്ള സാമൂഹ്യസേവനപരിപാടികളിൽ പ്രവർത്തനപരമായി പങ്കെടുക്കാൻ എല്ലാ കത്തോലിക്കരേയും ഞങ്ങൾ ആഹ്വാനംചെയ്യുന്നു. ദേശഭക്തി ഒരു ദേശീയവികാരം മാത്രമല്ലെന്നും അതു ഒരു കർത്തവ്യം കൂടിയാണെന്നും അംഗീകരിച്ചുകൊണ്ടു് ദേശീയജീവിതത്തിൽ ഭാഗഭാക്കുകളാകാനും ദേശീയയത്നങ്ങളിൽ പ്രവർത്തനപരമായി പങ്കാളികളാകാനും ഞങ്ങൾ എല്ലാ കത്തോലിക്കരേയും ഉൽബോധിപ്പിക്കുന്നു.

### 5. വോട്ടവകാശം

കത്തോലിക്കർ തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉപയോഗിക്കണമെന്നും അതു വിവേകപൂർവ്വം വിനിയോഗിക്കണമെന്നും സഭ എപ്പോഴും ആഗ്രഹിക്കുന്നതുകൊണ്ടു് നമ്മുടെ ദേശീയജീവിതത്തിനു ദാർഢ്യവും പുരോഗതിയും വരുത്താൻ സഹായിക്കുന്നവരെ നിയമസഭകളിലേക്കു തെരഞ്ഞെടുത്തയക്കുന്നതിനു പര്യാപ്തമായ നിർദ്ദേശങ്ങൾ നൽകേണ്ടതാവശ്യമാണെന്നു സ്റ്റാൻഡിങ്ങ്കമ്മിററി വിചാരിക്കുന്നു.

### 6. ക്രിസ്തുവിന്റെ ചൈതന്യം

ഇന്നത്തെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ സംഘടിക്കുന്നതുകൊണ്ടു മാത്രമായില്ല. ഓരോ കത്തോലിക്കാ വ്യക്തിയുടേയും മനസ്സാക്ഷിയിൽ ക്രിസ്തു യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ടതും എത്രയും ആവശ്യമാകുന്നു. അതുകൊണ്ടു് കത്തോലിക്കാ പ്രവർത്തനത്തിന്റെ യഥാർത്ഥചൈതന്യത്തോടുകൂടിയേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവു വർദ്ധിപ്പിക്കുവാനും, ക്രിസ്തീയമാതൃകയിൽ ദേശീയജീവിതം കരുപ്പിടിക്കാൻകഴിയുമാറു് വ്യക്തികളുടെ ആത്മാവുകളിലും കുടുംബങ്ങളിലും സമുദായത്തിലും ക്രിസ്തുവിന്റെ സ്നേഹാധിപത്യം സ്ഥാപിക്കുവാനും രഹസ്യമായും പരസ്യമായും കൂടുതൽ കൂടുതൽ യത്നിക്കാൻ വിശ്വാസികളെ ഞങ്ങൾ ഉൽബോധിപ്പിക്കുന്നു.

### 7. ആരാധനാജീവിതം

അവികലമായ മതാഭ്യാസവും സഭയുടെ പവിത്രമായ ആരാധനക്രമത്തിൽ ബോധപൂർവ്വവും പ്രവർത്തനപരവുമായ ഭാഗഭാഗിത്വവും പൂർണ്ണമായ കത്തോലിക്കാ ജീവിതത്തിനു ഒഴിച്ചുകൂടാത്തതാകയാൽ, മതപ്രബോധനത്തെക്കുറിച്ചുള്ള വിഭാഗം അതുസംബന്ധിച്ചു് വിപുലമായ വിവരങ്ങൾ ശേഖരിക്കുകയും കാര്യക്ഷമമായ മതാഭ്യാസം പൂർവ്വാധികം വികസിപ്പിക്കുന്നതിനും ആരാധനാജീവിതം കൂടുതൽ സജീവമാക്കുന്നതിനും സമുചിതമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുംചെയ്തു, ഇതിന്റെ വെളിച്ചത്തിൽ ഒരു മതപ്രബോധകകേന്ദ്രം തുറക്കുന്നതും ആരാധനക്രമവിദഗ്ധസംഘം രൂപവല്ക്കരിക്കുന്നതുമാണു്.

### 8. ഹംഗറിക്കുവേണ്ടി

ഹംഗറിക്കുവേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ പിതാവു പുറപ്പെടുവിച്ച ഉൽബോധനം അനുസരിച്ചു പ്രവർത്തിക്കാൻ ഇന്ത്യയിലെ വൈദികരോടും വിശ്വാസികളോടും സ്റ്റാൻഡിംഗ്കമ്മിററി ആവശ്യപ്പെട്ടുകൊള്ളുന്നു.

### 9. സംസ്ഥാനപുനസ്സംഘടന

പുതിയ സംസ്ഥാനങ്ങളുടെ ഉൽഘാടനത്തിന്റെ തലേനാളിൽ സമ്മേളനം ഉപസംഹരിച്ചുകൊണ്ടു് സ്റ്റാൻഡിംഗ്കമ്മിററി എല്ലാ കത്തോലിക്കരോടും ശുപാർശചെയ്യുന്നതു്, സുദീർഘമായ ആലോചനയുടേയും പരിശ്രമത്തിന്റേയും ഫലമായി രൂപംപ്രാപിക്കുന്ന പുതിയ സംസ്ഥാനങ്ങൾ രാജ്യത്തിന്റെ ഐക്യം പുലർത്താൻവേണ്ടി ഉൽഘാടനദിവസം പ്രാർത്ഥനയുടേയും ആത്മാർപ്പണത്തിന്റേയും ദിനമായി ആചരിക്കണമെന്നാണു്. നമ്മുടെ നേതാക്കന്മാരേയും ജനങ്ങളേയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ ദൈവത്തോടു് പ്രാർത്ഥിക്കുന്നു."

# നമ്മുടെ ദാനധർമ്മം

## സംഘടിതയത്നത്തിന്റെ ആവശ്യകത

(ഡോക്ടർ പി. ജെ. തോമസ്
എം. എ. ബി. ലിററു് ഡി. ഫിൽ (ഓക്സൺ)

ജീവകാരുണ്യപരമായ പ്രവർത്തനം കേരളകത്തോലിക്കരുടെ ഇടയിൽ അടുത്തകാലത്തു് പുരോഗമിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. വിൻസെൻറു് ഡി പോൾ സംഘങ്ങൾ ഒട്ടുവളരെ ഇടവകകളിൽ നടക്കുന്നുണ്ടു്; ചിലടത്തു് പ്രശസ്തമാംവണ്ണം പ്രവർത്തിക്കുന്നുമുണ്ടു്. എന്നാൽ അഗതികൾ വളരെയുള്ള എല്ലാ ഇടവകയിലും ഈ പ്രസ്ഥാനം ശക്തിയായി നടക്കുന്നില്ല. നടക്കുന്നിടത്തുതന്നെ വലിയ വിഷമത്തിലിരിക്കുന്ന പലരേയും സഹായിക്കാൻ കഴിയുന്നില്ല. ആവശ്യങ്ങൾ അധികമുള്ള മിക്ക സ്ഥലങ്ങളിലും സഹായിക്കാനുള്ള കഴിവു കുറവായതാണു് ഇതിനു കാരണം.

എന്റെ അനുഭവത്തിൽ വന്നിട്ടുള്ള ചില സംഗതികൾ പറയാം. പരിതാപകരമായ നിലകൾ വിവരിച്ചുകൊണ്ടു് പല ദിക്കുകളിൽനിന്നും ചെറുപ്പക്കാർ ചുററിനടന്നു്, അല്പമെങ്കിലും ആർദ്രതയുണ്ടെന്നു കേട്ടിട്ടുള്ളവരെ സമീപിക്കുന്നു. വീട്ടിൽ പട്ടിണിയാണു്, അമ്മയും പെങ്ങന്മാരും വസ്ത്രമില്ലാതെ പള്ളിയിൽ പോകാൻകൂടി സാധിക്കുന്നില്ല, സ്കൂളിലെ ഫീസു കൊടുക്കായ്കയാൽ സ്കൂളിൽനിന്നു് ഇറക്കിവിട്ടു, എന്നെല്ലാം കഥകൾ പറയും. അധികാരപ്പെട്ടവരുടെ എഴുത്തു കാണണമെന്നു പറഞ്ഞാൽ, മുമ്പെങ്ങാണ്ടു് ഇടവകവികാരി എഴുതിയ പൊള്ളക്കത്തുകൾ കാണിക്കും. എല്ലാം വിശ്വസിച്ചു വല്ലതും സഹായംചെയ്യും മിക്കവരും. ഇങ്ങനെയുള്ള പല കേസുകളിലും വസ്തുത ശരിയല്ലെന്നു പിന്നെ ബോദ്ധ്യമാകയുംചെയ്യും.

ഇങ്ങനെ ചുററിനടക്കുന്നവരേക്കാൾ കൂടുതൽ കഷ്ടനിലയിലുള്ള പല കുടുംബങ്ങളും ഉണ്ടായിരിക്കും അവരുടെ സമീപത്തുതന്നെ. മിടുക്കുള്ള ഒരു ചെറുക്കനുള്ള വീട്ടിൽമാത്രം സഹായംകിട്ടിയാൽ മതിയോ? ഈ മിടുക്കനു പണം ധാരാളം കിട്ടിയാൽ പിന്നെ ഇതൊരു തൊഴിൽതന്നെയാകും അവനു്—വളരെ ആദായകരമായ തൊഴിൽ. ഇങ്ങനെ പലരും നടപ്പുണ്ടു്. അസ്സാദ്ധ്യന്മാർ ഇക്കൂട്ടരുടെ വലയിൽ പെട്ടിട്ടുമുണ്ടു്; പെടുന്നുമുണ്ടു്.

മററു വിധത്തിലുള്ള പണപ്പിരിവുകളുടെ കാര്യത്തിലും ആവശ്യംനോക്കി ദാനംചെയ്യാൻ നമുക്കു സാധിക്കുന്നില്ല. വാചാലതയും ചാതുര്യവും ഉള്ളവർ ഏതു കാര്യത്തിനിറങ്ങിയാലും പണം കിട്ടും. എന്നാൽ അനാഥക്കുട്ടികളേയും രോഗികളേയും മററും ശുശ്രൂഷിക്കുന്ന കന്യാസ്ത്രീകൾക്കും മററും ഈ ചാതുര്യം ഇല്ലാതെയാണു കാണുന്നതു്. പലപ്പോഴും അവർക്കു കിട്ടുന്ന ധനസഹായം തുച്ഛമാകാറുമുണ്ടു്. ഇതു കഷ്ടമല്ലേ? ഇതുമല്ല; പുറത്തേക്കിറങ്ങാൻ കഴിവില്ലാത്ത പടുകിഴവികളും തീരാരോഗികളും പട്ടിണികിടക്കുമ്പോൾ, വിരുതനായ ഒരു കുട്ടിയുള്ള അടുത്തവീട്ടിൽ പലടത്തുനിന്നും പണം ധാരാളം കൊണ്ടുവന്നു്, വേലചെയ്യാൻ കഴിവുള്ള സ്ത്രീപുരുഷന്മാർ സക്കാത്തിൽ സുഖമായി കഴിയാറുണ്ടു്. ഇതു ന്യായമാണോ? ജനക്ഷേമകരമാണോ?

അതിനാൽ ഒരു സ്ഥലത്തെ അവശപ്രശ്നം കഴിയുന്നതും അവിടെത്തന്നെയുള്ള ഒരു സ്ഥാപനം ഏറെറടുക്കുകയാണു വേണ്ടതു്. എന്നാലേ ആവശ്യംപോലെ അഗതികൾക്കു സഹായം കിട്ടൂ. ഈ ജോലി ഓരോ സ്ഥലത്തും വിൻസെൻറു് ഡി പോൾ സൊസൈററിതന്നെ ഏറെറടുത്തുനടത്തുന്നതായാൽ നന്നു്. ഇതു ശരിയായി നിർവ്വഹിക്കാവുന്നതരത്തിൽ അവയെ സംഘടിപ്പിക്കണം. വിവിധ റീത്തുകളിലും തൊഴിലുകളിലും പെട്ട അംഗങ്ങൾ അതിൽ ഉണ്ടാകുകയുംവേണം.

എന്നാൽ ഒരു വലിയ വിഷമമുണ്ടു്. സഹായത്തിനു് ആവശ്യക്കാർ അധികമുള്ള സ്ഥലങ്ങളിൽ ധനസഹായം ചെയ്യുവാൻ കഴിവുള്ളവർ ചുരുക്കമാണു്. പ്രകൃതിസമ്പത്തു ധാരാളമുള്ള ദിക്കുകളിൽ അവശന്മാർ കുറവാണു്. കേരളത്തിൽ ഈ ഭേദം തെളിവായി കാണാം. തീരപ്രദേശങ്ങളിലാണു് അവശന്മാരുടെ ശതമാനം അധികം; മലഞ്ചരക്കുകൃഷി മേന്മയിലിരിക്കുന്ന ഉൾനാടുകളിലാണു് ആണ്ടിനാൽ വരവു അധികമുള്ളതു്. നെല്ലും തേങ്ങയും അധികമുള്ള കീഴ്പ്രദേശങ്ങളിലും അങ്ങനെതന്നെ. ഈ നില ആലോചിക്കുമ്പോൾ ഏതെങ്കിലും വിധത്തിൽ ഒരു സ്വരുമിക്കൽ (Pooling) ആവശ്യമാണെന്നു വ്യക്തമല്ലേ? അതായതു പണമെഴിവു് അധികമുള്ളിടത്തുനിന്നും പരമാവധി പിരിച്ചു്, വിഷമത്തിൽ വലയുന്നവർ അധികമുള്ളിടത്തു വിതരണം ചെയ്യണം. ഈ വിതരണം ചില വിരുതന്മാർ ഒരുപ്രകാരത്തിൽ നടത്തുന്നുണ്ടു്; എന്നാൽ ആവശ്യക്കാർക്കല്ല അധികവും ഉതകുന്നതു്; മടിയന്മാർക്കും ധൂർത്തന്മാർക്കുമാണു്.

ഓരോ ദിക്കിലും അവിടവിടെയുള്ള അവശരെ നോക്കിയാൽമതി, പുറത്തേക്കു പണം പോകരുതു് എന്നു ചിലർ പറയാറുണ്ടു്. സഭ മിശിഹായുടെ മൗതികശരീരമാണെന്നുള്ള ഉത്തമക്രിസ്തീയതത്വത്തെ ഭഞ്ജിക്കുകയല്ലേ ഇതു്? കുടുംബത്തിന്റെ അഥവാ ഇടവകയുടെ പരിധിയിൽമാത്രം പോരാ ഈ സമീകരണം; കൂടുതൽ വിസ്തൃതമായ പരിധിയിൽ വേണം. അമേരിക്കൻ കത്തോലിക്കരിൽനിന്നു് ഇൻഡ്യയിലേക്കു ഇത്രയേറെ പാൽപ്പൊടിയും ധാന്യവും, മാത്രമല്ല പലവിധത്തിലുള്ള ധനസഹായവും വരുന്നതു് എന്തുകൊണ്ടാണു്?

അതിനാൽ എന്താണു് ഇവിടെ അവശ്യം വേണ്ടതു്? പണക്കാരിൽനിന്നും ധർമ്മവിഷയത്തിൽ പരമാവധി കിട്ടാവുന്ന ധനസഹായം ആണ്ടുതോറും, മാസംതോറും, പിരിച്ചു് സംഭരിച്ചുകൊണ്ടു്, ഓരോ ദേശങ്ങളിലേക്കും ആവശ്യമനുസരിച്ചുള്ള സംഖ്യകൾ വിതരണംചെയ്യണം. ഇതു ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്നു നോക്കുകയുംവേണം. ഇങ്ങനെ വല്ലതും ചെയ്താലേ അഗതികൾക്കു ആവശ്യമനുസരിച്ചു സഹായം കിട്ടൂ. വിക്രമന്മാരായ പിരിവുകാരെ കൂടുതൽ ഉല്പാദനകരമായ ജോലികളിലേക്കു തിരിക്കാനും ഇതാണു വഴി. ഇല്ലെങ്കിൽ തൊഴില്ലായ്മപോലെതന്നെ കുഴഞ്ഞ ഈ പിരിവുകാരുടെ പ്രശ്നവും കൊട്ടമ്പിരികൊള്ളുകയേയുള്ളൂ. പല വിഷമങ്ങൾ സഹിച്ചു് നമ്മുടെ സഭയിൽ വന്നുചേർന്നിട്ടുള്ളവരെ സഹായിക്കാനും ഇതു ഉതകും; ഇതു വളരെ അത്യാവശ്യമായ ഒരു കാര്യമാകുന്നു.

ഇപ്രകാരമുള്ള ഒരു വിതരണപദ്ധതി ആവശ്യമെന്നു തീരുമാനിക്കുന്നപക്ഷം, ഇതു നടത്താനുള്ള മാർഗ്ഗത്തെപ്പററി ആലോചിക്കണം. സെൻറു് വിൻസെൻറു് ഡി പോൾ കേന്ദ്രസംഘത്തിനു ഈ വേലകൂടി ചെയ്യുവാൻ സാധിക്കുമോ? ഇതിൽ ഏതെങ്കിലും വിഷമമുണ്ടെങ്കിൽ, അഖിലകേരളാടിസ്ഥാനത്തിലുള്ള ഒരു ധർമ്മകാര്യട്രസ്റ്റു് സ്ഥാപിക്കുകയായിരിക്കുകയില്ലേ നല്ലതു്?

അമേരിക്കർ എൻ. സി. ഡബ്ളിയു. സി. വഴി ചെയ്യുന്ന സേവനം ഇക്കാര്യത്തിൽ നമുക്കൊരു മാതൃകയായിരിക്കട്ടെ. അവർ അവിടെ മാത്രമല്ല, ലോകമൊട്ടുക്കു ധനസഹായം ചെയ്തുകൊണ്ടിരിക്കുന്നു. മുമ്പു ഇവിടെ ചില വ്യക്തികൾ അവിടെനിന്നു ധാരാളം പണം വാങ്ങിയിരുന്നു. ഇപ്പോൾ കൂടുതൽ സംഘടിതമാർഗ്ഗത്തിലാണു് ഈ പണം ഇങ്ങോട്ടു പ്രവഹിക്കുന്നതു്. ഈ മാററംതന്നെ നമ്മുടെ ഈ കേരളത്തിനകത്തു് ഇന്നു അത്യാവശ്യമായിരിക്കുന്നു.

ഇക്കാര്യത്തെപ്പററി ഒരു തീരുമാനമെടുക്കേണ്ടതു വൈദികാധികാരത്തിൽനിന്നാണു്. എന്നാൽ പ്രത്യേകപരിചയമുള്ളവർ തങ്ങളുടെ അഭിപ്രായം പത്രദ്വാരാ പ്രകടിപ്പിക്കുന്നതു നന്നായിരിക്കും. കാര്യം അടിയന്തിരമാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്.

# പുസ്തകാഭിപ്രായം

## രോഗി

(ഒരു ഖണ്ഡകാവ്യം)

(ഗ്രന്ഥകർത്താവു ഫാദർ ആൻറണി കിഴക്കൂടൻ. പരിയാരം. പക്ഷം 30. വില 7 ണ.)

നവപൂജാസ്മാരകമായി "കൈവിളക്കു്"എന്ന സുന്ദരമായ ഖണ്ഡകാവ്യത്തിനു സ്നേഹം നൽകി ദീപം കൊളുത്തിയ കൊച്ചുവൈദികൻ, ഫാദർ ആൻറണി കിഴക്കൂടൻ ഒരു വത്സരം തികയുന്നതിനുമുമ്പു് ഇതാ വേറൊരു ഖണ്ഡകാവ്യം പുറത്തിറക്കിയിരിക്കുന്നു. അവതാരകനായ പുത്തേഴത്തു രാമൻമേനോൻ ഈ ഖണ്ഡകാവ്യത്തിന്റെ ഇതിവൃത്തത്തെപ്പററി എഴുതിയിട്ടുള്ള സുന്ദരമായ വരികൾ ഇവിടെ പകർത്തുന്നതു അനുവാചകർ തീർച്ചയായും സ്വാഗതം ചെയ്യാതിരിക്കയില്ല.

"സ്വന്തമായി കൊളുത്തിയ "കൈവിളക്കും"കൊണ്ടു പള്ളിമുറിയിൽനിന്നു പുറത്തുകടന്ന സഹൃദയനും ഹൃദയാലുവുമായ റവ. ആൻറണി കിഴക്കൂടൻ ആദ്യമായി കണ്ടതു് അവശനും അശരണനുമായ ഒരു രോഗിയെയാണു്. അന്ത്യശുശ്രൂഷകളെ അർഹിക്കുന്ന ആസന്നമരണനായ ഒരു രോഗിയെ. ഹൃദയശുദ്ധിയാകുന്ന വിളക്കിൽ, സഹോദരസ്നേഹ സഹതാപമാകുന്ന എണ്ണപകർന്നു്, വിശ്വാസമാകുന്ന തിരിയിട്ടു ദൈവഭക്തിയാകുന്ന അഗ്നികൊളുത്തിയതായ ആ "മോക്ഷപ്രദീപ"ത്തിന്റെ വെളിച്ചത്തിന്റെ ചാലിൽപ്പെട്ടുപോയ "രോഗി", ആ പുരോഹിതന്റെ മനസ്സിൽ സ്വഭാവജമായ കരുണയുടെ തരംഗങ്ങളെ ഉല്പാദിപ്പിച്ചതിൽ അത്ഭുതമില്ല. സഹൃദയനും സാഹിത്യരസികനുംകൂടിയായ ആ വൈദികനിൽ അപ്പോഴുണ്ടായ വികാരങ്ങളുടേയും വിചാരങ്ങളുടേയും ഒരു വിചിത്രചിത്രമാണു കോമളമായ ഈ കൊച്ചുകവിത. മററുള്ളവർക്കു തന്നെ കാണാനും, തനിക്കു മററുള്ളവരെ കാണാനും കഴിവുണ്ടാക്കുന്ന നല്ല മിഴിവുള്ള "കൈവിളക്കു" കൈയിലുള്ളപ്പോൾ, മറെറാരുത്തൻ അദ്ദേഹത്തിന്റെ മുമ്പേ നടന്നു വഴിയൊരുക്കുകയോ, പിമ്പേ നടന്നു പുറംകാക്കുകയോ ആവശ്യമില്ലാത്തതാണു്. എങ്കിലും ....ഈ രോഗിയുടെ കാര്യത്തിൽ റവ. ആൻറണി നടത്തുന്ന അവസാനശുശ്രൂഷയിൽ മണികൊട്ടുകയോ, ധൂപക്കുററി പിടിക്കുകയോ ചെയ്വാൻ ഈയുള്ളവൻ നിയോഗിക്കപ്പെട്ടു എന്നതിൽ എനിക്കു തികച്ചും അഭിമാനവും ആഹ്ളാദവുമുണ്ടു്."

"രോഗി"യെ അവതരിപ്പിക്കുവാൻ ശ്രീ പുത്തേഴത്തു രാമൻമേനോനു് അഭിമാനമുണ്ടെങ്കിൽ അതു നിരൂപണംചെയ്യുവാൻ ഈയുള്ളവനും അഭിമാനം തോന്നുന്നുണ്ടു്. അവതാരകന്റെ അഭിപ്രായം അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "വളരെയധികം പഴക്കവും തഴക്കവുമുള്ള ഒരു സാഹിത്യകാരനല്ല, ചെറുപ്പക്കാരനും, ഇടറിയ കാൽവെപ്പുകളോടുകൂടിയവനുമെങ്കിലും വാസനാസമ്പന്നനും, പരിശ്രമശാലിയും ശുദ്ധാന്തഃകരണനുമാണു് ഈ യുവവൈദികൻ. ആളിക്കത്തുന്നില്ലെങ്കിലും പട്ടതിരികത്താത്തവിധം തൈലധാരണകൊണ്ടിരിക്കുന്ന ഒരു കാവ്യദീപമാണു നമ്മുടെ മുമ്പിൽ ഇരിക്കുന്നതു്. കൊടുങ്കാററിൽ കെട്ടേക്കാമെന്നു ഭയപ്പെടാവുന്നതുകൊണ്ടു് അതിനു വേണ്ട രക്ഷചെയ്യേണ്ടതു കൈരളീഭക്തരുടെയെല്ലാം കടമയാകുന്നു."

"രോഗി"യിൽ 119 ശ്ലോകങ്ങളാണുള്ളതു്. അവയെല്ലാം വൃത്തഭംഗം കൂടാതെ സരളതയ്ക്കു കുറവു കൂടാതെ ശുദ്ധമായ പദങ്ങൾകൊണ്ടു വാർത്തെടുത്തതാണു്. കുററിപ്പുറത്തു കേശവൻനായരുടെ ഗ്രാമീണകന്യകയിലുള്ള പല ശ്ലോകങ്ങളുടേയും താരിപ്പു് ഈ കവിതയിൽ ഞാൻ കാണുന്നുണ്ടു്. ഒന്നാംകിട കവികളുടെ കൃതികളിൽ കാണുന്ന ചില സുന്ദരതമങ്ങളായ ശ്ലോകങ്ങളുടെ നിലവാരം രോഗിയിൽ കാണുകയില്ലെങ്കിലും അവരുടെ കൃതികളിൽ കാണുന്ന രണ്ടാംതരം ശ്ലോകങ്ങളുടെ നിലവാരത്തിൽനിന്നു ഫാദർ ആൻറണിയുടെ ശ്ലോകങ്ങൾ താണുപോയിട്ടില്ല. എല്ലാ ശ്ലോകങ്ങളും ഒന്നുപോലെ സുന്ദരമാണു്; അതിനാൽ ഏതുയും മെച്ചമായ രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കുക ദുർഘടമാണു്. തന്മൂലം കീഴുദ്ധരിക്കുന്ന വരികൾപോലെ ആദ്യന്തം സരളമാണു് ഈ കവിതയെന്നു പറയുമ്പോൾ അതിശ

ആഖ്യായിക




അദ്ധ്യായം 20 (തുടർച്ച)

## "ജറുസലേം, ഉത്ഥാനംചെയ്തു പ്രശോഭിക്കുക, നിന്റെ പ്രകാശം സമാഗതമായിരിക്കുന്നു"

(വി. സി. ജോർജ്ജ് ബി എ. എൽ. ...)

ബറാബാസും "യൂദാ ബൻയാക്കോബും" തമ്മിൽ നടന്ന ആ കൂട്ടച്ചിരിസമരം കഴിഞ്ഞയുടൻതന്നെ എസ്രാ വിനോദരംഗത്തുനിന്നു് പിൻവാങ്ങി. ബറാബാസിനെ ഒരു നോക്കുകൂടി കാണേണമെന്നുണ്ടായിരുന്ന അയാളുടെ ആഗ്രഹം സാധിച്ചില്ല. പുറത്തിറങ്ങുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുവാൻ അയാൾക്കു താമസം നേരിട്ടു. തന്നിമിത്തം ബറാബാസിനെ കാണുവാനും കഴിഞ്ഞില്ല. നിർജ്ജീവമായ ഒരു കോലത്തെ ബറാബാസിനെതിരായി സമരത്തിനവതരിപ്പിച്ചതിൽ അയാളോടു ചെയ്ത അപകാരം വളരെ വൈരസ്യത്തോടുകൂടിയാണു് എസ്രാ സ്മരിച്ചതു്. ബറാബാസിനു തോന്നിയതിൽ കവിഞ്ഞ ലജ്ജ എസ്രാക്കുണ്ടായി. ക്രീഡാരംഗത്തുനിന്നു് ബറാബാസും താനും പുറത്തിറങ്ങിയെന്നു കണ്ടപ്പോൾ ആ റോമൻ മേലധികാരികൾ ശ്വസിക്കുന്നവായു ഒരു നിമിഷംപോലും ശ്വസിച്ചുകൂടെന്നുള്ള ബോധം എസ്രാക്കുണ്ടായി. വിനോദപ്രകടനങ്ങൾതന്നെ ജുഗുപ്സാവഹങ്ങളായിരുന്നു. ധർമ്മയുക്തമായ സമരത്തിൽ പരുക്കു് ഏൽക്കുകയോ ഏല്പിക്കുകയോ ചെയ്യുന്നതു്, കൊല്ലുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നതു്, പുരുഷോചിതമാണു്. പക്ഷെ, വിനോദത്തിനും നേരംപോക്കിനുമായി മനുഷ്യരെ ജീവനോടുകൂടി പറിച്ചുചീന്തുന്ന ജോലി തീർത്തും പ്രകൃതിക്കെതിരായ ഒരപരാധമായിരുന്നു. വിദനാദരംഗത്തിനടുത്തുള്ള തെരുവുകൾ പ്രധാന കമ്പോളംവരെ വിജനമായിത്തന്നെ എസ്രാ കണ്ടു. കമ്പോളത്തിലായപ്പോൾ ഏതോ അജ്ഞാത ലക്ഷ്യത്തിലേക്കാളുകളെല്ലാം പായുന്ന കാഴ്ചയാണുണ്ടായതു്. നഗരത്തിലെവിടെയോ ഒരു ചെറിയ വിപ്ലവം പൊട്ടിപ്പുറപ്പെട്ടുവെന്ന അടിസ്ഥാനരഹിതമായ ധാരണയോടുകൂടി അയാളും ആൾക്കൂട്ടത്തിന്റെ ഗതി അനുസരിച്ചു നീങ്ങി. എന്നാൽ കുറെ മുമ്പോട്ടുചെന്നു സംഗതി എന്തെന്നു ഗ്രഹിച്ചപ്പോൾ മനംമടുക്കുകതന്നെ ചെയ്തു. നസ്രത്തിൽനിന്നുള്ള ആ മനുഷ്യൻ നഗരപ്രവേശനം നടത്തിയതു പ്രമാണിച്ചു ജനക്കൂട്ടം അത്യധികം ജയോത്സാഹഭരിതരായി കണ്ടതു് എസ്രാക്കൊട്ടുംതന്നെ സുഖിച്ചില്ല. എസ്രാക്കതിന്റെ കാര്യം ലേശംപോലും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. നസ്രായനെ സദാ ബറാബാസിന്റെ ഒരു പ്രതിസ്പർദ്ധിയായി അയാൾ കരുതിയിരുന്നു. പ്രേമമസൃണമായ കാരുണ്യവും, ക്ഷമാശീലവും, സഹനവുമെല്ലാം പരിഹാസയോഗ്യവും, അഭിമാനരഹിതവും യഹൂദജനസമുദായത്തിന്റെ ലക്ഷ്യപ്രാപ്തിക്കു് ഹാനികരവുമാണെന്നും അയാൾ ധരിച്ചുവെച്ചിരുന്നു. ഒരു സ്വാതന്ത്ര്യസമ്പാദകനെന്നനിലയിൽ നസ്രായനെ ജനങ്ങൾ എന്തുകൊണ്ടു് ആത്മവിളിച്ചു കീർത്തിക്കുന്നു?

നസ്രായനെ മദ്ധ്യത്തിലാക്കിക്കൊണ്ടു് ജനസംഘം ദേവാലയക്കുന്നിലേക്കു യാത്രതിരിച്ചതു് ഉള്ളിലിരുളുമായി എസ്രാ നോക്കിക്കൊണ്ടിരുന്നു. ആ ആയിരങ്ങളുടെ ഓശാനാശബ്ദം അയാളുടെ തിക്തീകൃതമായ അന്തരംഗത്തിൽ പ്രതിധ്വനിച്ചില്ല. ഹാ! ഭോഷന്മാരുടെ സംഘം! അവരിൽ പകുതിമാത്രം തനിക്കധീനമായാൽ ഉത്തരക്ഷണത്തിൽ ജറുസലേമിലെ ജയിലുകളെല്ലാം വെട്ടിപ്പൊളിക്കുവാൻ സാധിച്ചേനെ. അവരിൽ ഏതാനും ശതങ്ങൾമാത്രം മതിയാകുമായിരുന്നു ബറാബാസിനെ സ്വതന്ത്രനാക്കാൻ. നോക്കണെ, തങ്ങളുടെ ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നുപദേശിച്ച ആ വിദ്വാന്റെ പിറകെയുള്ള ഇവരുടെ കുതിച്ചോട്ടം!

ദേവാലയത്തിലെ സേവകന്മാർ പുരോഹിതവസ്ത്രം ധരിച്ചിരുന്ന ഒരു കിഴവന്റെ നിർജ്ജീവശരീരം വഹിച്ചുകൊണ്ടുപോകുന്നതു് എസ്രാ കണ്ടു. ചുററും കാണപ്പെട്ടവരിൽനിന്നു് ആ വൃദ്ധൻ ഒന്നാംഗണത്തിൽപെട്ട പുരോഹിതൻ സെബുലോൻ ആയിരുന്നുവെന്നു് അയാൾ ഗ്രഹിച്ചു. സുദീർഘമായ ഐഹികജീവിതത്തിനു് "മിശിഹാ മുഖാഭിമുഖമായി" വിരാമമിടുവാൻ സെബുലോനു് സാധിച്ചതു് മഹാഭാഗ്യമായി എന്നു പലരും പറഞ്ഞതും അയാൾ കേട്ടു. ഈ സംസാരമൊന്നും അയാൾ ഗണ്യമാക്കിയില്ല. നസ്രായന്റെ ഘോഷയാത്രയിലെ മന്ദഗതിക്കാരായ പിന്നണിക്കാരെ വിട്ടുംവെച്ചു അയാൾ മുന്നോട്ടുനീങ്ങി. അയാൾ അറിയാതെതന്നെ പ്രൊക്കുറയിററുടെ അരമനയിലേക്കുള്ള വഴിയിൽക്കൂടി പാദങ്ങൾ ചരിച്ചു. അരമനയിലേക്കു ബറാബാസിനെ തിരിച്ചുകൊണ്ടു ചെല്ലുമെന്നുള്ള സംശയം അയാൾക്കുണ്ടായിരുന്നു.

തന്നെ പിമ്പിലാക്കി ഒരു പല്ലക്കു് മുമ്പോട്ടു് സംവഹിക്കപ്പെട്ടു. പ്രൊക്കുറയിററുടെ വാടിയ മുഖം അതിനകത്തു കണ്ടതുപോലെ ഒരു ക്ഷണനേരത്തേക്കു എസ്രാക്കു തോന്നി. മനുഷ്യജീവികളെ വന്യമൃഗങ്ങൾ പറിച്ചുചീന്തുന്നതും, വെള്ളംപോലെ തറയിൽക്കൂടി രക്തം ഒഴുകുന്നതുംകണ്ടു് സംതൃപ്തിയടഞ്ഞു ശീലിച്ച പീലാത്തോസ് അപ്പോഴും ആനന്ദിച്ചുകഴിയുകയായിരുന്നു എന്നു് താൻ ഊഹിച്ചതബദ്ധമാണെന്നു് എസ്രാ ചിന്തിച്ചു. മ്ലാനവദനനായി പല്ലക്കിൽ കയറിപ്പോയതു് പ്രൊക്കുറയിററർതന്നെ ആയിരുന്നു. ബറാബാസിനെ രംഗത്തുനിന്നു കൊണ്ടുപോയിക്കഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന ചിരിയും കോലാഹലവും തെല്ലൊന്നു ശമിച്ചു. ബറാബാസിനെ ജയോൽഘോഷങ്ങളാൽ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന ഓഫലിലെ യഹൂദദരിദ്രസംഘം പട്ടാളക്കാർ തങ്ങളെ വട്ടമിട്ടു ശിക്ഷിച്ചേക്കുമെന്നു ഭയന്നു്, പെട്ടെന്നു് നാലുപാടും തിരിഞ്ഞു വിദനാദരംഗത്തുനിന്നു നിഷ്ക്രമിച്ചു. പരിചാരകർ അടുത്തുവന്നു ചത്ത സിംഹത്തിന്റെ ശരീരം എടുത്തുമാററി. വിനോദപട്ടികയിലെ അടുത്ത ചടങ്ങു തുടങ്ങുന്നതിനുമുമ്പു് പീലാത്തോസ് ക്ലാവുദിയായുമായി സംഭാഷണത്തിൽ ഏർപ്പെട്ടു.

"എന്റെ ഈ പൊടിതമാശ ഭവതിക്കു രസിച്ചില്ലെന്നു തോന്നുന്നു. ജറുസലേം റോമായല്ലെന്നു് ഞാൻ പ്രസ്താവിക്കുന്നതിൽ ഭവതി പരിഭവിക്കുകയില്ലല്ലൊ. ഇതൊരു പ്രാദേശികപ്രകടനം മാത്രമാണെന്നെനിക്കറിയാം. എങ്കിലും ബറാബാസ് സിംഹത്തെ എതിരിടണമെന്നു ഞാൻ നിശ്ചയിച്ചതൊരുദ്ദേശത്തോടു കൂടിയായിരുന്നു. ഗൂഢാലോചനക്കാരും വിപ്ലവവാഞ്ഛരികളുമായ ഉന്നതാചാര്യവർഗ്ഗം അതു മനസ്സിലാക്കിയിട്ടുണ്ടെന്നു് ഞാൻ കരുതുന്നു."

"ഈ പ്രകടനങ്ങൾ ഇനിയും എന്തുമാത്രം ദീർഘിക്കും?" അക്ഷമതയോടുകൂടി ക്ലാവുദിയാ ചോദിച്ചു.

ആ അവസരത്തിൽ കൊട്ടാരത്തിലെ കാവൽഭടന്മാർക്കു് നായകത്വം വഹിച്ച ഒരു ശതാധിപൻ സമീപിച്ചു് കരമുയർത്തി പ്രൊക്കുറയിററരെ അഭിവാദ്യം ചെയ്തു.

"പുബ്ലിയസ്, എന്താ പ്രത്യേകകാര്യം?" പീലാത്തോസ് അനാസ്ഥഭാവത്തിൽ ചോദിച്ചു.

"സ്വാമിൻ, തെരുവുകളിൽ ബഹളം ഉണ്ടായിരിക്കുന്നു."

"ലഹളയോ? പുബ്ലിയസ്! എന്താ വായ് പിണങ്ങിയോ? തെരുവുകളിൽ ലഹളയെന്നൊ പറഞ്ഞതു്? എന്തു ലഹള?"

"ജനങ്ങൾ സംഘംസംഘമായി ദമാസ്കസ് ഗോപുരത്തിൽനിന്നു് ദേവാലയക്കുന്നിലേക്കു പോയിക്കഴിഞ്ഞു."

"എങ്ങനെയുള്ള ജനസംഘങ്ങൾ?"

"പ്രൊക്കുറയിററർ, അവർ യഹൂദന്മാരാണെന്നാണു് തോന്നുന്നതു്."

"അവർ എന്തുചെയ്യുകയാണു് സംഘംചേർന്നിട്ടു്?"

"കഴുതപ്പുറത്തു സവാരിചെയ്യുന്ന ഒരു വിദ്വാൻ അവരുടെ മദ്ധ്യത്തിലുണ്ടു്. അയാളെ അഭിസംബോധനംചെയ്തിട്ടു് അവരെല്ലാം അയാളെ വണങ്ങുകയാണെന്നു തോന്നുന്നു."

"അവർ പറയുന്നതെന്താണു്?"

"സ്വാമിൻ, എനിക്കീക്കൂട്ടരുടെ കിരാതഭാഷ അറിഞ്ഞുകൂടാ. ഏതോ ഒരു ദാവീദിന്റെ പുത്രനെ ഉദ്ദേശിച്ചു് കീർത്തനങ്ങൾ ആലപിക്കുകയാണെന്നും, യഹൂദന്മാരുടെ ഏതോ ഒരു രാജാവിനെ സ്തുതിക്കുകയാണെന്നുംമാത്രം മനസ്സിലാക്കുവാൻ കഴിഞ്ഞു."

"അവർക്കുള്ള ആയുധസാമഗ്രികൾ എന്തെല്ലാം?"

"അവർക്കെന്തെങ്കിലും ആയുധമുണ്ടെന്നു പറയുവാനില്ല. അവർ കരങ്ങളിൽ താലശാഖകളുമായി അട്ടഹസിക്കുകയും തറയിൽ പുഷ്പങ്ങൾ വിതറുകയുംചെയ്യുന്നു."

പീലാത്തോസ് പൊട്ടിച്ചിരിച്ചു.

"ഇതൊക്കെയാണോ പുബ്ലിയസ്, ബഹളം, ലഹള? ആരും ഈ ജനങ്ങൾക്കെന്തെങ്കിലും വിഘ്നം വരുത്തുവാൻ തുനിഞ്ഞില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. ദേവാലയക്കുന്നു ലക്ഷ്യമാക്കി അവർ പോകുന്നുവെന്നല്ലേ താൻ പറഞ്ഞതു്?"

"അതെ, പ്രൊക്കുറയിററർ, ഇപ്പോൾ ജനങ്ങളെല്ലാം ദേവാലയപരിസരങ്ങളിൽ എത്തിയിട്ടുണ്ടാവണം."

"വളരെ നല്ലതു്. ഈ ജാതി ബഹളങ്ങളെപ്പററി ഉന്നതാചാര്യവൃന്ദം ഗൗനിക്കട്ടെ. താലശാഖകൾ കൈയിലെടുത്തു ഗാനാലാപം നടത്തുകമാത്രം ചെയ്യുന്ന യഹൂദരുടെ കാര്യത്തിൽ നാമിടപെടേണ്ട ആവശ്യമില്ല. യഹൂദപ്പരിഷ എപ്പോഴും കൂടെ കൊണ്ടുനടക്കുന്ന അഴുക്കു് ഏൽക്കാതിരിക്കുവാൻ നാം ഒഴിഞ്ഞുമാറുകയാണു് വേണ്ടതു്. അവരിൽ ആരെങ്കിലും നമ്മുടെ ആളുകളിൽ വല്ലവരേയും ഉപദ്രവിക്കുകയുണ്ടായോ?"

"ഇല്ല, പ്രൊക്കുറയിററർ, അവർ വളരെ സമാധാനപരമായി വർത്തിക്കുന്നു."

"കൊള്ളാം. എന്നാലും നമ്മുടെ സേനാവിഭാഗങ്ങൾ അടിയന്തിരാവശ്യങ്ങൾ ഉണ്ടായാൽ അവയെ അഭിമുഖീകരിക്കത്തക്കവണ്ണം തയ്യാറായിക്കൊള്ളട്ടെ. ഈ യഹൂദരുടെ സ്വഭാവഗതിയെപ്പററി മുൻകൂട്ടി ഒന്നും പറഞ്ഞുകൂടാ. പക്ഷെ, തെരുവിലൂടെ സഞ്ചരിക്കുന്നവരെ തടയരുതു്. പൊയ്ക്കോളൂ."

"സ്വാമിൻ!" (തുടരും)

---

യോഗ്യതിയില്ല; ഏതു ശ്ലോകം തിരിഞ്ഞെടുത്താലും "രോഗി"യുടെ ആരോഗ്യനില സുവ്യക്തമാകയാൽ അശ്രദ്ധമായി രണ്ടു ശ്ലോകങ്ങൾ തിരിഞ്ഞെടുത്താണു കീഴുദ്ധരിക്കുന്നതു്:

"കനത്ത പൊന്മാലയണിഞ്ഞു മാറിൽ
കാമ്യങ്ങൾ കൈവന്നു കഴിഞ്ഞിടുന്നോർ
കണ്ടീടുമോ കഞ്ഞികുടിച്ചിടാതെ
കഷ്ടപ്പെടും സാധു കുടുംബമെങ്ങും.
....................................
തിളച്ചിടുന്നെണ്ണയിൽ നിന്നു മന്ദ-
മുയർന്നിടുന്നാവി തണുത്തതാമോ?
പ്രക്ഷുബ്ധമാം ഹൃത്തടമൊന്നിൽനിന്നു
പൊന്തുന്ന വാക്കിങ്ങനെതന്നെയല്ലീ."


ഈദൃശവരികൾ ഒരു യുവകവിക്കു ഭൂഷണംതന്നെയാണു്. കേരളവൈദികനഭോമണ്ഡലത്തിൽ ഉദിച്ചുയൎന്നുവരുന്ന പ്രോജ്ജ്വലതാരമായ ഈ കാവ്യകൃത്തിന്റെ പ്രകാശം പയോധരങ്ങളാൽ മങ്ങിമയങ്ങാതെ കാലാന്തരത്തിൽ കവിസദസ്സുകളിലും കലാലയങ്ങളിലും വീശുമെന്നു പ്രതീക്ഷിക്കാം. ഈ കൊച്ചുകവിയുടെ കാവ്യതോണി കൊടുങ്കാററിൽപ്പെടാതിരിക്കാൻ ഈയുള്ളവൻ ഭാവുകങ്ങൾ നേരുന്നു. കേരളീയസഹോദരരെ ക്ഷണിക്കുന്നു അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുവാൻ, അനുമോദിക്കുവാൻ.

(ഫാദർ തോമസ്സ് മൂത്തേടൻ എം. എ. ഡി. ഡി.)

(യൂണിയൻ പ്രസ്സ്, മരിയാപുരം P. O. ഒല്ലൂർ എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ ഈ പുസ്തകം ലഭിക്കുന്നതാണു്)

---

**Thanksgiving**




*For favours received*

Varghese K. Kalaparampath
Mala

HAVE YOU READ

**THE MORNING STAR?**

This is an English Monthly published for Sodalities of the Blessed Virgin by Father Albert Z. Muthumalai, S. J., who is now touring the Kerala region till next February.

Timely articles, practical studies and directions for real solid devotion to the Blessed Virgin.

Single copy As. 8. Annual subscription Rs. 5. Send ten annas stamps for a sample copy.

*Apply to:*
Manager: MORNING STAR,
St. Xavier's H. School,
Bombay-1.



**For favours received**

M. Kurian

## ഏജൻസി അറിയിപ്പു്

ചൊവ്വരഏജൻറു ശ്രീ എ. വേലുഗോപാലനെ 21-11-56 മുതൽ സത്യദീപത്തിന്റെ കാഞ്ഞൂർ ഏജൻറായിക്കൂടി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## വിനോദവീഥി

ലൂസിയുടെ ഭർത്താവു് ഒരു ഫോട്ടോഗ്രാഫറാണു്. അവരുടെ വിവാഹം കഴിഞ്ഞശേഷം വിവാഹത്തിന്റെ ഓരോ വാർഷികത്തിലും മാത്യു ലൂസിയുടെ ഓരോ പടമെടുത്തു സൂക്ഷിച്ചുപോന്നു. പത്താമത്തെ കൊല്ലത്തെ പടം മാത്യു ലൂസിയുടെ കൈയിൽകൊടുത്തു.

ലൂസി:- ഇതെന്തുകഷ്ടമാണു്! നിങ്ങൾക്കെന്തുപററി? നിങ്ങളെടുക്കുന്ന പടങ്ങൾ ഓരോ കൊല്ലം കഴിയുന്തോറും കൂടുതൽ കൂടുതൽ മോശമായി വരികയാണല്ലൊ. ആ ആദ്യകൊല്ലങ്ങളിലെ പടങ്ങളും ഇതും ഒന്നു ഒത്തുനോക്കൂ. രണ്ടും ഒരാളാണെന്നുതന്നെ തോന്നുകയില്ല.

മാത്യു:- അതു മനസ്സിലാക്കാൻ തന്നെയാണു് ഞാനിതെല്ലാം സൂക്ഷിക്കുന്നതു്. പത്തുകൊല്ലത്തിനു മുമ്പുള്ളത്ര സൗഷ്ടവം ഇപ്പോൾ എനിക്കില്ലാത്തതിൽ നിനക്കു അത്ഭുതം തോന്നുന്നില്ലേ......?

# ചാക്രികലേഖനങ്ങൾ കമ്മ്യൂണിസത്തിൽനിന്നു രക്ഷിക്കുന്നു

## ഒരു എം. പി. യുടെ ആത്മകഥനം

(ഫാദർ തോമസ് മുത്തേടൻ എം. എ., ഡി. ഡി.)

എഡിൻബർഗ്ഗ് നഗരത്തിലെ ഈശോസഭാവൈദികർ സജ്ജമാക്കിയ ഒരു പ്രസംഗയോഗത്തിൽ ഇംഗ്ലീഷ്പാർലമെൻറിലെ ഒരംഗമായ സർ ടോം ഓബ്രിയൻ ഒരു പ്രസംഗംചെയ്തു. ആ പ്രഭാഷണത്തിലെ ചില ശ്രദ്ധേയമായ ഭാഗങ്ങൾ ഇവിടെ പരിഭാഷപ്പെടുത്തി ചേർക്കുന്നു:-



സർ ടോം ഓബ്രിയൻ

“എനിക്ക് ഒരു കമ്മ്യൂണിസ്റ്റാകുവാൻ പലപ്പോഴും പ്രലോഭനമുണ്ടായിട്ടുണ്ട്; എന്നാൽ എന്നെ ആ അപകടത്തിൽനിന്നു വിമോചിച്ചതു സാധാരണമനുഷ്യനു് അഥവാ തൊഴിലാളികൾക്കുകൂടി തിരുസ്സഭ ഒരു സന്ദേശം നൽകുന്നുണ്ടെന്നുള്ള വസ്തുതയാണ്. വ്യവസായങ്ങളെ സംബന്ധിച്ചും തിരുസ്സഭയ്ക്കു ചില തത്വങ്ങളുണ്ട്; അവർ സാധാരണജനങ്ങളിൽനിന്ന് അകന്നല്ല നില്ക്കുന്നതു്. മരണശേഷം സർവ്വശക്തനായ ദൈവം നമ്മെ സംതൃപ്തരാക്കിക്കൊള്ളുമെന്നു പറഞ്ഞു മനുഷ്യനോടു ദാരിദ്ര്യത്തിലും ക്ലേശത്തിലും ജീവിച്ചുകൊള്ളുവാൻ തിരുസ്സഭ ഉപദേശിക്കുന്നില്ല.

“സ്വർഗ്ഗത്തിൽ പോകുന്നതിനു മുമ്പുതന്നെ മനുഷ്യൻ സുഖവും കാരുണ്യവും തേടുന്നു; തിരുസ്സഭയിൽതന്നെ അവയ്ക്കുള്ള സ്ഥാനം ഞാൻ കണ്ടു. തിരുസ്സഭ എത്ര കോളിളക്കങ്ങളും ഞെരുക്കങ്ങളും അനുഭവിച്ചിട്ടുള്ളതാണ്. അതുകൊണ്ടോ എന്തോ കാൾമാർക്സ് “ദാസ് കാപ്പിററൽ” അഥവാ “മൂലധനം”എന്ന ഗ്രന്ഥം എഴുതുന്നതിനുമുമ്പുതന്നെ തിരുസ്സഭ മുതലാളികൾക്കും തൊഴിലാളികൾക്കും ആവശ്യമായ ഒരു പരിപാടി ഉണ്ടാക്കിക്കഴിഞ്ഞിരുന്നു.

“ഈദൃശകാര്യങ്ങൾ ഞാൻ പറയേണ്ടിവരുന്നല്ലോ എന്നുള്ളതു വിസ്മയമാണ്. ഇവയെല്ലാം ദിവസംതോറും ഫാക്ടറികളിലും ഉദ്യോഗസ്ഥലങ്ങളിലും പ്രതിപാദിക്കപ്പെടാത്തതാണ് എനിക്കാശ്ചര്യം.

“എന്താ, ഫാദർ മാക്‌നാബ് ഭ്രാന്തനായിരുന്നുവോ? അദ്ദേഹം തിരുസ്സഭയിലെ ഒരു മഹാനാണ്. അദ്ദേഹം ഭ്രാന്തനായിരുന്നുവെങ്കിൽ അത്തരം ഭ്രാന്തരെയാണ് നമുക്കു വേണ്ടതെന്നു ഞാൻ പറയും. മനുഷ്യരുടെ വികാരങ്ങളേയും താല്പര്യങ്ങളേയുംപററി സംസാരിക്കുവാൻ കഴിയുന്ന ആ മനുഷ്യൻ “റേരും നൊവാരും”, “ക്വാഡ്‌റജേസിമോ ആന്നോ” എന്നീ തിരുവെഴുത്തുകളെപ്പററിയാണു പ്രസംഗിച്ചിരുന്നതു്.

“ആരെയെങ്കിലും കുററപ്പെടുത്തണമെങ്കിൽ ഞാൻ പറയും തിരുസ്സഭയെയല്ല പ്രത്യുത അൽമായരായ നമ്മളെയാണു കുററപ്പെടുത്തേണ്ടതു്. പലപ്പോഴും ചിലർ എന്നോടു ചോദിക്കാറുണ്ട്, എന്താണ് നമ്മുടെ വൈദികർ ചെയ്യുന്നതെന്നു്. നമ്മളെപ്പോലെയുള്ള അൽമേനികളോടു് ഇടപെടേണ്ടിവരുമെന്നു് അറിയുകയാണെങ്കിൽ ഞാൻ ഒരിക്കലും ഒരു വൈദികനാകുവാൻ ഉദ്ദേശിക്കയില്ല.

“കമ്മ്യൂണിസ്റ്റുകാരുടെ തീക്ഷ്ണതയും ഉത്സാഹവും അഭിനന്ദനാർഹമാണ്. മാർക്സിസ്റ്റ്തത്വസംഹിതയൊന്നുംകൂടാതെ സാമൂഹ്യനീതിയെ അടിസ്ഥാനപ്പെടുത്തിയ ഒരു പരിപാടി നമുക്കുണ്ട്; എന്നാൽ നമ്മൾ അതു പ്രയോഗിക്കുന്നില്ല. മനുഷ്യൻെറ വ്യക്തിവിലാസത്തേയും ദൈവാസ്തിക്യത്തേയും നിഷേധിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റുകാർ മുന്നേറുന്നു; എന്നാൽ നമ്മൾ പുരോഗമിക്കുന്നില്ല, നമ്മൾ പരാജയപ്പെടുന്നു. ദൈവം നമ്മുടെകൂടെ ഇല്ലാഞ്ഞിട്ടല്ല നമ്മൾ പരാജയപ്പെടുന്നതു്; നമ്മൾ പ്രയത്നിക്കുന്നില്ല. നമ്മൾ ജാഗരൂകരായി വർത്തിക്കുന്നില്ല.”

സർ ടോം ഓബ്രിയൻെറ പ്രസംഗം എന്നെ അത്യധികം ആകർഷിച്ചു. നമ്മൾക്കു് അമൂല്യതത്വങ്ങളുണ്ടെങ്കിലും നമ്മൾ അവയെ ഗൗനിക്കുന്നില്ല. വല്ലവരും വല്ലപ്പോഴും ഈ തത്വങ്ങൾതന്നെ അവരുടേതായി പ്രസ്താവിക്കുകയാണെങ്കിൽ ചിലർ അവയെ വിലമതിച്ചെന്നുവരും. വേദപുസ്തകവാക്യങ്ങളെക്കാൾ അമൂല്യങ്ങളാണ ചിലർക്കു ചില കഥാപാത്രങ്ങളുടേയും സിനിമാതാരങ്ങളുടേയും പത്രപ്രവർത്തകരുടേയും അഭിപ്രായങ്ങൾ. തിരുസ്സഭ ഉപവസിക്കുവാൻ ആവശ്യപ്പെടുമ്പോൾ അതു് അവഗണിക്കുന്നവർതന്നെ രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി വിശപ്പും ദാഹവും ഉപവാസവുംതന്നെ അനുഷ്ഠിച്ചെന്നുവരും.

ഇതാ തിരഞ്ഞെടുപ്പുവരുന്നു. പല രാഷ്ട്രീയകക്ഷികളും അവരവരുടെ മേന്മയെപ്പററി പ്രസംഗിച്ചുവെന്നുവരും. എന്നാൽ നമ്മുടെ അവകാശങ്ങൾ നന്നായി സംരക്ഷിക്കുന്നവരാരാണെന്ന പരിഗണന കൂടാതെ നമ്മുടെ ജാതിയാണ്, നമ്മുടെ സ്നേഹിതനാണ്, നമ്മുടെ ബന്ധുവാണ്, നമ്മുടെ നാട്ടുകാരനാണ് എന്നീ ചിന്തകൾക്കു പ്രാധാന്യം നൽകുന്നതു് അബദ്ധമായിരിക്കും. നിലവിലുള്ള കക്ഷികളിൽ ഏററവും നല്ലതു വിജയിക്കണമെന്നല്ലാതെ മററു പരിഗണനകൾക്കു സ്ഥാനംകൊടുത്താൽ ഫലം വിനാശകരമായിരിക്കും. ഓരോ നിയോജകമണ്ഡലക്കാരും വിചാരിക്കും നമ്മുടെ നിയോജകമണ്ഡലത്തിൽ നമ്മുടെ ചിന്താഗതിപോലെ നടക്കണമെന്നു്; അവസാനം നല്ല കക്ഷി വിജയംവരിച്ചുകൊള്ളുമെന്നു്. പല നിയോജകമണ്ഡലക്കാരും അങ്ങനെ വിചാരിച്ചാൽ ഒരു അനാഥരംഗമായിത്തീരും നമ്മുടെ നാടു്. തത്വം മുറുകെപ്പിടിക്കുക, വ്യക്തിപരമായ പരിഗണനകൾ അവഗണിക്കുക.


### തയ്യാറായി
## ലഘുനിക്ഷേപനിധി

ഇടവകകളിൽ “ലഘുനിക്ഷേപനിധി” ആരംഭിക്കുന്നതിനു് ആവശ്യമായ പാസ്സ്ബുക്കും അപേക്ഷാഫാറവും അടിച്ചു തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു് എഴുതുക:-

വില ഒന്നിനു 2 ണ.


# ദൈവശാസ്ത്രം എല്ലാവരും പഠിക്കണമോ?

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ)

ഒരുകാലത്തു സഭാചരിത്രത്തിൽ ഒരു ആശയം രൂപമെടുത്തിരുന്നു, ദൈവശാസ്ത്രം വൈദികർമാത്രം പഠിച്ചാൽ മതിയെന്നു്. അൽമേയർ ദൈവശാസ്ത്രം പഠിക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചിരുന്ന ഫ്റാൻക് ഷീഡ് ബാലനായിരുന്നപ്പോൾ ഒരു വൈദികനോടു ചോദിച്ചു, അൽമേനികൾ ദൈവശാസ്ത്രം പഠിക്കാത്തതിൻെറ ദുരന്തഫലത്തെപ്പററി. ശാന്തനായി വൈദികൻ ഇപ്രകാരം മറുപടി പറഞ്ഞു:“നിങ്ങൾ എന്തിനു ദൈവശാസ്ത്രം പഠിക്കുന്നു? നിങ്ങൾക്കു അതിനു കടമയില്ല”. അവിടെയാണ് വൈദികനു തെററുപററിയതു്. കാരണം അൽമേനികളും ദൈവശാസ്ത്രം പഠിക്കണമെന്നുള്ളതു് ഒരു അനുപേക്ഷണീയമായ കടമയാണ്. തിയോളജി ദൈവപഠനമാണ്. അതു വിശ്വാസത്തിൻെറ വിശദീകരണമാണ്. നാം എന്താണു വിശ്വസിക്കുന്നതെന്നും എന്തുകൊണ്ടാണു വിശ്വസിക്കുന്നതെന്നും ദൈവശാസ്ത്രം പഠിപ്പിക്കുന്നു. അതു നമ്മുടെ മനസ്സിൻെറ പ്രകാശവും ആത്മാവിൻെറ ഭക്ഷണവുമാണ്. മനുഷ്യനെ ദൈവശാസ്ത്രത്തിൽനിന്നും അകററി നിറുത്തുമ്പോൾ ദൈവത്തെപ്പററിയുള്ള അറിവു് സമ്പാദിക്കുന്നതിനു വൈമുഖ്യം പ്രകടിപ്പിക്കുന്നു തദ്വാരാ എല്ലാററിനെയുംപററിയുള്ള അറിവും കുറഞ്ഞുവരുന്നു.

ദൈവശാസ്ത്രപഠനം വളർന്നുകൊണ്ടിരിക്കേണ്ട ഒന്നാണ്. മിക്ക കത്തോലിക്കരും വിശ്വാസത്തിൽ ജനിച്ചതിനാൽ ദൈവശാസ്ത്രപഠനത്തിൻെറ അഭാവത്തിൽ നിപതിക്കുന്നില്ല. ജ്ഞാനസ്നാനം, പ്രഥമദിവ്യകാരുണ്യസ്വീകരണം, സ്ഥൈര്യലേപനം മുതലായവ ചെറുപ്രായത്തിൽ സ്വീകരിച്ചു. കുട്ടികളായിരുന്നപ്പോൾ നാം പ്രാർത്ഥനകൾ മനഃപാഠമാക്കി. ഞായറാഴ്ച പള്ളിയിലേക്കു ഓടി വേദപാഠംനടത്തി. ഇവയൊക്കെ എന്തിനുവേണ്ടി ചെയ്തുവെന്നു അന്നു നമുക്കു നിശ്ചയമില്ലായിരുന്നു. കുട്ടികളായിരുന്നതിനാൽ അനുസരണയ്ക്കു വിധേയരായി ഇവയൊക്കെ ചെയ്തുവെന്നേയുള്ളു. നമ്മുടെ അടുത്തു വസിക്കുന്ന പ്രോട്ടസ്റ്റൻറു ബാലൻ നമ്മോടു കുമ്പസാരത്തിൻെറ ആവശ്യകത എന്തെന്നു ചോദിക്കുന്നുവെങ്കിൽ ഉത്തരം നൽകാതെ നാം ഒഴിഞ്ഞുമാറുന്നു. കാലക്രമേണ വിവിധ ജോലികളിൽ വ്യാപൃതരാകുന്ന നമുക്കു മതപരമായ കാര്യങ്ങൾ പഠിക്കുന്നതിനു സമയമില്ലാതാകുന്നു. എല്ലാവരേയുംപററി ഇതു പറയുവാൻ പാടില്ല. എന്നാൽ മിക്കവരും ഈ ഗണത്തിൽ പെടുന്നു. “ഞാൻ ഒരു ബാലനായിരുന്നപ്പോൾ ഒരു ബാലൻചെയ്തതുപോലെ ചെയ്തു. ഇപ്പോൾ ഞാൻ ഒരു യുവാവായിരിക്കുന്നതിനാൽ ബാലിശമായിട്ടുള്ളതെല്ലാം ഞാൻ ഉപേക്ഷിച്ചിരിക്കയാണ്” എന്നു വിശുദ്ധ പൗലോസ് പറയുന്നു. മിക്ക കത്തോലിക്കരും തൊട്ടിൽപ്രായത്തിലെ വിശ്വാസത്തിൽനിന്നും ഒട്ടും വളർന്നിട്ടില്ല. അതുകാരണമാണ് ആധുനികകാലത്തു സഭയ്ക്കു മററുള്ളവരെ ആത്മീയമായി വളർത്തുന്നതിനുള്ള ഭാരം ഉണ്ടായിരിക്കുന്നതു്. കുട്ടികളായിരുന്നപ്പോൾ നമ്മുടെ വിശ്വാസം അന്ധമായിരുന്നു. പ്രായംചെല്ലുമ്പോഴത്തെ വിശ്വാസം ബുദ്ധിപൂർവ്വമായിരിക്കണം. ബുദ്ധിയുടെ പ്രകാശമാകുന്ന വിശ്വാസത്തിൽ അധിഷ്ഠിതമായ പുണ്യം; അജ്ഞതയാകുന്ന ദുഷ്ടത. ത്രിത്വത്തിൻെറ രഹസ്യം നാം സ്വീകരിച്ചാൽ പോരാ; അതു മനസ്സിലാക്കുന്നതിനു ശ്രമിക്കയും വേണം. നമ്മുടെ വിശ്വാസസത്യങ്ങൾ നിഗൂഢമാണെന്നും തദ്വാരാ മനസ്സിലാക്കാൻ സാദ്ധ്യമല്ലെന്നുമുള്ള അഭിപ്രായം തെററാണ്. അവ മനസ്സിലാക്കാവുന്ന രഹസ്യങ്ങളാണ്. ദൈവശാസ്ത്രം ദൈവവെളിപാടാണെന്നു നാം മനസ്സിലാക്കണം. ദൈവം അവിടുത്തെപ്പററി നമ്മോടു പറയുന്നതാണ് ദൈവശാസ്ത്രം. നമ്മെ സംശയഗ്രസ്തരാക്കുന്നതിനല്ലാ ദൈവം നമ്മോടു സംസാരിക്കുന്നതു്. പ്രത്യുത നമ്മെ ജ്ഞാനികളാക്കുവാൻവേണ്ടിയാണ്. അവിടുത്തെ സംഭാഷണരീതി തെളിവല്ലായിരിക്കാം. എന്നാൽ അവിടുന്നു അരുളിച്ചെയ്യുന്നതു നമ്മുടെ നന്മയ്ക്കു യോജിച്ചതായിരിക്കും. ദൈവം എല്ലായ്പോഴും ദൈവത്തെപ്പററി ശരിയായി പറയുന്നു. ദൈവശാസ്ത്രം അവിടുന്നു പറഞ്ഞതു നമ്മെ അറിയിക്കുന്നു. സാധാരണ ഒരു സംസാരമുണ്ട് — ദൈവശാസ്ത്രം സാധാരണക്കാർക്കു സുഗ്രാഹ്യമല്ലെന്നു്. അതു ശരിയല്ല. നമ്മിൽ പലരും അറിവില്ലാത്തവരാണ്. എന്നാൽ ചിലർ മാത്രമേ മായന്മാരായിട്ടുള്ളു. നമ്മുടെ ദിവ്യരക്ഷകൻ, വി. കുർബാന, ദൈവവരപ്രസാദം, മിശിഹായുടെ മൗതികശരീരം എന്നിവയുടെ സത്യങ്ങൾ സാധാരണ ജനങ്ങളെ മനസ്സിലാക്കുന്നതിനു വൈമുഖ്യം പ്രകടിപ്പിച്ചില്ല. അവരുടെ അറിവില്ലായ്മയുടെ അളവനുസരിച്ചു അവരെ പഠിപ്പിച്ചു. അതുപോലെ നമ്മുടെ അറിവില്ലായ്മയിൽനിന്നു നാമും അവ പഠിക്കണം. അതിനാൽ ദൈവശാസ്ത്രം അൽമേനികൾ എന്തിനു പഠിക്കുന്നു എന്ന ചോദ്യം ഇനിയും ഉദയം ചെയ്യരുതു്. ദൈവം നമ്മെ ക്ഷണിച്ചിരിക്കുന്നതിനാൽ നാം കടപ്പെട്ടവരായിരിക്കുന്നു. “മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു്. പിന്നെയോ ദൈവത്തിൽനിന്നും പുറപ്പെടുന്ന വാക്കുകൾ മൂലമത്രേ”. ചെറുപ്പകാലത്തു വേദപാഠക്ലാസ്സിൽനിന്നും കിട്ടിയ

(ശേഷം 8-ാംപേജിൽ)


ആനിക്കാട്ട് പുത്തൻചന്ത

## ജൌളിത്തരങ്ങൾക്കു്

പുതുകേരളപ്പുലരിയിൽ ഏവർക്കും ആവശ്യമായ പുതിയതും മനോഹരങ്ങളുമായ ജൗളിത്തരങ്ങൾ സ്റ്റോക്കു്ചെയ്തുകൊണ്ടു് “ജനതാ സ്റ്റോഴ്സ്” നിങ്ങൾക്കു സ്വാഗതമരുളുന്നു.

N. B. കല്യാണാവശ്യങ്ങൾക്കു പ്രത്യേകം.


## പെററി സെമ്മിനാരി

അടുത്ത ജൂൺമാസത്തിൽ നമ്മുടെ പെററിസെമ്മിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ, അടുത്ത ജനുവരി 31-ാംതിയ്യതിക്കകം, റവ. ഫാ. റെക്ടർ, തിരുഹൃദയ പെററി സെമ്മിനാരി, എറണാകുളം-1 എന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൻെറ പേരു്, അപ്പൻെറ പേരു്, ജനനതീയതി, ഇടവക, വീട്ടുപേരു്, പഠിക്കുന്ന വിദ്യാലയം, ഒടുവിൽ ചേന്ന പരീക്ഷയുടെ മാർക്കു് എന്നിവ അപേക്ഷയിൽ കാണിച്ചിരിക്കണം. സർവ്വകലാശാലാ ബിരുദമുള്ളവർക്കും ഫസ്റ്റ്ക്ലാസ്സിൽ പാസാകുന്നവർക്കും ഒരു ക്ലാസ്സിലും തോല്ക്കാതെ, പ്രത്യേകിച്ചു V ഫാറത്തിൽ തോല്ക്കാതെ ജയിക്കുന്നവർക്കും തെരഞ്ഞെടുപ്പിൽ മുൻഗണന നൽകുന്നതാണ്.

റെക്ടർ



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 NOVEMBER 28 || No. 16.


## ഒരു കേരളീയൻ ഗവർണ്ണറാകുന്നു



ശ്രീ എ. ജെ. ജോൺ

ഇന്ത്യയിൽ സംസ്ഥാനപുനഃസംഘടന നടപ്പിൽവരുന്ന ഈ പ്രാരംഭഘട്ടത്തിൽ അതിലൊരു ചെറിയ സംസ്ഥാനം മാത്രമായ കേരളത്തിൽനിന്നു ഒരു ഗവർണ്ണറെ തിരഞ്ഞെടുത്തു നിയമിച്ചിരിക്കുന്നു എന്നുള്ളതു് കേരളീയജനതയ്ക്കു ആകമാനം അഭിമാനിക്കാവുന്ന ഒരു വസ്തുതയാണു്. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഇന്ത്യയിലെ മറേറതു സ്റ്റേറ്റിനോടും കിടപിടിക്കത്തക്ക സ്ഥാനം കേരളത്തിനുണ്ടെങ്കിലും അതിനു ന്യായമായി ലഭിക്കേണ്ട പല അവകാശങ്ങളും പ്രായേണ അവഗണിക്കപ്പെട്ടുപോകുന്നുണ്ടു് എന്നുള്ളതു വാസ്തവമത്രെ. കേന്ദ്രത്തിൽ സ്ഥിതിഗതികളെ വേണ്ടവിധത്തിൽ പ്രതിഫലിപ്പിക്കുന്നതിനും പ്രതിധ്വനിപ്പിക്കുന്നതിനും വിദൂരസ്ഥിതമായ ഈ വിഭാഗത്തിനു കഴിയുന്നില്ല എന്നതായിരിക്കണം ഈ അവശതയ്ക്കു നിദാനം. ജനായത്ത സിദ്ധാന്തങ്ങൾക്കനുസരിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയിൽ ഇത്തരം കുറവുകൾ പടിപടിയായി പരിഹരിക്കപ്പെടുമെന്നുള്ളതു സുദൃഢമായും പ്രതീക്ഷിക്കപ്പെടാവുന്നതാണു്. മി. എ. ജെ. ജോണിൻെറ നിയമനം ഏതാദൃശമായ ഒരു കാൽവയ്പാണെന്നു നിഷ്പക്ഷബുദ്ധികളായ എല്ലാവരും സശിരഃകമ്പം സമ്മതിക്കുക തന്നെ ചെയ്യും. കറയററ സ്വഭാവശുദ്ധിയും, അവിചലിതമായ രാജ്യസ്നേഹവും, അന്യാദൃശമായ ഭരണപാടവവും ഒത്തിണങ്ങിയിട്ടുള്ള ഈ രാജ്യസേവകൻ ജാതിമതഭേദമെന്യേ എല്ലാവരുടേയും ബഹുമാനാദരവുകളെ പൊതുജീവിതത്തിൽ ആദ്യന്തം ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ളതാണു്. ഇപ്പോൾ അദ്ദേഹത്തിനു ലഭ്യമായിരിക്കുന്ന ഗവർണ്ണർപദത്തിലും ഭരണീയരുടെ സ്നേഹബഹുമാനാദരങ്ങളേയും അദ്ദേഹം ഭരിക്കുന്ന സംസ്ഥാനത്തിൻെറ ബഹുവിധ ശ്രേയസ്സുകളേയും പ്രശസ്തമായി നേടുന്നതിനു ജഗന്നിയന്താവു് അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും മംഗളങ്ങൾ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

## പരിശുദ്ധപിതാവിനു ക്രിസ്തുമസ് സമ്മാനം

അടുത്ത ക്രിസ്സ്മസ് അവസരത്തിൽ പരിശുദ്ധപിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനിക്കു സമ്മാനമായി അർപ്പിക്കുന്നതിനു ഒരു "സുകൃതമഞ്ജരി" ശേഖരിക്കുന്നതിനു് യൂ. പി സി. സംഘടന മുൻനിന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. ഈ സംഘടനയുടെ ഉദ്ദേശ്യം കമ്മ്യൂണിസ്റ്റധീന രാജ്യങ്ങളിൽ പീഡിപ്പിക്കപ്പെടുന്ന "നിശ്ശബ്ദസഭാവിഭാഗ" (Church of Silence) ത്തിനുവേണ്ടി പ്രാർത്ഥനാസമരം നടത്തുകയെന്നതാണു്. ഈ സംഘത്തിൽ അംഗമായി ചേരുന്നതിനു പ്രതിദിനം ഏതെങ്കിലും ഒരു ജപം ചൊല്ലുകയും ഏതെങ്കിലും ഒരു ത്യാഗകൃത്യം അനുഷ്ഠിക്കുകയുംമാത്രം ചെയ്താൽ മതിയാകുന്നതാണെന്നു ഈ പംക്തികളിൽ ഒന്നിലധികം പ്രാവശ്യം വിശദമാക്കിയിട്ടുള്ളതാണല്ലോ. കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ 2 ലക്ഷത്തിലധികംപേർ ഈ സംഘടനയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ടു്. ബോംബേയിലുള്ള നാഷണൽ ആപ്പീസിലേക്കെഴുതിയാൽ നിങ്ങളുടെ പേരുകളും ഈ സംഘടനയിൽ രജിസ്റ്റർചെയ്യുന്നതും അതു സംബന്ധിച്ചുള്ള ചില പ്രസിദ്ധീകരണങ്ങൾ നിങ്ങൾക്കയച്ചുതരുന്നതുമാണു്.

പരിശുദ്ധപിതാവിനു ക്രിസ്സ്മസ് അവസരത്തിലേക്കുവേണ്ടി ശേഖരിക്കുന്ന സുകൃതമഞ്ജരിയുടെ ഉദ്ദേശവും ഇന്നു കഠിനമർദ്ദനങ്ങൾക്കു വിധേയമായിരിക്കുന്ന "നിശ്ശബ്ദസഭ"യെ സഹായിക്കുന്നതിനാണു്. ഇന്നു പ്രത്യേകിച്ചും ഹങ്കറിയിൽ അതിദയനീയമായ പീഡകളാണു് വിശ്വാസികൾ മതത്തെപ്രതിയും സ്വാതന്ത്ര്യത്തെപ്രതിയും സഹിച്ചുകൊണ്ടിരിക്കുന്നതു്. പരിശുദ്ധപിതാവു് എത്ര ഉൽക്കണ്ഠയോടുകൂടിയാണു് ഈ മർദ്ദിതലക്ഷങ്ങളെ വീക്ഷിക്കുന്നതെന്നും, എത്രമാത്രം പൈതൃകാവേശത്തോടുകൂടിയാണു അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ലോകത്തെ ഉൽബോധിപ്പിക്കുന്നതെന്നും ഈയിടെ തുടരെത്തുടരെ അവിടുന്നെഴുതിയിട്ടുള്ള ചാക്രികതിരുവെഴുത്തുകൾ വിശദമാക്കുന്നുണ്ടു്. അതുകൊണ്ടു് അവിടുത്തെ പീഡിതമായ പൈതൃകഹൃദയത്തെ സമാശ്വസിപ്പിക്കുന്നതിനും നമ്മുടെ മർദ്ദിതരായ സഹോദരങ്ങളോടു നമുക്കുള്ള കർത്തവ്യത്തെ നിറവേററുന്നതിനും ഈ പ്രാർത്ഥനാസമരത്തിൽ നമുക്കു പങ്കെടുക്കാം. സുകൃതമഞ്ജരിയിൽ താഴെപ്പറയുന്ന കാര്യങ്ങളാണു സൗകര്യാർത്ഥം ഉൾപ്പെടുത്തുന്നതു്. ആവശ്യപ്പെടുന്നവർക്കു നാഷണൽ ആപ്പീസിൽനിന്നു ഫാറങ്ങൾ അയച്ചുതരും. (ഫാറങ്ങൾ വേണമെന്നു നിർബന്ധമില്ല) അവയെ പൂരിപ്പിച്ചു താഴെകൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ഡിസംബർ 20-ാംതീയതിക്കു മുമ്പുകിട്ടത്തക്കവിധത്തിൽ അയച്ചുകൊടുക്കുക. സംഘടനകളും സ്ഥാപനങ്ങളും ഇടവകകളും മററും ഒന്നിച്ചുലിസ്റ്റായി അയച്ചുകൊടുത്താൽ മതിയാകും.

സുകൃതമഞ്ജരി

(Sp. Bouquet)

കുർബാന കാണൽ.........

(Masses)

കുർബാന കൈക്കൊള്ളൽ. ...

(Holy Communion)

ജപമാല..........................

(Rosaries)

വിസീത്ത..........................

(Visits to the Bl. S)

വിയാസാക്രാ.......................

(Stations of the Cross)

മററു സൽകൃത്യങ്ങൾ..........

(Other acts)

(നിങ്ങളുടെ പേരും മേൽവിലാസവും)

......................................

......................................

അയക്കേണ്ടും മേൽവിലാസം:

THE NATIONAL OFFICE OF
U. P. C.
St. Teresa's Church
GIRGAUM, BOMBAY-4

പ്രസാധകക്കുറിപ്പു

## ഇന്ത്യയിലെ സോഷ്യലിസം സംബന്ധിച്ച ആശയഗതികൾ

സോഷ്യലിസ്റ്റ് വ്യവസ്ഥിതി സംബന്ധിച്ചു് ഇന്ത്യയിൽ ഇന്നു പ്രാബല്യത്തിലിരിക്കുന്ന ചില ആശയഗതികളെ വിശദമായി മനസ്സിലാക്കുന്നതിനു സഹായിക്കുന്ന സമ്മേളനങ്ങളാണു് ഈ ദിവസങ്ങളിൽ നടക്കുകയുണ്ടായതു്. ബോംബെയിൽവച്ചു് ഏഷ്യൻസോഷ്യലിസ്റ്റ് കോൺഫറൻസ് നടന്നു; കല്ക്കട്ടായിൽ എ. ഐ സി. സി. സമ്മേളനം നടന്നു; അഖിലേന്ത്യാ ഹിന്ദുമഹാസഭാസമ്മേളനം ജോഡ്പൂരിൽ കൂടി. ഇവയോരോന്നും ഇന്ത്യയുടെ ഭാവിസംവിധാനത്തെ ലക്ഷ്യമാക്കിയുള്ള ഓരോ സോഷ്യലിസ്റ്റ് ആശയഗതിയെ ആശ്രയിക്കുന്നവയാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് അവയുടെ ആദർശങ്ങളേയും പ്രവർത്തനപദ്ധതികളേയും എല്ലാവരും ധരിച്ചിരിക്കേണ്ടതു് ആവശ്യമാണു്.

### ജയപ്രകാശിൻെറ സോഷ്യലിസം

ഏഷ്യൻ സോഷ്യലിസ്റ്റ് കോൺഫറൻസിൽ "സാമൂഹികപരിവർത്തനത്തിലെ ആധുനികപ്രേരകശക്തികൾ" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട ഒരു സെമിനാരിൽവച്ചു് മി. ജയപ്രകാശ് നാരായൻ ഒരു സോഷ്യലിസ്റ്റ് സമൂഹത്തെ നിർവ്വചിച്ചതിപ്രകാരമാണു്:- സമൂഹത്തിൻെറ വിപുലങ്ങളായ താല്പര്യങ്ങൾക്കു ഓരോ വ്യക്തിയും അവനവൻെറ സ്വന്തമായ താല്പര്യങ്ങളെ "സ്വമേധയാ" അധീനമാക്കുന്നതിനു് സന്നദ്ധമായിരിക്കുന്ന ഒന്നാണു് സോഷ്യലിസ്റ്റ്സമുദായം എന്നു പറയുന്നതു്. ഈ നിർവ്വചനത്തിലെ മർമ്മപ്രധാനമായ പദം "സ്വമേധയാ" എന്നുള്ളതാണു്. സമുദായത്തിലെ ഓരോ വ്യക്തിയും അവനവൻെറ ആവശ്യങ്ങളും സ്വാതന്ത്ര്യവും സമസൃഷ്ടങ്ങളുടെ താല്പര്യങ്ങളെ പുലർത്തുന്നതിനുവേണ്ടി സ്വമേധയാ നിയന്ത്രിക്കുവാൻ സന്നദ്ധമായിരിക്കത്തക്കവണ്ണം വ്യക്തികളിൽ ഒരു ധാർമ്മികപരിവർത്തനം ഉണ്ടായെങ്കിൽ മാത്രമേ, സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും ഒരു യാഥാർത്ഥ്യമായിത്തീരുകയുള്ളൂ. ആചാര്യവിനോബഭാവെയും അദ്ദേഹത്തിൻെറ അനുയായിയായ ജയപ്രകാശ്നാരായനും സ്വീകരിച്ചിട്ടുള്ള ഈ ആദർശം മഹത്തായ ഒന്നാണെന്നു ആരും സമ്മതിക്കും. പക്ഷെ അതെത്രമാത്രം പ്രായോഗികമാണെന്നാണു് മനസ്സിലാക്കേണ്ടതു്. ഭൂദാനം, ധനദാനം, ശ്രമദാനം മുതലായ പ്രസ്ഥാനങ്ങളിൽ പൊതുജനങ്ങളെ സഹകരിപ്പിക്കുന്നതിനു ഏറെക്കുറെ അവർക്കു സാധിച്ചു എന്നുള്ളതു് ഒരു നേട്ടമാണു്. എന്നാൽ സമുദായത്തിലെ എല്ലാ വ്യക്തികളും അവരുടെ സ്വന്തം താല്പര്യങ്ങളെയെല്ലാം സമുദായത്തിൻെറ താല്പര്യങ്ങൾക്കു വിധേയമാക്കുന്ന ഒരു "ദാൻ"മനസ്ഥിതിയിൽ സാമൂഹ്യക്രമത്തെ കെട്ടിപ്പടുക്കുന്നതിനുള്ള ഭാവന എത്രമാത്രം യഥാർത്ഥമാകുമെന്നു കണ്ടുതന്നെ അറിയണം. മനുഷ്യസ്വഭാവത്തെ വസ്തുനിഷ്ഠമായി പഠിച്ചിട്ടുള്ളവർക്കു പറയാൻ സാധിക്കും ഈവിധ ആദർശങ്ങൾ മനുഷ്യസമുദായത്തിലെ ഒരു ചെറിയ വിഭാഗം സ്വീകരിക്കുന്നതിനു സന്നദ്ധമായിരിക്കും; പക്ഷെ, അതിലധികം എന്തെങ്കിലും പ്രതീക്ഷിക്കുന്നതു വിഫലമായിരിക്കുകയേ ഉള്ളുവെന്നു്. ഇന്ത്യയിൽ പ്രഖ്യാപിതമായിരിക്കുന്ന സോഷ്യലിസ്റ്റ്വ്യവസ്ഥിതി രാഷ്ട്രീയമായ ഇടപെടൽ കൂടാതെ ധാർമ്മികമായ പദ്ധതികൾവഴി പ്രായോഗികമാക്കുക എന്നതാണു് ജയപ്രകാശിൻെറ ലക്ഷ്യം. അതു അനുമോദനാർഹംതന്നെ. പക്ഷെ അതിൻെറ പ്രായോഗികതയെപ്പററി വിശ്വസിക്കുന്നതിനു വളരെ പ്പേരുണ്ടാകുമോ എന്നു കണ്ടറിയണം.

### എ. ഐ സി. സി. യുടെ സോഷ്യലിസം

കല്ക്കട്ടായിൽ സമ്മേളിച്ച കോൺഗ്രസ്കമ്മിററി ഇന്ത്യയുടെ സോഷ്യലിസ്റ്റു വ്യവസ്ഥിതി ഒരു ക്ഷേമരാഷ്ട്രാദർശംമൂലം സഫലമാക്കണമെന്നുള്ള അഭിപ്രായമാണു് പ്രകടമാക്കിയിട്ടുള്ളതു്. അതിൻെറ പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:- സോഷ്യലിസ്റ്റ്മാതൃക എന്നുവച്ചാൽ ആരോഗ്യവും, സുസ്ഥിതിയും,വികസിക്കുന്നതിനുള്ള സൗകര്യങ്ങളും സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും കരഗതമാകത്തക്ക ഒരു ക്ഷേമരാഷ്ട്രത്തെയാണു് അതു് വിഭാവനം ചെയ്യുന്നതു്. ഈ പദ്ധതിയെ ത്വരിപ്പിക്കുന്നതിനു പ്രസ്താവനയിൽ ചില നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. വ്യയന്യൂനീകരണം, നിക്ഷേപവർദ്ധനവു്, 35 ശതമാനമെങ്കിലും വിളവുവർദ്ധിപ്പിക്കൽ, കർഷകരുടെ ഇടയിൽ സഹകരണപദ്ധതികൾ വികസിപ്പിക്കൽ കമ്മിസാമ്പത്തികാസൂത്രണം, വ്യവസായികളും, തൊഴിലാളികളും തമ്മിൽ സമ്പർക്കം വർദ്ധിപ്പിക്കൽ, വിലക്കയററം തടഞ്ഞു ന്യായമായ നിലവാരങ്ങൾ നിലനിർത്തൽ—ചുരുക്കത്തിൽ, എല്ലാപ്രകാരത്തിലുമുള്ള ഉല്പാദനവർദ്ധനവും ആവശ്യത്തിലധികമായ ചിലവുകളെ സംബന്ധിച്ചു് അഭിലഷണീയമായ ന്യൂനീകരണവുമാണു് സാമൂഹികസംവിധാനത്തിനുവേണ്ടി എ. ഐ. സി. സി. സമർപ്പിച്ചിരിക്കുന്ന പദ്ധതി. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതിൽ കവിഞ്ഞു് പുതുതായ യാതൊരു പരിപാടിയും അതിലില്ലെന്നും, പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യത്തിൽതന്നെ അതെത്തിച്ചേരുന്നില്ലെന്നും അഭിപ്രായപ്പെടുന്നവരുമുണ്ടു്.


Thanksgiving For favours received



Excuse delay
M. C. J., Chalakudy


### ഹിന്ദുമഹാസഭയുടെ സോഷ്യലിസം

ജോഡ്പൂരിൽവച്ചു നടന്ന ഹിന്ദുമഹാസഭയുടെ 32-ാമത്തെ സമ്മേളനത്തിലും സാമൂഹികപ്രശ്നങ്ങൾ പരിഗണനാർഹമായി. പക്ഷെ അവിടത്തെ വാദഗതി ആ സംഘടനയ്ക്കു സ്വതസിദ്ധമായവിധം അന്ധമായ വർഗ്ഗീയവിഭ്രാന്തിയാൽ പ്രേരിതമായിരുന്നുവെന്നു ഊഹ്യമാണല്ലോ. സംഘടനയുടെ പ്രസിഡണ്ടു് മി. ചാറർജി നിയോഗിറിപ്പാർട്ടിന്മേൽ ചാരിമഹാസഭയുടെ മതപരിവർത്തനവിരുദ്ധനിലപാടിനെ സാധൂകരിക്കുകയും മിഷനറിമാരുടെ മതപ്രചാരണസംരംഭങ്ങൾ ദേശീയവിരുദ്ധമാണെന്നു മുദ്രയടിക്കുകയുംചെയ്തു. മഹാസഭക്കാരുടെമതസഹിഷ്ണതാരാഹിത്യത്തേയും, അന്ധമായ മുൻവിധികളേയും, കടുത്ത വർഗ്ഗീയതയേയുംപററി അറിയാവുന്നവർക്കു ഇതിൽ മെച്ചമായ ഒരു വീക്ഷണം അവരിൽനിന്നു പ്രതീക്ഷിക്കുക സാദ്ധ്യമല്ല. സമ്മേളനത്തിൻെറ സമ്പൂർണ്ണയോഗത്തിൽ ആവേശഭരിതനായി മി. സവർക്കർ പ്രസംഗിച്ചതു്, "ഒരാൾ മതം മാറുന്നതു് രാജ്യത്തിനെതിരായ ഒരു പാതകമാണു്" എന്നത്രെ. അതുകൊണ്ടു് മതംമാററത്തിനെതിരായി ഗവമ്മെൻറു് ശക്തിയായ നടപടികളെടുക്കണമെന്നും, മതം മാറിയിട്ടുള്ളവരെ തിരിച്ചെടുക്കുന്നതിനു "ശുദ്ധികർമ്മ"പ്രസ്ഥാനം ഹിന്ദുക്കൾ ഊർജ്ജസ്വലമായി നടത്തണമെന്നും അദ്ദേഹം ആഹ്വാനംചെയ്യുകയുണ്ടായി. ഹിന്ദുമഹാസഭ ഇന്ത്യയിലെ ഹിന്ദുഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന ഒരു സംഘടനയല്ലെന്നും വർഗ്ഗവിഭ്രാന്തിയാൽ അന്ധമായ ഒരു വിപ്ലവകക്ഷിയായി മാത്രമേ പൊതുജനത അവരെ കണക്കാക്കുന്നുള്ളുവെന്നും മനസ്സിലാക്കുമ്പോൾ അവരുടെ ചിത്തഭ്രമത്തെപ്പററി അനുകമ്പതോന്നുവാൻ മാത്രമേ അവകാശമുള്ളൂ. പക്ഷെ വർഗ്ഗീയചിന്തകൾ രൂഢമൂലമായിരിക്കുന്ന ഇന്ത്യയിൽ ഈദൃശ വിപ്ലവാത്മകവും സാമൂഹ്യസുസ്ഥിതിക്കും ക്ഷേമരാഷ്ട്രാശയത്തിനും കടകവിരുദ്ധവുമായ പ്രവണതകളെ ശക്തിപൂർവ്വം പ്രതിരോധിക്കേണ്ടതു് ഗവമ്മെണ്ടിൻെറ കടമയാണു്. സമുദായസൗഹാർദ്ദത്തേയും ദേശീയൈക്യത്തേയും നശിപ്പിക്കുന്ന ഹിന്ദുമഹാസഭയുടെ പ്രവർത്തനങ്ങളെപ്പററി കല്ക്കട്ടായിലെ എ. ഐ. സി. സി. സമ്മേളനം നടത്തിയിട്ടുള്ള നിശിതമായ വിമർശനങ്ങൾ ഇക്കാര്യത്തിൽ കോൺഗ്രസ് ഗവമ്മെണ്ടിനു മാർഗ്ഗദർശകങ്ങളാകാതിരിക്കുകയില്ല എന്നു വിശ്വസിക്കാം. ഹിന്ദുമഹാസഭ സാമൂഹികക്ഷേമത്തിനുവേണ്ടിയല്ല, പ്രത്യുത രാജ്യത്തെ സമുദായവിദ്വേഷത്തിലേക്കും വർഗ്ഗസമരത്തിലേക്കും വഴിതെളിക്കുവാനാണു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നു സ്പഷ്ടം.

—o—

## അടുത്തയാഴ്ചയിൽ

നവംബർ

29 വ്യാ: വി. സ്റ്റർണീനോസ്

30 വെ: വി. അന്ത്രയോസ്

ഡിസംബർ

1 ശ: വി. തെക്ലാ

2 ഞാ: ആഗമനം 1-ാംഞായർ

3 തി: വി. ഫ്റംസിസ്കോസ് സവേരിയോസ്

4 ചൊ: വി. ബാർബര

5 ബു: വി. സാബ

# വിവിധവൃത്താന്തങ്ങൾ

## വ്യാവസായികനീതി

ക്രിസ്തു രാജാവായി വാഴാത്ത വ്യവസായസംരംഭങ്ങളിൽ നീതി ഉണ്ടായിരിക്കുക സാദ്ധ്യമല്ലെന്നു്, പ്രാത്തോയിൽനിന്നു വന്ന രണ്ടായിരം തൊഴിലാളികൾക്കു മാർപ്പാപ്പാ തിരുമേനി ഒരു പ്രത്യേകസന്ദർശനമനുവദിച്ച അവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി. തൊഴിലാളികളുടെയിടയിൽ ക്രിസ്തുവിനു സ്ഥാനമില്ലാത്തപക്ഷം നീതി വ്യർത്ഥമായ ഒരു പ്രത്യാശയായി അവശേഷിക്കുകയേയുള്ളുവെന്നു തിരുമേനി പറഞ്ഞു. സ്വകാര്യസ്വത്തവകാശത്തിൻെറ നീതിവിരുദ്ധമായ ലംഘനത്തെ സഭ എതിർക്കുന്നുണ്ടെങ്കിലും, ആ അവകാശം അപരിമിതമോ പരിപൂർണ്ണമോ ആയി സഭ അംഗീകരിക്കുന്നില്ലെന്നും ആ അവകാശത്തോടു കൂടിത്തന്നെ നിഷ്കൃഷ്ടമായ ചില ചുമതലകളുമുണ്ടെന്നും ഈ ചുമതലകളെ ലംഘിക്കുന്നതു നീതിക്കും ക്രിസ്തുവിൻെറ രാജ്യത്തിനുമെതിരായി സമരംചെയ്യുകയായിരിക്കുമെന്നും തിരുമേനി ചൂണ്ടിക്കാണിച്ചു. "അനീതിപരമായ ഉടമ്പടികളിൽനിന്നു രക്ഷനേടുന്നതിനും നീതിപൂർവ്വമായ വാഗ്ദാനങ്ങളെ പാലിക്കുന്നതിനുംവേണ്ടി നിങ്ങൾ ശ്രമിക്കുമ്പോഴെല്ലാം സഭ നിങ്ങളോടുകൂടിയുണ്ടു്" എന്നു് അവിടുന്നു തൊഴിലാളികൾക്കു ഉറപ്പു നൽകി.

## യുനെസ്കോ സമ്മേളനം

നവമ്പർ 5-ാംനു- ന്യൂഡൽഹിയിൽ ആരംഭിച്ചിരിക്കുന്ന യുനെസ്കോ ജനറൽ അസംബ്ലിയുടെ 9-ാം വാർഷികസമ്മേളനം ഡിസമ്പർ 5-ാംനു- അവസാനിക്കുന്നതാണു്. ഈ സമ്മേളനത്തിലേക്കുള്ള തിരുസിംഹാസനത്തിൻെറ പ്രതിനിധിസംഘത്തിൽ യുനെസ്കോയിലെ സ്ഥിരം നിരീക്ഷകനായ മോൺ. പിറോസി, ഇൻറർനാഷനൽ കാത്തലിക് കോർഡിനേററിംഗ് സെൻററിൻെറ വൈദികോപദേഷ്ടാവായ റവ. ഫാദർ കാഗ്ഗിനർ, പ്രസ്തുതസെൻററിൻെറ ജനറൽ സിക്രട്ടറി മി. ജീൻ ലാർനോവു് എന്നിവരുൾപ്പെടുന്നു. യുനെസ്കോയുമായി കൺസൾട്ടേററീവു് സ്റ്റാററസുള്ള സംഘടനകളിൽ നാലെണ്ണം കത്തോലിക്കരുടേതാണു്. കാത്തലിക് ഇൻറർനാഷനൽ അസോസിയേഷൻ ഓഫ് റേഡിയോ ആൻറു് ടെലവിഷൻ, ഇൻറർനാഷനൽ സിക്രട്ടറിയേററു് ഓഫ് കാത്തലിക് പ്രസ്സ്, ഇൻറർനാഷനൽ ഫെഡറേഷൻ ഓഫ് ക്രിസ്ത്യൻ വർക്കേഴ്സ് മൂവ്മെൻറ്സു്, കാത്തലിക് ഇൻറർനാഷണൽ എഡ്യൂക്കേഷൻ ഓഫീസ് എന്നിവയാണു് ആ നാലു കത്തോലിക്കാ സംഘടനകൾ.

## റഷ്യൻ സന്യാസിനീസഭ

റഷ്യൻ ദേശീയരായ കന്യാസ്ത്രീകൾക്കുവേണ്ടി, കിഴക്കൻ സഭയ്ക്കുവേണ്ടിയുള്ള തിരുസംഘം ഒരു കന്യകാമഠം സജ്ജമാക്കിവരികയാണു്. റഷ്യയിൽനിന്നും അഭയാർത്ഥികളായി പോയിട്ടുള്ളവരും ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ വിവിധകന്യകാമഠങ്ങളിൽ ചേർന്നിട്ടുള്ളവരുമായ കന്യാസ്ത്രീകൾക്കുവേണ്ടിയാണു് ഈ മഠം. അവർ ഇപ്പോൾ ഉൾപ്പെട്ടിരിക്കുന്ന സന്യാസിനീസമൂഹങ്ങളിൽനിന്നു പിരിഞ്ഞു് ഈ കന്യാസ്ത്രീമഠത്തിൽ ചേരുന്നതിനുള്ള അനുവാദം അവർക്കു നൽകപ്പെട്ടിട്ടുണ്ടു്. ഈ പുതിയ സന്യാസിനീസമൂഹം, പ്രസിദ്ധമായ റഷ്യൻ കോളെജിൽ വൈദികവിദ്യാഭ്യാസം ചെയ്തുവരുന്ന "റഷ്യാ"ക്കാരോടുകൂടെ റഷ്യയുടെ മാനസാന്തരകാര്യത്തിൽ സഹകരിച്ചു പ്രവർത്തിക്കുന്നതാണു്.

## അമലോത്ഭവദേവാലയം

ഇററലിയിൽ കാസ്റ്റൽ ഗൊൺഡോൾഫോയിക്കടുത്തുള്ള പയസ് ടൽത്തു് ഇൻറർനാഷനൽ സെൻററിൽ അമലോത്ഭവമാതാവിൻെറ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ദേവാലയത്തിൻെറ വെഞ്ചരിപ്പുകർമ്മം ഈയിടെ നടന്നിരിക്കുന്നു. കൂടുതൽ മെച്ചമായ ഒരു ലോകത്തിനുവേണ്ടി പ്രയത്നിക്കുകയെന്നതാണു് ഇൻറർനാഷനൽ സെൻററിൻെറ ഉദ്ദേശ്യം. ഇതു് അടുത്ത ഡിസംബർ6-ാംനു- ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെടുന്നതാണു്. അന്നേ ദിവസം മാർപ്പാപ്പാ തിരുമനസ്സു കൊണ്ടു ലോകത്തോടായി ഒരു സന്ദേശം പ്രക്ഷേപണംചെയ്യുന്നതാണു്. കാസ്റ്റൽ ഗൊൺഡോൾഫോയിൽനിന്നു വത്തിക്കാനിലേക്കു പുറപ്പെടുന്നതിനുമുൻപു് പരിശുദ്ധ പിതാവു ഈ സെൻറർ സന്ദർശിക്കുന്നതാണു്. മെച്ചമായലോകത്തിനുവേണ്ടിയുള്ള ഈ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവു് സുപ്രസിദ്ധ ഇററാലിയൻ വൈദികനായ ഫാദർ റിക്കാർഡോ ലൊംബാർഡി എസ്. ജെ. യാണു്.

## പുതിയ സന്യാസിനീസമൂഹം

സ്പെയിനിൽ കൊർഡോബായിലെ ബിഷപ്പു റീഗഡോ തിരുമനസ്സുകൊണ്ടു് "ക്രിസ്തുവിൻെറ സേന" എന്ന പേരിൽ ഒരു പുതിയ സന്യാസിനീസമൂഹം ഏർപ്പെടുത്തിയിരിക്കുന്നു. സാമൂഹ്യസേവനം ലക്ഷ്യമാക്കിയുള്ള ഈ സന്യാസിനികൾ മഠത്തിനു പുറത്തായിരിക്കുമ്പോൾ സാധാരണ അൽമായവേഷത്തിലായിരിക്കും സഞ്ചരിക്കുക. നാലുതരം അംഗങ്ങൾ ഈ സമൂഹത്തിലുണ്ടായിരിക്കും. 1. ഒരുമിച്ചു താമസിക്കുകയും പ്രവത്തിക്കുകയും ചെയ്യുന്ന സമൂഹാംഗങ്ങൾ. 2. വ്രതവാഗ്ദാനം ചെയ്യുന്നെങ്കിലും പ്രത്യേകകാരണങ്ങളാൽ സ്വന്തം ഭവനങ്ങളിൽത്തന്നെ താമസിക്കുന്ന ബാഹ്യാംഗങ്ങൾ. 3. വ്രതവാഗ്ദാനം ചെയ്യുകയോ സമൂഹമായി ജീവിക്കുകയോ ചെയ്യാത്ത സാധാരണാംഗങ്ങൾ. 4. സമൂഹത്തിനുവേണ്ടിയും പ്രാത്ഥനയ്ക്കായും ജീവിക്കുന്ന ധ്യാനതല്പരർ. സേവനമാണു് ഇവരുടെ ലക്ഷ്യം. മഠത്തിൽ താമസിക്കുമ്പോൾ ഇവർ ഡോമിനിക്കൻ സന്യാസികളുടേതുപോലെയുള്ള വേഷമായിരിക്കും ധരിക്കുക.

## ഈശോസഭക്കാർക്കു മംഗളപത്രം

വിശുദ്ധ ഇഗ്നേഷ്യസ് ലയോളായുടെ ചരമചതുർശതാബ്ദപൂർത്തിപ്രമാണിച്ചു് തൃശ്ശിനാപ്പള്ളി മുനിസിപ്പൽ കൗൺസിൽ അവിടത്തെ സെൻറു ജോസഫ്സ് കോളെജ് റെക്ടർക്കു ഒരു മംഗളപത്രം നൽകിയിരിക്കുന്നു. ഈശോസഭയുടെ നാമത്തിൽ റെക്ടർ റവ. ഫാദർ എൽ. സി. ഫെർണാണ്ടസ് ആണു മംഗളപത്രം സ്വീകരിച്ചതു്. തമിഴ്നാട്ടിൽ വിദ്യാഭ്യാസപ്രചരണത്തിനായി ഈശോസഭക്കാർ ചെയ്തിട്ടുള്ള മഹനീയ സേവനങ്ങളെ മംഗളപത്രത്തിൽ പ്രശംസിച്ചിട്ടുണ്ടു്. ഭാരതത്തിലെ വിദ്യാഭ്യാസപാരമ്പര്യത്തിൻെറ സർവ്വപ്രധാനമായ പ്രത്യേകത ആദ്ധ്യാത്മികത്വവും ഗുരുശിഷ്യബന്ധവുമാണെന്നും, ഇതുതന്നെയാണു ജസ്വീററുവിദ്യാഭ്യാസാദർശത്തിലെ പ്രത്യേകതകളെന്നും ഫാദർ റെക്ടർ അദ്ദേഹത്തിൻെറ മറുപടിപ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി.

## കട്ടിനാൾ മിൻസെന്തി മർദ്ദനചരിത്രമെഴുതുന്നു

കമ്മ്യൂണിസ്റ്റു് ജയിലിൽനിന്നു വിമുക്തനായിരിക്കുന്ന ഹംഗറിയിലെ കട്ടിനാൾ മിൻസെന്തി തിരുമനസ്സുകൊണ്ടു്, അവിടുത്തെ അറസ്റ്റിൻെറയും ജയിൽശിക്ഷയുടെയും വിശദമായ ഒരു റിപ്പോർട്ടു തയാറാക്കിവരികയാണു്. ഈ റിപ്പോർട്ടിൻെറ പ്രസിദ്ധീകരണാവകാശം രണ്ടരലക്ഷം ഡോളർ (ഉദ്ദേശം പന്ത്രണ്ടരലക്ഷം ക.), കൊടുത്തു ഒരു അമേരിക്കൻമാസിക വാങ്ങിയിരിക്കുകയാണു്. ഹംഗറിയിലെ രഹസ്യപ്പോലീസിൽനിന്നും ശരീരത്തിലും ആത്മാവിലും താൻ മർദ്ദനം അനുഭവിച്ചുവെന്നു തിരുമേനി പ്രസ്താവിക്കുകയുണ്ടായി. ആ മർദ്ദനം അവർണ്ണ്യവും സാധാരണ മനുഷ്യരുടെ ഭാവനയെ അതിലംഘിക്കുന്നതുമാണെന്നും തിരുമേനി ചൂണ്ടിക്കാണിച്ചു. ഹംഗറിക്കാരെ കൂട്ടക്കൊല നടത്തുവാൻ ജാനോസ്കാഡറുടെ ഗവമ്മേൻറു റഷ്യാക്കാരെ അനുവദിച്ചിരിക്കുന്നുവെന്നും, സോവ്യററു ഇടപെടലിനു പറയുന്ന കാരണങ്ങൾ അയഥാർത്ഥങ്ങളും ദുർവ്വാദങ്ങളും മാത്രമാണെന്നും, ഇപ്പോഴത്തെ വിപ്ലവം യുദ്ധത്തിനു മുൻപുണ്ടായിരുന്ന വ്യവസ്ഥിതി ഏർപ്പെടുത്തുവാനായിരുന്നുവെന്നു പറയുന്നതു ശരിയല്ലെന്നും തിരുമേനി പറയുകയുണ്ടായി.

## ഷെവ. മൈക്കൽ മോറിസ്

ബീഹാർ അസംബ്ലിയിലെ ഒരംഗവും ഒരു റിട്ടയർഡു് പോലീസു സൂപ്രണ്ടുമായ ഷെവ. മൈക്കൽ മോറിസ്, കെ. സി. എസ്. ജി., എം. ബി. ഇ. എം. എൽ. എ. നിര്യാതനായിരിക്കുന്നു. ഒരു പോലീസുദ്യോഗസ്ഥനായിരുന്ന അദ്ദേഹം ഡോക്ടർ രാജേന്ദ്രപ്രസാദ് തുടങ്ങിയ കോൺഗ്രസ്നേതാക്കളുടെ സുഹൃത്തുമായിരുന്നു. റാഞ്ചി, ഹസാരിബാഗ് എന്നീ സ്ഥലങ്ങളിൽ മുനിസിപ്പൽ ചെയർമൻ എന്ന നിലയിൽ പ്രശസ്തമായ സേവനം ചെയ്യുന്നതിനു അദ്ദേഹത്തിനു സാധിച്ചു. വടക്കേഇൻഡ്യയിലെ കത്തോലിക്കാസഭയുടെ നിർഭയനായ ഒരു അവകാശസംരക്ഷകനായിരുന്നു അദ്ദേഹം. സഭയ്ക്കും സമുദായത്തിനുംചെയ്തിട്ടുള്ള സേവനങ്ങളെ അഭിനന്ദിച്ചു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ വിശുദ്ധ ഗ്രിഗറിയുടെ മാടമ്പിസ്ഥാനത്തേക്കുയത്തി.

## അഖിലേന്ത്യാ വിദ്യാഭ്യാസകോൺഫറൻസ്

മുപ്പത്തൊന്നാമത്തെ അഖിലേന്ത്യാ വിദ്യാഭ്യാസകോൺഫറൻസ് ജയ്പ്പൂരിൽവെച്ചു നടത്തപ്പെട്ടിരിക്കുന്നു. ദക്ഷിണേൻഡ്യൻ പ്രാതിനിധ്യം കുറവായിരുന്നെങ്കിലും ഉത്തരേന്ത്യയിൽനിന്നും വളരെയധികം പ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു. 32 വൈദികരും 3 സഹോദരരും 24 കന്യാസ്ത്രീകളും 45 അത്മായരുമടക്കം 104 കത്തോലിക്കർ സമ്മേളനത്തിൽ പങ്കെടുത്തു. താരതമ്യേന കത്തോലിക്കാപ്രതിനിധികൾ കൂടുതലെത്തിയിരുന്നതു പശ്ചിമബംഗാൾ, ബീഹാർ പ്രദേശങ്ങളിൽനിന്നാണു്. ബോമ്പേ സെൻറു സേവ്യേഴ്സ് കോളെജ് പ്രിൻസിപ്പൽ ഫാദർ എം ബൊലാഗർ എസ്. ജെ. ഒരു വൈസ് പ്രസിഡൻറായും ബോംബെ ചാംപ്യൺ സ്കൂളിലെ ഫാദർ ഇ. മോർ എസ്. ജെ. യൂത്തു വെൽഫെയർ വിഭാഗത്തിൻെറ സിക്രട്ടറിയായും അടുത്ത കൊല്ലത്തേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. 32-ാമത്തെ വിദ്യാഭ്യാസകോൺഫറൻസ് അടുത്തകൊല്ലം മദ്രാസിൽവെച്ചു നടത്തപ്പെടുന്നതാണു്.

## വിദേശവാർത്തകൾ

യൂഗോസ്ലാവിയായിലെ മോൺ: നട്ടിവോയി സിബാദോ എന്ന വൈദികനെ കമ്മ്യൂണിസ്റ്റധികാരികൾ അറസ്റ്റു ചെയ്തിരിക്കുന്നു. തൊഴിലാളികളുടെ രക്ഷാധികാരി വിശുദ്ധ യൗസേപ്പാണെന്നു് പ്രസംഗിച്ചുവെന്നതാണു് അദ്ദേഹത്തിൻെറ പേരിലുള്ള കുററം.

—മതമർദ്ദനത്തിനിടയിലും ബൽഗ്രേഡിലെ കത്തോലിക്കർ വിശുദ്ധ അന്തോനീസിൻെറ നാമത്തിൽ ഒരു പുതിയ ദേവാലയം സ്ഥാപിച്ചിരിക്കുന്നു.

—ലിത്വാനിയായിൽ ടെൽസിയായിലെ ഓക്സിലറി ബിഷപ്പായ മോൺ: ഫ്റാൻസിസ് റാമനൗസ്കാസിനേയും 102 ലിത്വാനിയൻ വൈദികരേയും സൈബീരിയായിലെ തടങ്കൽപ്പാളയത്തിൽനിന്നു മോചിപ്പിച്ചിരിക്കുന്നതായി റഷ്യ പ്രസ്താവിച്ചിരിക്കുന്നു. പക്ഷെ അവർ ഇനിയും നാട്ടിൽ തിരിച്ചെത്തിയിട്ടില്ല. അവർ നഴ്സിങ്ങ്ഹോമുകളിൽ വിശ്രമിക്കുകയാണെന്നു കമ്മ്യൂണിസ്റ്റു് പോലീസ് പറയുന്നു.


—റുമേനിയായിലെ കോസൻബെർഗ്ഗ്, ടാർഗ്ഗു, മുറേസ്, ടെമസ്വാർ, ക്രോൺസ്റ്റാഡ്, ബുക്കാറസ്റ്റു് മുതലായ നഗരങ്ങളിൽ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നതായും, കൂട്ടഅറസ്റ്റും നാടുകടത്തലും നടന്നുകൊണ്ടിരിക്കുന്നതായും റോയിട്ടർ റിപ്പോർട്ടുചെയ്യുന്നു.

—റഷ്യൻപട്ടാളം ബൾഗേറിയായിലും എത്തിയിരിക്കുന്നു. അവിടത്തെ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്തുകയെന്നതാണു് ലക്ഷ്യം.


—പോളണ്ടിൽനിന്നും തിരസ്കൃതനായ രാജ്യരക്ഷാമന്ത്രി മാർഷൽ കോൺസ്റ്റൻറയിൻ റക്കോസോവ്സ്കിയെ സോവ്യററു് ഡെപ്യൂട്ടി ഡിഫൻസ്മിനിസ്റ്ററായി നിയമിച്ചിരിക്കുന്നു.

—ഒരു ഉച്ചകോടി നിരായുധീകരണസമ്മേളനം ബ്രിട്ടനും ഫ്റാൻസും അമേരിക്കയും ഇൻഡ്യയും റഷ്യയുംചേർന്നു നടത്തണമെന്നു സോവ്യററുറഷ്യാ നിർദ്ദേശിച്ചിരിക്കുന്നു.

## ഹംഗറിയിലെ ചില സമരരംഗങ്ങൾ



ഹംഗറിയിലെ സ്വാതന്ത്ര്യപ്രേമികളെ അടിച്ചമത്തുന്നതിനു് എത്തിയ സോവ്യററു ടാങ്കുകൾ ബുഡാപ്പെസ്റ്റ് തെരുവീഥികളിലൂടെ പരേഡ് നടത്തുന്നു.



റഷ്യാക്കാരിൽനിന്നു പിടിച്ചെടുത്ത ഒരു റഷ്യൻ ടാങ്കിൽ ഹങ്കറിയിലെ സ്വാതന്ത്ര്യപ്രേമികൾ, തെരുവീഥികളിലൂടെ പരേഡു നടത്തുന്നു. ബുഡാപ്പെസ്റ്റിൽ വീടുതോറുമെന്നോണം റഷ്യക്കെതിരായ സമരം നടന്നുകൊണ്ടിരിക്കുന്നു.

—1933 മുതൽ 1939 വരെ ആസ്ത്രേലിയായിലെ പ്രധാനമന്ത്രിയായിരുന്ന മി. ജോസഫ് ലയൺസിന്റെ പുത്രൻ മി. കെൽവിൻ ലയൺസിനെ ടാസ്മനിയാ അസംബ്ലിയുടെ സ്പീക്കറായി തിരഞ്ഞെടുത്തിരിക്കുന്നു. മി. കെൽവിനു 33 വയസ്സേ പ്രായമുള്ളു.

—ബോംബെയിൽ തുറമുഖചാപ്ലൂനായിരുന്ന ഫാദർ തോമസ് ഹേളണ്ടിനെ ബ്രിട്ടനിലെ ലെഗാദപ്പസ്തോലിക്കാ ആർച്ചുബിഷപ്പ് ഒഹാരാ തിരുമനസ്സിലെ പ്രൈവറ്റ് സിക്രട്ടറിയായി നിയമിച്ചിരിക്കുന്നു.

—ജപ്പാനിലെ ടോക്കിയോ നഗരത്തിന്റെ സ്ഥാപനത്തിന്റെ 500-ാം വത്സരപൂർത്തി ഈയിടെ കൊണ്ടാടിയപ്പോൾ, അവിടത്തെ സിററിജയിലിലേക്കു ഒരു തീർത്ഥയാത്ര നടത്തപ്പെടുകയുണ്ടായി 16-ം 17-ം നൂററാണ്ടുകളിൽ വേദസാക്ഷിമകുടംചൂടിയ സന്യാസികളേയും ഉപദേശികളേയും വധശിക്ഷയ്ക്കു മുൻപു തടങ്കലിൽവെച്ചിരുന്നതു് ഈ ജയിലിലാണു്. ഈ തീർത്ഥയാത്രയിൽ സിവിൽ ഉദ്യോഗസ്ഥന്മാരും സംബന്ധിച്ചിരുന്നു.

—ഹംഗറിയിൽ റഷ്യാക്കാർ നടത്തുന്ന ആക്രമണങ്ങളെ പ്രതിഷേധിച്ചു് ലണ്ടനിലെ ഏതാനും വിദ്യാർത്ഥികൾ കമ്മ്യൂണിസ്റ്റുകാരുടെവക ഡെയിലിവർക്കർ പത്രമാഫീസിനു മുൻപിൽ ഒരു പ്രകടനം നടത്തിയിരിക്കുന്നു. കമ്മ്യൂണിസം നശിക്കട്ടെ, ചുവപ്പന്മാർ കെട്ടുകെട്ടുക മുതലായ മുദ്രാവാക്യങ്ങൾ അവർ വിളിച്ചുപറഞ്ഞിരുന്നു. മറെറാരു സംഘം കമ്മ്യൂണിസ്റ്റു് ഹെഡ്കാർട്ടേഴ്സ് ആക്രമിക്കുകയുണ്ടായി.

—റഷ്യയിലെ ഏകപാർട്ടിഭരണം അവസാനിപ്പിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ആയിരക്കണക്കിനു വിദ്യാർത്ഥികൾ മോസ്കോയിൽ ഒരു പ്രകടനം നടത്തിയിരിക്കുന്നു.

—16-ാം ഒളിമ്പിക്ക് മത്സരം ആസ്ത്രേലിയായിലെ മെൽബോണിൽവച്ചു എഡിൻബറോപ്രഭു നവമ്പർ 22-ാംനു ഉദ്ഘാടനം ചെയ്തിരിക്കുന്നു.

—ബ്രിട്ടീഷ് പ്രധാനമന്ത്രി ആൻറണി ഈഡൻ മൂന്നാഴ്ചത്തെ വിശ്രമാർത്ഥം ജമയ്ക്കായിലേക്കു പോയിരിക്കുന്നു.

(5-ാം പേജ് തുടർച്ച)

അറിവുകൊണ്ടു നാം തൃപ്തരാകരുതു്. എല്ലാം പൂർണ്ണമായി ഗ്രഹിക്കണം. കത്തോലിക്കാ അൽമേനികൾ ആരായിരിക്കണമെന്നുള്ളതിനെപ്പററി കാർഡിനൽ ന്യൂമാൻ ഇപ്രകാരം പ്രസ്താവിക്കുന്നു.

"I want a laity that is not arrogant, not disputatious but men who know their religion, who enter into it, who know just where they stand, who know what they hold and what they do not, who know their creed so well that they can give an account of it and who know enough of history to defend it. I want an intelligent, well instructed laity". കാർഡിനൽ ന്യൂമൻ പ്രസ്താവിച്ചതു്, ആവശ്യപ്പെട്ടതു് ഇന്നു അത്യാവശ്യമായിത്തീർന്നിരിക്കുന്നു. സുവിശേഷത്തിലെ കുരുടനായ മനുഷ്യൻ പറഞ്ഞതുപോലെ, "ഒരിക്കൽ ഞാൻ കുരുടനായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ കാണുന്നു" എന്നു് നമുക്കും നമ്മുടെ വിശ്വാസത്തെപ്പററി പറയാൻ സാധിക്കുമെങ്കിൽ മാത്രമേ ക്രിസ്ത്യൻ മിഷനറി എന്ന സംജ്ഞയ്ക്കു നാം അർഹരാകയുള്ളു.

—০—

## ഇൻഡ്യാ വാർത്തകൾ

ആന്ധ്രാ, മദ്ധ്യപ്രദേശ്, മൈസൂർ ഹൈക്കോടതികളിലേക്കു് ഓരോ അഡീഷനൽജഡ്ജിമാരെക്കൂടി നിയമിച്ചിരിക്കുന്നു.

—എസ്റ്റേററുതൊഴിലാളികൾ എല്ലാ വിഭാഗത്തിനും വർദ്ധിപ്പിച്ച ശമ്പളനിരക്കു കൊടുക്കാൻ സ്പെഷ്യൽ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽചെയ്ത തീർപ്പു് പ്രാബല്യത്തിൽ വരുത്തുന്നതിനെ സുപ്രീംകോടതി സ്റ്റേചെയ്തിരിക്കുന്നു

—ഇൻഡ്യയിൽ ഒൻപതുദിവസത്തെ സന്ദർശനത്തിനായി മുൻ ബർമ്മാപ്രധാനമന്ത്രി ഊനു ഇൻഡ്യയിലെത്തിയിരിക്കുന്നു.

—ഇന്ത്യയുടെ വിദേശനയത്തെ ലോകസഭ അംഗീകരിച്ചിരിക്കുന്നു.

—ബ്രി. കോമൺവെൽത്തുമായുള്ള ബന്ധം വേർപെടുത്തുവാൻ ഇന്ത്യ ഉദ്ദേശിക്കുന്നില്ലെന്നു പ്രധാനമന്ത്രി ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—സിവിൽനടപടി നിയമഭേദഗതിബിൽ ലോകസഭ പാസാക്കിയ രൂപത്തിൽ രാജ്യസഭയും പാസാക്കിയിരിക്കുന്നു.

—പാർലമെൻററി നിയോജകമണ്ഡലങ്ങളും അസംബ്ലിനിയോജകമണ്ഡലങ്ങളും പുനസ്സംഘടിപ്പിച്ചുകൊണ്ടുള്ള അവസാനഉത്തരവു് ഡിസമ്പർ അവസാനത്തിനു മുൻപു പാസാക്കുന്നതാണു്.

—ഹൈദ്രബാദിൽ ഷാകർനഗറിൽ ഒരു ന്യൂസ്പ്രിൻറു് ഫാക്ടറി

പ്യാരി
(REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി
ത്വക്ക് സൌന്ദര്യത്തെ
വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T. C. S

സ്ഥാപിക്കുവാൻ നാഷനൽ ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറുകോർപൊറേഷൻ തീരുമാനിച്ചിരിക്കുന്നു.

—മദ്രാസ് ഗവർണ്ണരായി നിയമിതനായിരിക്കുന്ന ശ്രീ എ. ജെ. ജോൺ ഡിസമ്പർ 10-ാം തീയതി സത്യപ്രതിജ്ഞചെയ്തു ചാർജ്ജെടുക്കുന്നതാണു്.

—ഏററവും പരിഷ്കരിച്ച രീതിയിലുള്ള ഒരു ചക്കയുടെ ഡിസൈൻ നിർമ്മിക്കുന്നയാളിനു 1 ലക്ഷം ക. സമ്മാനംനൽകാൻ ഇൻഡ്യാ ഗവമ്മെൻറു് തീരുമാനിച്ചിരിക്കുന്നു.

—പ്രധാനമന്ത്രി മി. നെഹ്റു ഡിസമ്പർ 14-ാം തീയതി അമേരിക്കയിലേക്കു പോകുന്നതും ഐക്യനാടുകളും ക്യാനഡായും സന്ദർശിച്ചശേഷം 23-ാം തീയതി അവിടെനിന്നും മടങ്ങുന്നതുമാണു്.

—സതേൺറെയിൽവേയിൽ, അരിയാലൂർ,കല്ലകം സ്റ്റേഷനുകൾക്കിടയ്ക്കു തൂത്തുക്കുടി എക്സ്പ്രസ്ട്രെയിൻ അപകടപ്പെടുകയാൽ 135 പേർ മരിക്കുകയും 70-ൽപ്പരം പേർക്കു പരുക്കേല്ക്കുകയും ചെയ്തിരിക്കുന്നു. ശക്തിയായ മഴമൂലം റെയിൽവേ പാലത്തിനു കേടു സംഭവിച്ചതാണു് അപകടത്തിനു കാരണം.

—രണ്ടാംപഞ്ചവത്സരപദ്ധതിപ്രകാരം സ്ഥാപിക്കുന്ന 6 മെഡിക്കൽകോളെജുകളിൽ ഒന്നു കേരളസ്റ്റേററിൽ സ്ഥാപിക്കുന്നതാണെന്നു ഡെപ്യൂട്ടി ആരോഗ്യമന്ത്രിണി ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—കൊച്ചിയും കല്ലൂട്ടയും തമ്മിൽ തോടുവഴി ബന്ധപ്പെടുത്തുന്ന പദ്ധതി ഉൾപ്പെടെയുള്ള ഒരു ഉൾനാടൻ ജലഗതാഗതപദ്ധതി കേന്ദ്ര വാട്ടർ ആൻറു് പവ്വർ കമ്മീഷൻ തയാറാക്കിയിരിക്കുന്നു.

## കേരളവാർത്തകൾ

ആലപ്പുഴെ ഈ സാമ്പത്തികവർഷത്തിലേക്കു് ഒരു ടെമ്പററി രണ്ടാംക്ലാസ് മജിസ്ട്രേട്ടുകോടതി ഗവമെൻറു് അനുവദിച്ചിരിക്കുന്നു.

—തെങ്ങുരോഗനിവാരണാർത്ഥം 29 താലൂക്കുകളിൽ മരുന്നുതളിക്കുന്നതിനുള്ള പദ്ധതി കായംകുളത്തുവെച്ചു് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—250 ക. വരെ ശമ്പളം വാങ്ങുന്ന എൻ. ജി. ഒ. മാരുടെ കുട്ടികൾക്കും ഗവർമെൻറു് ഫീസിളവു് അനുവദിച്ചിരിക്കുന്നു.

—സെപ്റ്റംബർമാസത്തിൽ നടത്തപ്പെട്ട തിരുക്കൊച്ചി എസ്. എസ്. എൽ. സി. പരീക്ഷയിൽ 33.48 ശതമാനംപേർ വിജയികളായിട്ടുണ്ടു്.

—കേരളഗവർണ്ണർ ശ്രീ ബി. രാമകൃഷ്ണറാവു നവമ്പർ 21-ാം തീയതി തിരുവനന്തപുരത്തു എത്തുകയും, 22-ാം തീയതി സത്യപ്രതിജ്ഞചെയ്തു ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു.

—7000 ടൺ ബർമ്മാ അരി എസ്. എസ്. ജലപംഖി എന്ന കപ്പലിൽ കൊച്ചിയിലെത്തിയിരിക്കുന്നു.

—കേരളഗവർണ്ണരുടെ അഡൈ്വസറായി മദ്രാസിലെ മുൻ ചീഫ് സിക്രട്ടറിയായിരുന്ന ശ്രീ കെ. രാമുണ്ണിമേനോൻ നിയമിതനായിരിക്കുന്നു.

—മദ്രാസ് സർവ്വകലാശാലാ ഇൻറർ കൊളീജിയേററു് ഡിബേററിൽ (മലയാളം) ഒന്നാംസ്ഥാനത്തിനു് എറണാകുളം സെൻറു് ടെറീസാസ് കോളേജ് വിദ്യാർത്ഥിനി മിസ് ടെസി അലക്സാണ്ടർ അർഹയായിരിക്കുന്നു.

—ഡിസമ്പർ 9-ാം തീയതി എറണാകുളത്തുവെച്ചു് ഒരു അഖിലകേരള കത്തോലിക്കാ കൺവെൻഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—വിഴിഞ്ഞത്തു മത്സ്യംപിടുത്തക്കാർക്കു 24 വീടുകൾ പണിചെയ്തു കൊടുക്കുന്നതിനായി 46000 ക. ഗവമ്മെൻറു അനുവദിച്ചിരിക്കുന്നു.

—ഹൈക്കോടതിയുടെ ബഞ്ചിനുവേണ്ടി തിരുവനന്തപുരത്തു നടക്കുന്ന പ്രക്ഷോഭണത്തിൽ സത്യഗ്രഹം നടത്തിയ 47 പേരേയും, നെയ്യാററിൻകരയും നെടുമങ്ങാടും കൂടി 20 പേരേയും പോലീസ് അറസ്റ്റുചെയ്യുകയും ഒരാഴ്ചത്തെ വെറുംതടവിനു ശിക്ഷിക്കുകയും ചെയ്തിരിക്കുന്നു.

—കേരളത്തിലെ ജോയിൻറു് അഡൈ്വസർഉദ്യോഗം നിർത്തലാക്കിയിരിക്കുന്നു. ജോയിൻറു് അഡൈ്വസർക്കു മൂന്നുമാസത്തെ അവധി അനുവദിച്ചിരിക്കുന്നു.

—കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, കളമശ്ശേരി എന്നിവിടങ്ങളിൽ നാലു ടെക്നോളജിക്കൽ ഇൻസ്റ്റിററ്യൂഷനുകൾ സ്ഥാപിക്കുന്നതിനും, കോഴിക്കോട്ടു് ഒരു എൻജിനീയറിംങ്ങു് കോളെജ് സ്ഥാപിക്കുന്നതിനും സതേൺ റീജനൽക്കമ്മിററി ശുപാർശ ചെയ്തിരിക്കുന്നു.

—കോഴിക്കോട്ടു് ഒരു വിമാനത്താവളം സ്ഥാപിക്കുവാൻ കേന്ദ്രഗവർമ്മെൻറു് ആലോചിച്ചുവരുന്നു.

—മദ്രാസ് സർവ്വകലാശാലാ ഇൻറർ കൊളീജിയേററു് പ്രസംഗമത്സരത്തിൽ മലയാളവിഭാഗത്തിനു് ഒന്നാംസമ്മാനം തേവരകോളെജ് വിദ്യാർത്ഥി മി. ഒ. ലൂക്കോസിനു സിദ്ധിച്ചിരിക്കുന്നു.

## ഇടവകവാർത്തകൾ

**ഇരിഞ്ഞാലക്കുട:** സ്ഥലത്തെ സെൻറു് മേരീസ് പള്ളിയിൽ തിരുഹൃദയപ്രതിഷ്ഠാപനത്തിരുനാൾ പതിവുപോലെ നവംബർ 25-ാം തീയതി ആഘോഷപൂർവ്വം കൊണ്ടാടി. ഉച്ചതിരിഞ്ഞു് 5. 15നു് റവ. ഫാദർ പോൾ അരിക്കാട്ട അവർകളുടെ പ്രസംഗത്തിനുശേഷം പരിശുദ്ധ കുർബാനയുടെ വാഴ്വും പ്രതിഷ്ഠാനവീകരണവും നടത്തുകയുണ്ടായി.

ഈ ഇടവക പോൾ എ. പൊരുത്തുക്കാരനും കാട്ടൂർ ആലപ്പാട്ട പാലത്തിങ്കൽ ഔസേപ്പു് മകൾ റീത്തയും തമ്മിലുള്ള വിവാഹം കാട്ടൂർ പള്ളിയിൽ വെച്ചു നവംബർ 19-ാംനു തിങ്കളാഴ്ച നടന്നു. റവ. ഫാദർ ജോസഫ് തളിയത്തു് അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

**കാറൂർ:** നവംബർ 18-ാംനു ഉച്ചതിരിഞ്ഞു് കൊട്ടേക്കാട്ടുപള്ളിയിൽ ആഗതനായ തൃശ്ശൂർമെത്രാൻ തിരുമേനിയെ ബ: വികാരിയും ഇടവകക്കാരും ചേർന്നു സാഘോഷം സ്വീകരിച്ചു. വി. കുർബാനയുടെ ആശീർവ്വാദത്തിനുശേഷം അഞ്ഞൂറോളം കുട്ടികൾക്കു് സ്ഥൈര്യലേപനം നൽകി. ശ്രീ ചാണ്ടി വാറു ഔസേപ്പിന്റെ കല്ലറയും തിരുമേനി വെഞ്ചരിക്കുകയുണ്ടായി.

**വ. പറൂർ:** കോട്ടയ്ക്കാവു ഫൊ. പള്ളിയിൽ പ്രവർത്തനം നടത്തിവരുന്ന ലിററിൽഫ്ളവർ, സെൻറ് അലോഷ്യസ് എന്നീ സൊഡാലിററി സംഘടനകളുടെ ആഭിമുഖ്യത്തിൽ നവം. 17-ാംനു ശനിയാഴ്ച ഇവിടെവച്ചു് സ്ഥലത്തും പരിസരപ്രദേശങ്ങളിലുമുള്ള 15-ൽ പരം പള്ളികളിലെ സൊഡാലിററി സംഘടനകൾ ചേർന്നു ഒരു കൺവെൻഷൻ നടത്തിയിരിക്കുന്നു. സൊഡാലിററിയുടെ ഇൻഡ്യൻ നാഷണൽ ഡയറക്ടർ വെരി റവ. ആൽബർട്ട്സ് മുത്തുമാല എസ്. ജെ. അവർകളാണു് പ്രസംഗിച്ചതു്. സഖ്യഡയറക്ടറന്മാർക്കും അംഗങ്ങൾക്കും പ്രത്യേകം കോൺഫറൻസുകളുണ്ടായിരുന്നു. റവ. ഫാദർ മാത്യു മങ്കുഴിക്കരി സഖ്യാംഗങ്ങളെ ഉദ്ദേശിച്ചു് ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു. പരിശുദ്ധ കുർബാനയുടെ വാഴ്വിനോടുകൂടി സമ്മേളനങ്ങൾ പര്യവസാനിച്ചു. അഞ്ഞൂറിൽപ്പരം അംഗങ്ങളും 16 വൈദികരും കൺവെൻഷനിൽ സംബന്ധിച്ചു. കോട്ടയ്ക്കാവു പള്ളിയിലെ സൊഡാലിററിക്കാരുടെ വകയായി അതിഥികൾക്കെല്ലാവർക്കും കാപ്പിസൽക്കാരമുണ്ടായിരുന്നു.

**ബാലഘാട്ട് (എം. പി)** ഇവിടെയുള്ള മലയാളത്തുകാർ ഒന്നിച്ചുചേർന്നു നാലുമാസത്തിനുമുമ്പു സമാരംഭിച്ച ഒരു സംഘടനയാണു് "ബാലഘാട്ട് കേരളസമാജം". ഏകദേശം 30 പേർ ഇപ്പോൾ ഇതിൽ അംഗങ്ങളായുണ്ടു്. അംഗങ്ങളുടെ കായികവും, സാഹിത്യപരവും, സാമ്പത്തികവും, ധാർമ്മികവുമായ ഉന്നമനത്തിനുള്ള വിവിധ പരിപാടികൾ സമാജം മുൻനിന്നു നടത്തിപ്പോരികയാണു്. പൊതുജനങ്ങളുടെ ഉള്ളഴിഞ്ഞ സഹകരണം സമാജശിശുവിനു നിർല്ലോഭം കിട്ടിക്കൊണ്ടിരിക്കുന്നുവെന്നു സസന്തോഷം ഞങ്ങൾ രേഖപ്പെടുത്തുന്നു. ഫണ്ടു രൂപവൽക്കരണം, ഹിന്ദിക്ലാസ് മുതലായ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നാനാജാതിമതസ്ഥർ ഏകമനസ്സോടെ സമാജത്തിൽ പ്രവർത്തിച്ചുപോരുന്നു. ജാതിമതഭേദചിന്തകൾക്കതീതമായി, സാഹോദര്യത്തിലും സമഭാവനയിലും സാധുജനസംരക്ഷണം മുതലായ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നതു് ഈ സമാജത്തിന്റെ ആദർശങ്ങളിലൊന്നാണു്.

**തത്തംപള്ളി:** സ്ഥലം എച്ച്. എം. സി. എ. മന്ദിരത്തിൽ വെച്ചു് ഒക്ടോബർ മാസം മുഴുവനും രാത്രി 8 മണിക്കു് കൊന്തനമസ്കാരം നടത്തുകയും അവസാനദിവസം ലദീഞ്ഞു്, പ്രസംഗം ആദിയായവയോടുകൂടി പരിപാടി അവസാനിപ്പിക്കുകയും ചെയ്തു.

സമാജം വായനശാല ഇപ്പോൾ കൂടുതൽ പത്രമാസികകളോടുകൂടി വിപുലമായ നിലയിൽ നടത്തിവരുകയും ചെയ്യുന്നുണ്ടു്.

**ചേലക്കര:** തൃശ്ശൂർ രൂപതയിലെ ചേലക്കരയിൽ മരിയാസൈന്യത്തിന്റെ ഒരു ശാഖ നനംബർ 4-ാംനു ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ബ്രദർ എ. രത്നസ്വാമി അവർകളുടെ അദ്ധ്യക്ഷതയിലും റവ. ഫാദർ ആൻറണി തച്ചുപറമ്പിൽ അവർകളുടെ സാന്നിദ്ധ്യത്തിലും സ്ഥലം ലിററിൽ ഫ്ളവർ കോൺവെൻറു് ഹൈസ്കൂളിൽ കൂടിയ യോഗത്തിൽ വെച്ചാണു് പ്രസ്തുതകർമ്മം മംഗളമായി നിർവ്വഹിക്കപ്പെട്ടതു്.

## ചരമവാർത്തകൾ

**ഇരുമ്പനം** സ്ഥലത്തെ ചെമ്പോത്തനായിൽ ശ്രീ പീലിപ്പോസ് ചാക്കോ 33-ാമത്തെ വയസ്സിൽ നവംബർ 20-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേറദിവസം വിവിധജാതിമതസ്ഥരായ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും റവ. ഫാ. ജോർജ് പാറയ്ക്കൽ അവർകളുടെ കാർമ്മികത്വത്തിലും മേവെള്ളൂർ പള്ളിസിമിത്തേരിയിൽ യഥാവിധി നിർവ്വഹിച്ചു.

**മൈലപ്രാ:** ഈ ഇടവക മണിപ്പാറമ്പിൽ ശ്രീ സി. ജി. തോമസ് നവംബർ 17-ാം തീയതി രാവിലെ 9-30നു് ചരമം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം വൈകിട്ടു 5 മണിയോടുകൂടി റവ. ഫാ എ. ജി. ഏബ്രാഹാം അവർകളുടെ പ്രധാനകാർമ്മികത്വത്തിലും, റവ. ഫാ. തോമസ് കരിയിൽ അവർകളുടെയും ഒരു വമ്പിച്ച ജനാവലിയുടെയും സാന്നിദ്ധ്യത്തിലും മൈലപ്രാ കത്തോലിക്കാ പള്ളി സിമിത്തേരിയിൽ യഥാവിധി നിർവഹിക്കപ്പെട്ടു. റവ. ഫാ. ഏ ജി. എബ്രാഹാം അവർകൾ ചരമപ്രസംഗം നടത്തി. പരേതൻ പള്ളി ട്രസ്റ്റിയായും മററും അനേകനാൾ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാളാണു്.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി 18-ാംനു ഞായറാഴ്ച വൈകിട്ടു് മൈലപ്രാ സി. വൈ. എം. എ. യുടെ ഒരു യോഗം മി. എം. എം. സ്കറിയായുടെ അദ്ധ്യക്ഷതയിൽകൂടി. മി. ജോർജ് തോമസ് കോഴിമല അനുശോചനപ്രമേയം അവതരിപ്പിക്കുകയും അംഗങ്ങൾ എഴുന്നേററുനിന്നു് അതു പാസ്സാക്കുകയും ചെയ്തു.

**ചേപ്പാട്:** ഈ ഇടവക വക്കേപറമ്പിലായ ഇളപ്പാനിയേൽ പരേതനായ ശ്രീ കുര്യാക്കോയുടെ ഭാര്യ ശ്രീമതി ഏലിയാമ്മ 68-ാമത്തെ വയസ്സിൽ നവംബർ 16-ാം തീയതി പകൽ നാലുമണിക്കു് നിര്യാതയായി. ശവസംസ്കാരം പിറേറദിവസം റവ. ഫാ. ജോസഫ് കിഴക്കേപുരം, റവ. ഫാ. തോമസ് നിലംപേരിൽ എന്നീ ബ. വൈദികരുടേയും ബന്ധുമിത്രാദികളടങ്ങിയ ഒരു വലിയ ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിൽ സ്ഥലം പള്ളിസിമിത്തേരിയിൽ നടന്നു.

R. I. P.

# അകത്തോലിക്കരോട് ഒരു വാക്കുകൂടെ

(ഏ. പീലിപ്പോസ് ബി. ഏ. ബി. എൽ., റിട്ടയർഡ് ജഡ്ജി)

19-ാം ശതാബ്ദത്തിൽ പ്രഖ്യാപിക്കപ്പെട്ട "ദൈവമാതാവിൻെറ അമലോത്ഭവവും", "മാർപ്പാപ്പായുടെ അപ്രമാദിത്വവു"മാകുന്ന രണ്ടു വിശ്വാസസത്യങ്ങളാണല്ലോ, കത്തോലിക്കാസഭ പുതിയ വിശ്വാസങ്ങൾ പ്രഖ്യാപിക്കുന്നുവെന്നു പറഞ്ഞ്, ആ സഭയോടു പുനരൈക്യപ്പെടുന്നതിനു രണ്ടു വിലങ്ങുതടികളെന്നു നിങ്ങൾ കാണുകയും പറകയും ചെയ്യുന്നതു്. സഭയുടെ പരമാധികാരി വിശ്വാസവും സന്മാർഗ്ഗവും പഠിപ്പിക്കുന്നതിൽ തെററിപ്പോയാൽ സഭ മുഴുവൻ തെററിപ്പോകുമെന്നും സ്വർഗ്ഗത്തിൽനിന്നു ക്രിസ്തു കൊണ്ടുവന്നു പഠിപ്പിച്ച ഉപദേശങ്ങൾ നശിച്ചുപോകുമെന്നും ഇങ്ങനെ ആ ഉപദേശത്തിൻെറ അസാന്നിദ്ധ്യത്തിൽ ക്രിസ്തുമതം തന്നെ ലോകത്തിൽനിന്നു മായപ്പെടുമെന്നും സുബുദ്ധിയുള്ള ഏവനും അറിയാവുന്നതാണ്. അതിനാലാണ് "ഒന്നുകിൽ ഒരു മനുഷ്യൻ ഒരു നാസ്തികനായിരിക്കണം, അല്ലെങ്കിൽ അവൻ ഒരു കത്തോലിക്കനായിരിക്കണമെന്നും അല്ലാതെ മൂന്നാമതൊരു നിലയില്ലെന്നും" ലോകത്തിൽ ഉണ്ടായിട്ടുള്ള അഗാധബുദ്ധിമാന്മാരിൽ ഒരാളായ കാർഡിനൽ ന്യൂമൻ പറയുന്നതു്.

അതുപോലെ, ദൈവപുത്രൻ മനുഷ്യാവതാരം ചെയ്യാൻ നിശ്ചയിച്ചപ്പോൾ, പാപരഹിതമായ ഒരു ഗർഭപാത്രം തനിക്കായി തിരഞ്ഞെടുക്കാൻവേണ്ടി പ: കന്യാസ്ത്രീയമ്മ, അവളുടെ അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവായ വിനാഴികയിൽതന്നെ, പാപം തന്നെ തൊടുകയോ സ്പർശിക്കുകയോ ചെയ്യാതെ, പാപത്തിൽനിന്നു ഒഴിക്കപ്പെട്ട് പാപരഹിതയാക്കി അവളെ ദൈവം സൃഷ്ടിച്ചു. ക്രിസ്തുവിൻെറ അതിരില്ലാത്ത ദൈവികശക്തിയിൽ വിശ്വസിക്കുന്ന ഏവനേയും ഈ സത്യം ഹഠാദാകർഷിക്കുന്നതാണ്.

ദൈവം ഒരു പുതിയ അത്ഭുതത്താൽ ഈ രണ്ടു സത്യത്തിലും വിശ്വസിക്കുന്നതിനു നിങ്ങൾക്കു ഒരു സുവർണ്ണാവസരം തന്നിരിക്കുന്നു. മുകളിൽ രണ്ടാമതുപറഞ്ഞ വിശ്വാസസത്യം (അമലോത്ഭവം) മാർപ്പാപ്പാസ്ഥാനം ഏറ്റെടുത്ത തൻെറ സ്വന്ത നൽവരത്താൽ 1854 ലും ആദ്യം പറഞ്ഞ സത്യം (അപ്രമാദിത്വം) വത്തിക്കാൻ സൂനഹദോസിൽവച്ച് 1870-ലും പ്രഖ്യാപനംചെയ്തതു ഒരു മാർപ്പാപ്പാതന്നെ, അതായതു് പീയൂസ് 9-ാമനാകുന്നു. അദ്ദേഹം 1846 മുതൽ 1878 വരെ 32 വർഷം മാർപ്പാപ്പായായിരുന്നു. അദ്ദേഹത്തെ പുണ്യവാനെന്നു നാമകരണം ചെയ്യുന്നതിനുള്ള ചടങ്ങിൽ, രണ്ടുമൂന്നാഴ്ചകൾക്കു മുമ്പ് അദ്ദേഹത്തിൻെറ ഭൗതികതിരുശേഷിപ്പെടുക്കുന്നതിനായി അദ്ദേഹത്തിൻെറ ശവകുടീരം കുഴിച്ചു. അത്ഭുതമേ! മാർപ്പാപ്പാസ്ഥാനത്തു തിരുവസ്ത്രങ്ങളോടും, മുടി, മോതിരം, കുരിശു മുതലായ സ്വർണ്ണസ്ഥാനചിഹ്നങ്ങളോടുംകൂടി, അദ്ദേഹത്തിൻെറ അഴുകാത്ത ശരീരം കണ്ടെത്തിയിരിക്കുന്നു. പല കാർഡിനൽമാരും മററും ഈ സമയം സന്നിഹിതരായിരുന്നു. എല്ലാവരും അത്ഭുതപാരവശ്യംനിറഞ്ഞു് ദൈവത്തെ സ്തുതിച്ചു. ഈ രണ്ടു സത്യങ്ങളും പ്രഖ്യാപനം ചെയ്ത മാർപ്പാപ്പായുടെ തിരുശരീരത്തെ ഈ വിധത്തിൽ ശരീരത്തിനും വസ്ത്രങ്ങൾക്കും നാശംകൂടാതെ ദൈവം സൂക്ഷിച്ചതു് അവിശ്വാസികളായ നിങ്ങളുടെ കണ്ണുകളെ തുറക്കുന്നതിനു് ഒരവസരംകൂടെ തരാൻവേണ്ടിയാകുന്നു. തൻെറ ദൈവത്വത്തെ അവിശ്വസിച്ച യഹൂദന്മാരെ വിശ്വസിപ്പിക്കാൻവേണ്ടി, ക്രിസ്തു ലാസറസിനെ മരിച്ച 4-ാംദിവസം കല്ലറയിൽനിന്നു ഉയിർപ്പിച്ച് തൻെറ ദൈവത്വത്തെ വെളിപ്പെടുത്തിയപ്പോൾ ആ അത്ഭുതംമൂലമെങ്കിലും അവർ വിശ്വസിക്കുന്നതിനുപകരം, അവർ ചോദിച്ചതു് ഇങ്ങനെയാണ്: "പിറവിക്കുരുടൻെറ കണ്ണുതുറന്ന ഇവൻ ലാസറസ്സിനെ മരിപ്പിക്കാതിരിക്കുതായിരുന്നോ?" യഹൂദന്മാരുടെ അവിശ്വാസമാകുന്ന ഈ കഠിനപാപം നിങ്ങളും ചെയ്യാതിരിക്കാൻവേണ്ടിയും, 78 വർഷം മുമ്പു മരിച്ച ഈ പരിശുദ്ധപിതാവ്, ഈ രണ്ടു സത്യങ്ങളും പ്രഖ്യാപനംചെയ്തതു സത്യമാണെന്നു നിങ്ങൾ അറിയാൻവേണ്ടിയുമാണ് ദൈവം അദ്ദേഹത്തിൻെറ ശരീരത്തെ അഴുകാതെ സൂക്ഷിച്ചതെന്നോർത്തു് ഈ രണ്ടു സത്യങ്ങളും നിങ്ങളും വിശ്വസിച്ച് തിരുസ്സഭയോടു വേഗത്തിൽ പുനരൈക്യപ്പെടണമെന്നു ഒരു വാക്കുകൂടെ ഞാൻ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ. സത്യം കാണാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. അതിനായി നിങ്ങൾ പ്രാർത്ഥിച്ചാൽ ദൈവം സത്യവാനായതുകൊണ്ടു് നിങ്ങളെ വഴിനടത്തും.

ആദ്ധ്യാത്മികവീഥി

# ക്രിസ്തീയജീവിതവും പരിത്യാഗവും

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ വിവരിച്ച സംഭവത്തെക്കുറിച്ച് പറഞ്ഞശേഷം ഫാദർ മുത്തുമാല എസ്. ജെ. നാം അവശ്യം അറിഞ്ഞിരിക്കേണ്ട ഒരു കാര്യം ഉദ്ബോധിപ്പിക്കുന്നുണ്ടു്. ഓരോരുത്തനും ഭരമേററിരിക്കുന്ന ജോലി ആത്മാർത്ഥതയോടുകൂടി ബുദ്ധിമുട്ടി നിർവ്വഹിക്കുകയെന്നുള്ളതു ഉത്തമക്രിസ്തീയജീവിതത്തിനു് അത്യന്താപേക്ഷിതമാണെന്നാണ് അദ്ദേഹം പറയുന്നതു്. കാരണം വി. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ നാം ഭക്ഷിക്കുകയോ പാനംചെയ്യുകയോ മറെറന്തെങ്കിലും ചെയ്തിരുന്നാൽ അവയെല്ലാം ദൈവസ്തുതിക്കായിട്ടാണു ചെയ്യേണ്ടതു്. ദൈവത്തിനുവേണ്ടി ചെയ്യുന്നതു് നന്നായി ചെയ്യേണ്ടതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ദൈവസ്തുതിക്കെന്നും പറഞ്ഞുകൊണ്ടു് അശ്രദ്ധയായി ആശ്രമം അടിച്ചുവാരിയ ഒരു സഹായസഹോദരനോടു വി. ഇഗ്നേഷ്യസ് പറഞ്ഞതു് പ്രസ്താവ്യമാണു്: "താൻ വല്ല മനുഷ്യർക്കുംവേണ്ടിയാണു് ഇതു അശ്രദ്ധയോടെ ജോലിചെയ്തിരുന്നതെങ്കിൽ ക്ഷമിക്കാമായിരുന്നു. ദൈവത്തിനുവേണ്ടിയാകയാൽ അതിനു പരിഹാരമായി ഒരു വലിയ പ്രായശ്ചിത്തംതന്നെ ചെയ്യണം" എന്നു പറഞ്ഞു് ഒരു നല്ല ശിക്ഷകൊടുത്തു.

നിത്യം ചില ഭക്ത്യാഭ്യാസങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ടുമാത്രം ഉത്തമക്രിസ്ത്യാനികളായിത്തീരാമെന്നു പല കത്തോലിക്കരും ധരിച്ചുവച്ചിട്ടുണ്ടെന്നു തോന്നുന്നു. അതുകൊണ്ടു് വാർഷികധ്യാനത്തിൽ അവർ ചെയ്യുന്ന പ്രതിജ്ഞ ഏതാണ്ടിപ്രകാരമായിരിക്കും. "ഞാൻ ഇനി എല്ലാദിവസവും ഓരോ കുർബാന കണ്ടുകൊള്ളാം. നാലുമണിക്കു വി. കുർബാനയ്ക്കു ഒരു വിസീത്തകഴിക്കാം. അൻപത്തിമൂന്നുമണിജപം ഒരിക്കലും മുടക്കുകയില്ല. ആഴ്ചയിലൊരിക്കലെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കാം." ഇവയെല്ലാം നല്ലതുതന്നെ. പക്ഷെ ഇതു ഒരു ഭാഗംമാത്രമേ ആകുന്നുള്ളു. "ഞാൻ എൻെറ അനുദിനകർത്തവ്യങ്ങളെല്ലാം കൃത്യമായും നന്നായും നിർവ്വഹിച്ചുകൊള്ളാം." എന്ന പ്രതിജ്ഞകൂടി ക്രിസ്തീയജീവിതത്തിനു അത്യന്താപേക്ഷിതമാണു്.

ഒരു കൃഷിക്കാരൻ ഏററവും കൂടുതൽ വിളവു കിട്ടത്തക്കവണ്ണം വേണ്ടതെല്ലാം ഉത്സാഹമായി ചെയ്യാമെന്നു നിശ്ചയിക്കണം. വേലക്കാർ കൃത്യസമയത്തു പണിസ്ഥലത്തു ഹാജരായിക്കൊള്ളാമെന്നും അലസമായി ഒട്ടും സമയം കളയാതെ ഉത്സാഹമായി ജോലി ചെയ്യാമെന്നും പ്രതിജ്ഞചെയ്യണം. അദ്ധ്യാപകന്മാർ പ്രതിദിനം പാഠമൊരുങ്ങാതെ ക്ലാസ്സിൽ പോകുകയില്ലെന്നും ഓരോ വിദ്യാർത്ഥിയുടേയും ഉന്നമനത്തിനായി ശ്രമിച്ചുകൊള്ളാമെന്നും വേണം നിശ്ചയിക്കുവാൻ. വിദ്യാർത്ഥിയുടെ പ്രതിജ്ഞ ക്ലാസ്സിൽ ശരിയായി ശ്രദ്ധിക്കാമെന്നും അന്നന്നത്തെ പാഠം പഠിക്കുകയും അദ്ധ്യാപകന്മാരെ ബഹുമാനിക്കയും അനുസരിക്കയും ചെയ്തുകൊള്ളാമെന്നുമായിരിക്കണം.

ഇങ്ങനെയുള്ള പ്രതിജ്ഞയനുസരിച്ച് ജീവിക്കുന്നതിനു വളരെ ത്യാഗം അഭ്യസിക്കേണ്ടതായിട്ടുണ്ടു്. പക്ഷെ അതേക്കുറിച്ച് ഖേദിക്കേണ്ടതായിട്ടില്ല. ഇഹത്തിലും പരത്തിലും വിജയംവരിക്കുന്നതിനു അതു സഹായിക്കും. കഴിഞ്ഞ ലക്കത്തിൽ കണ്ട റവന്യൂഉദ്യോഗസ്ഥന്മാർ യഥാർത്ഥ ക്രിസ്ത്യജീവിതമെന്താണെന്നു മനസ്സിലാക്കി ത്യാഗസന്നദ്ധതയോടുകൂടി പ്രവർത്തിച്ചിരുന്നെങ്കിൽ ആരേയും ശൂപാർശ കൂടാതെതന്നെ അവർക്കു കയററം കിട്ടുമായിരുന്നു.

—എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

# ഭാരതത്തിനു ഗാന്ധിസമോ കമ്മ്യൂണിസമോ അനുകരണീയം?

(ഫാദർ തോമസ് മണക്കാട്ട്)

ഭാരതീയരായ നാം തലകൊടുത്തു് ചിന്തിച്ച് മറുപടി പറയേണ്ട ഒരു ചോദ്യമാണിതു്. എൻെറ ഈ ചോദ്യത്തിനു് ഭാരതഭക്തരായ എല്ലാവരും—മഹാ ഭൂരിഭാഗവും—നമുക്കു ഗാന്ധിസം മതി കമ്മ്യൂണിസം വേണ്ട എന്നുതന്നെ മറുപടി പറയുമെന്നാണ് എൻെറ പ്രതീക്ഷ. രണ്ടും തമ്മിലുള്ള ആദർശവ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളും നിരത്തിവച്ചു കഴിയുമ്പോൾ സുബോധമുള്ള മനുഷ്യർ നല്ലതിനെ മാത്രമേ തിരഞ്ഞെടുക്കുകയുള്ളല്ലോ. അതിനാൽ അവ തമ്മിലുള്ള കാതലായ വ്യത്യാസങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുവാനാണ്ഇവിടെ എൻെറ ഉദ്യമം.

## ഗാന്ധിസം

ഗാന്ധിസത്തിൻെറ ഉപജ്ഞാതാവു് ഗാന്ധിജിയാണല്ലോ. അദ്ദേഹം ഭാരതാംബികയുടെ ഒരു അത്യുൽകൃഷ്ട സന്താനവും ഭാരതത്തിൻെറ അനിഷേധ്യ രാഷ്ട്രപിതാവും മാതൃരാജ്യത്തിനുവേണ്ടി സ്വജീവൻപോലും ഹോമിച്ച ഒരു മഹാപുരുഷനുമാണു്. അദ്ദേഹത്തിൻെറ ആദർശങ്ങളും രാജ്യനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും മനുഷ്യോചിതങ്ങളും മാതൃകാപരങ്ങളുമാണ്. ഈശ്വരഭക്തിയിൽ അടിക്കല്ലിട്ട് മനുഷ്യസ്നേഹത്തിൽ കാലൂന്നി, സമുദായോൽക്കർഷത്തിൽ ലക്ഷ്യംവച്ച്, ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ ക്ഷേമം വളർത്തി സ്വരാജ്യത്തിനു് ഒരു നവീനപദ്ധതി കെട്ടിപ്പടുത്ത ഒരു അതുല്യവ്യക്തിയാണ് അദ്ദേഹം. ഭാരതത്തിനു മാത്രമല്ല ആഗോളമാകെ ഐക്യത്തിൻെറയും ശാന്തിയുടെയും സഹോദരസ്നേഹത്തിൻെറയും വെള്ളക്കൊടി ഉയർത്തി ആധുനികലോകത്തിൽ ആരാധ്യമായ സ്ഥാനം ആർജ്ജിച്ച ഒരു അത്യുന്നതലോകമഹാനാണ് അദ്ദേഹം. വിദ്വേഷത്തിൻെറയും വിപ്ലവത്തിൻെറയും ചോരച്ചെങ്കൊടി അദ്ദേഹം സ്വപ്നദർശനം ചെയ്തിട്ടുപോലുമില്ല. ഒരു സഹോദരൻെറ ജീവസന്ധാരണം സ്വജീവസന്ധാരണംപോലെ അത്രയ്ക്കും പാവനമായി അദ്ദേഹം കരുതിയിരുന്നു. നരകുരുതിയും രക്തച്ചൊരിച്ചിലും മഹാ പാപങ്ങളായി അദ്ദേഹം പ്രഖ്യാപനംചെയ്തിട്ടുണ്ടു്. സഹനപൂർണ്ണമായ ശാന്തവിപ്ലവം—സത്യഗ്രഹം— സത്യവും നീതിയും കൈവരുത്താനുള്ള സഹനസമരം—അതായിരുന്നു അദ്ദേഹത്തിൻെറ മഹത്തായ സമരായുധം. അതും ധർമ്മത്തിലും ഈശ്വരനിലും ആശ്രയിച്ചുകൊണ്ടു്. അങ്ങനെ അദ്ദേഹം മാതൃരാജ്യത്തെ സ്വതന്ത്രയാക്കി വിജയം കൈവരിച്ചു.

അങ്ങനെ സ്വാധീനമാക്കിയ സ്വരാജ്യത്തിൻെറ ഉൽക്കർഷത്തിനും ക്ഷേമൈശ്വര്യങ്ങൾക്കുംവേണ്ടിയായിരുന്നു അദ്ദേഹത്തിൻെറ അനന്തരശ്രമം. തനി ജനാധിപത്യത്തിൽ അടിയുറച്ച ഭരണസമ്പ്രദായവും, അദ്ദേഹം പ്രാവർത്തികമാക്കിയതും ഇവിടെ മുളച്ചുവളരേണ്ടതുമായ ആശയാദർശങ്ങളും അദ്ദേഹം ആവിഷ്കരിച്ചു അവയുടെ വികസനമാണ് ഇന്നു ഭാരതത്തിൽ ഉടനീളം കാണുവാൻ നാം ആഗ്രഹിക്കുന്നതു്. അവയാണ് ഭാരതീയരായ നാം സ്വീകരിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതും. എന്നാൽ ഈദൃശ ഗാന്ധിയൻ ആദർശങ്ങൾക്കു് കടകവിരുദ്ധങ്ങളായ ആശയങ്ങളും ആദർശങ്ങളും നിർഭാഗ്യവശാൽ ഇന്നു ഭാരതത്തിൽ നുഴഞ്ഞുകയറിക്കൊണ്ടിരിക്കയാണ്. അവയെ സ്വാഗതംചെയ്യാൻ വെമ്പൽകൊള്ളുന്ന ഒരു ജനവിഭാഗം ഇന്നു നമ്മുടെ മദ്ധ്യത്തിലുണ്ടു്. അവർ ശരിക്കു ഗ്രഹിക്കട്ടെ കമ്മ്യൂണിസം എന്താണെന്നു്.


## കമ്മ്യൂണിസം

കമ്മ്യൂണിസത്തെപ്പററി വ്യാപകമായ ഒരു ചർച്ച നടത്തുവാൻ


## മാനാശ്ശേരിയിലെ കടലാക്രമണരംഗം



തിരമാലകൾ കരയിലേക്കടിച്ചു കയറി ഫലപുഷ്ടമായ തെങ്ങിൻതൈകളെ പിഴുതുമറിക്കുന്നതു്.



കടലാക്രമണംമൂലം ഒലിച്ചുപോയ തെങ്ങിൻതൈകളും (ഓല വെട്ടിമാററിയവ) ഛിന്നഭിന്നമാക്കപ്പെട്ട വാസസ്ഥലങ്ങളും


For Favours Received

A Firm Believer

ഈ ലേഖനത്തിൽ ഞാൻ ഉദ്ദേശിക്കുന്നില്ല. അതിന് ആവശ്യവുമില്ല. കമ്മ്യൂണിസത്തിന്റെ കരാളഭീകരങ്ങളായ ആദർശങ്ങളിൽ ചിലതുമാത്രം ഞാൻ ഇവിടെ കുറിക്കാം. ഈശ്വരാസ്തിക്യനിഷേധം, അക്രമപ്രസക്തി, സർവ്വാധിപത്യഭരണസമ്പ്രദായം—ഇവ മൂന്നുമാണ് കമ്മ്യൂണിസത്തിന്റെ അടിസ്ഥാനദൂഷ്യങ്ങൾ. ഈ മൂന്നും മനുഷ്യകുലത്തിന് വിനാശകരവും വിപ്ലവാത്മകവുമാണ്. വാസ്തവം പറഞ്ഞാൽ ലോകശാന്തിയുടെ ശ്രീകോവിലിന് തീ കൊളുത്തുവാൻ പര്യാപ്തങ്ങളാണവ. അതിനാൽ അവയാണോ നമുക്കാവശ്യം, അഥവാ സമാധാനസംദായകവുംശാന്തിപ്രദവുമായ ഗാന്ധിസമാണോ എന്ന് ഭാരതീയരായ നാംതന്നെ തീരുമാനിക്കേണ്ടതാണ്. നമ്മുടെ നേതാവായ നെഹ്റു ഈയിടെ കമ്മ്യൂണിസത്തിന്റെ ഭീകരവശത്തെപ്പററി ശക്തിയുക്തം അപലപിച്ചിട്ടുള്ള കാര്യം വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. രക്തച്ചൊരിച്ചിലിലും അക്രമത്തിലുംകൂടിയുള്ള കമ്മ്യൂണിസ്റ്റ് പുരോഗമനത്തെ അദ്ദേഹം വെല്ലുവിളിക്കുകതന്നെ ചെയ്തു. ഗാന്ധിഭക്തനായ അദ്ദേഹം ഗാന്ധിജിയുടെ കാലടിപ്പാടുകളിൽനിന്നും വ്യതിചലിക്കയില്ലെന്നു നമുക്കു വിശ്വസിക്കാം. അതിന് ഈശ്വരൻ അദ്ദേഹത്തെ സഹായിക്കട്ടെ. ഗാന്ധിസം വിജയിക്കട്ടെ! ഭാരതം ശാന്തിനികേതനമാകട്ടെ! ജയ്ഹിന്ദ്!

—o—

(12-ാംപേജ് തുടർച്ച)

കൂടുതൽ ശ്രദ്ധാലുക്കളായി. ആ ക്രിസ്ത്യാനികൾ ഒന്നിച്ചു വിശ്വാസപ്രമാണം അത്യുച്ചത്തിൽ ചൊല്ലിക്കൊണ്ടു് വിളിച്ചുപറഞ്ഞു: "ഞങ്ങൾ ക്രിസ്തുവിൽ മാത്രം വിശ്വസിക്കുന്നു." രാജാവിന്റെ മുഖം വിളറി! ജനത് അത്ഭുതസ്തബ്ധരായി!

രാജാവ് വീണ്ടും തിരുവാമൊഴിഞ്ഞു; ജയിലിൽ കിടക്കുന്ന കുപ്പായക്കാരനെ കൊണ്ടുവരുവാൻ.

അല്പസമയം കഴിഞ്ഞു. അതാ വേച്ചുവേച്ചുവയ്ക്കുന്ന പാദങ്ങളോടെ, രക്തക്കട്ടകളാൽ ഒട്ടിച്ചേർന്ന കുപ്പായത്തോടെ, ആയുധധാരികളായ പോലീസിന്റെ മദ്ധ്യത്തിൽ ഫാദർ ജോൺ ഡി ബ്രിട്ടോ ആഗതനാകുന്നു. അദ്ദേഹത്തെ ആ രാജവ്യാഘ്രത്തിന്റെ മുൻപിൽ അവർ നിറുത്തി. ഉഗ്രകോപിഷ്ടനായ രാജാവിന്റെ നേത്രങ്ങളിലൂടെ തീപ്പൊരി ചിതറി; ചുണ്ടുചലിച്ചു: "എന്റെ നാട്ടിൽ കാലുകുത്തരുതെന്നു് ഞാൻ നിങ്ങളെ വിലക്കിയിരുന്നില്ലേ! പിന്നെന്തിനീ നശിച്ച വേദവുമായി ഇവിടെ വന്നു?"

ആ ദൈവദാസനുണ്ടോ ഈ മനുഷ്യകീടത്തിന്റെ മുൻപിൽ തലകുനിക്കുന്നു! ബ്രിട്ടോ ശാന്തമധുരമായ രീതിയിൽ പ്രതിവചിച്ചു: "രാജാക്കളുടെ രാജാവായ ദൈവത്തിന്റെ പ്രമാണങ്ങളെ എല്ലായിടത്തും പ്രസംഗിക്കുവാൻ ദൈവം കല്പിച്ചിരിക്കുന്നു. ഒരു രാജാവിനെ എന്നതിനേക്കാൾ ആ ദൈവത്തെയല്ലേ ഞാനനുസരിക്കേണ്ടതു്?"

ഇതു കേട്ടതോടെ ഒരു 'രാജകിങ്കരനു് കലികൊണ്ടു. ചുരുട്ടിയ മുഷ്ടിയോടെ അയാൾ ബ്രിട്ടോയുടെ നേരെ ചാടി. അവന്റെ മുഷ്ടി ആ മഹാത്മാവിന്റെ വദനത്തിൽ പതിച്ചു. ആ മനുഷ്യസ്നേഹിയാകട്ടെ, പുഞ്ചിരിച്ചുകൊണ്ടു് തന്റെ ഇടതുകവിൾ അവനു കാണിച്ചുകൊടുത്തു. അമാനുഷികമായ ക്ഷമ!

ഇത്രയുമായപ്പോൾ ബ്രിട്ടോയുടെ കഴുത്തുവെട്ടട്ടെ എന്നു രാജാവു കല്പനയായി. പെട്ടെന്നു് ഒരു ദണ്ഡകായൻ രാജാവിന്റെ നേരെ ചീറിയടുക്കുന്നു. കേവലം അപ്രതീക്ഷിതസംഭവം. ഏതാനുംനാൾ മുമ്പ് ക്രിസ്തുമതം സ്വീകരിച്ച, ജനസ്വാധീനമുള്ള അദ്ദേഹത്തെ—തടയദേവർ രാജകുമാരനെ—കണ്ടപ്പോൾ രാജാവ് പെട്ടെന്നു അമ്പരന്നു. എന്തെങ്കിലും അപകടം ഉണ്ടായേക്കുമോ എന്നദ്ദേഹം ഭയപ്പെട്ടു. രാജാവ് പെട്ടെന്നു് കല്പന തിരുത്തി: "ബ്രിട്ടോയെ നാടുകടത്തട്ടെ. മററുള്ളവരെ ഇനിയൊരു കല്പനയുണ്ടാകുന്നതുവരെ ജയിലിലടയ്ക്കട്ടെ."

ആഴ്ചകൾ പിന്നെയും കടന്നുപോയി. ബ്രിട്ടോ അന്നു ഒരിയൂറിലാണ്. 1693-ലെ വലിയ ബുധനാഴ്ചദിവസം ബ്രിട്ടോയെ വധിക്കുന്നതിനുള്ള രാജകല്പന ഒരിയൂർ ഗവർണ്ണർക്കു ലഭിക്കുന്നു.

വധസമയമടുത്തു. മുഖകമലത്തിൽ പുഞ്ചിരിയുമായി ബ്രിട്ടോ കൊലക്കളത്തിലേക്കു നടന്നടുത്തു. വാളുമായി നില്ക്കുന്ന ഘാതകനെ മാറോടണച്ചദ്ദേഹം ആശ്ലേഷിച്ചു. അതിനുശേഷം വധപീഠത്തിൽ കയറി മുട്ടുകുത്തിനിന്നു് അദ്ദേഹം തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. ആ നിലയിൽ, ഘാതകന്റെ വാൾ ചലിച്ചു. അതിന്റെ പാച്ചിൽ ബ്രിട്ടോയുടെ ശിരസ്സിനെ ശരീരത്തിൽനിന്നു വേർപെടുത്തി. രക്തം പുഴപോലെ ഒഴുകി! പെടുപെടാ പിടയ്ക്കുന്ന ഉടൽ!! എന്നിട്ടും ആ ഘാതകന്റെ വാൾ വീണ്ടും വീണ്ടും ചലിച്ചു. ഓരോ ചലനവും അദ്ദേഹത്തിന്റെ കരചരണാദികളെ ശരീരത്തിൽനിന്നും വേർപെടുത്തിക്കൊണ്ടിരുന്നു. ശേഷിച്ച പിണ്ഡത്തെ ഒരു ദണ്ഡിൽ ബന്ധിച്ചു പ്രദർശനവസ്തുവായി സ്ഥാപിച്ചു. "ക്രിസ്ത്യാനിയായാൽ നിങ്ങൾക്കുമിതുതാൻഗതി," എന്ന ഭീഷണി!

1647 മാർച്ചിൽ പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ ജനിച്ചു്, രാജകുടുംബത്തോടൊത്തു് സുഖസമൃദ്ധിയിൽ ജീവിച്ച ബ്രിട്ടോ ഒടുവിൽ ക്രിസ്തുവിനുവേണ്ടി സർവ്വവും ത്യജിച്ചു് ഒരു മിഷനറിവൈദികനായി ഇൻഡ്യയിലെത്തി. ക്രിസ്തുവിനുവേണ്ടി ആയിരക്കണക്കിനു ആത്മാക്കളെ അദ്ദേഹം സമ്പാദിച്ചു. ഒടുവിൽ രക്തസാക്ഷിമകുടം ചൂടി. മിഷണറിമാർക്കൊരു മാതൃകയായും ഭാരതീയ ഹൈന്ദവജനതയ്ക്കൊരു വെല്ലുവിളിയായും അദ്ദേഹം സ്വർഗ്ഗം പൂകുന്നു.

ഈ ദൈവദാസനെ 1853-ൽ 9-ാംപീയൂസ് മാർപ്പാപ്പാ ധന്യപദവിയിലേക്കുയർത്തി. അദ്ദേഹത്തിന്റെ തിരുനാൾ ഫെബ്രുവരി 4-ാംതീയതി ആഘോഷിക്കപ്പെട്ടുവരുന്നു.

(എസ്. എച്ച്. ലീഗ് പ്രസിദ്ധീകരിച്ച "അനുഗ്രഹീതനായ ഡി ബ്രിട്ടോ" എന്ന പുസ്തകത്തിൽനിന്നും ആശയം.)

# അദ്ധ്യയനമണ്ഡലം അതിന്റെ പ്രയാണത്തിൽ

(ഫാദർ മാത്യു നടയ്ക്കൽ)

അദ്ധ്യയനമണ്ഡലം ചങ്ങനാശ്ശേരിയിൽ സമാരംഭിച്ചിട്ട് ഒന്നരവർഷം കഴിഞ്ഞിരിക്കുന്നു. വേറെ അഞ്ചുസ്ഥലങ്ങളിൽ ഈ സംഘടന തുടങ്ങിയിട്ടുണ്ട്. അദ്ധ്യയനമണ്ഡലം പൂർണ്ണതപ്രാപിക്കാത്ത ഒരു സംഘടന: പക്ഷെ, അതു പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു.

## പ്രയാണത്തിലുള്ള പ്രയാസങ്ങൾ

ഉന്നതമായ ലക്ഷ്യത്തിനുള്ള ഉദ്ദേശശുദ്ധിമാത്രമായിരുന്നു അദ്ധ്യയനമണ്ഡലത്തിന്റെ പ്രാരംഭസ്വത്തു്. ലക്ഷ്യപ്രാപ്തിക്കു നിർവ്വഹിക്കേണ്ട കാര്യങ്ങൾ നിരവധിയും. പണ്ഡിതലോകത്തിന്റെ അനുഭാവം സമ്പാദിക്കണം. ഒരു പുതിയ സംഘടനയുടെ ആവശ്യകത, അദ്ധ്യയനമണ്ഡലത്തെ ഒരു സംഘടന ആക്കേണ്ടതിന്റെ ന്യായങ്ങൾ എന്നിവ പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ഗ്രന്ഥശാലയുണ്ടാകണം, സംശോധകഗ്രന്ഥങ്ങൾ ലഭ്യമാകണം. പഠിക്കുവാൻ സഹായിക്കുന്ന ലഘുഗ്രന്ഥങ്ങൾ അംഗങ്ങൾക്കു നൽകണം. വൈദികന്മാരെ സഹായിക്കുന്നതിനു് അത്മേയരിൽനിന്നു് ഒരദ്ധ്യാപകഗണം ഉണ്ടാകണം.

ഇവയെല്ലാം അദ്ധ്യയനമണ്ഡലത്തിന്റെ പ്രാരംഭകാലത്തെ പ്രയാണത്തിലുള്ള പ്രയാസങ്ങളായിരുന്നു.

"മനസ്സുണ്ടെങ്കിൽ വഴിയുമുണ്ടു്", "ആവശ്യകത കണ്ടുപിടിത്തത്തിന്റെ മാതാവാകുന്നു" ഈ തത്വങ്ങൾ ഒന്നുകൂടി ഉറപ്പിക്കപ്പെട്ടു. കേരളത്തിലെ പണ്ഡിതലോകം അദ്ധ്യയനമണ്ഡലത്തെ അകമഴിഞ്ഞു സഹായിക്കാൻ തുടങ്ങി. അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി എന്ന പേരിൽ 20 ലഘുഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുവാൻ സാധിച്ചു. ഒരു ചുരുങ്ങിയ കാലംകൊണ്ടു് ഒരു ലക്ഷത്തോളം പുസ്തകങ്ങൾ (ഗ്രന്ഥാവലി) വിതരണംചെയ്യപ്പെട്ടു. പരിശുദ്ധകന്യകമറിയത്തെക്കുറിച്ചുള്ള മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകൾ തുടങ്ങിയ പത്തു പ്രാമാണിക ഗ്രന്ഥങ്ങൾക്കുള്ള കൈയെഴുത്തുപ്രതികളും വന്നുചേർന്നിട്ടുണ്ടു്. സംഘടനയുടെ നിയമങ്ങളും പ്രവർത്തനപരിപാടികളും ഉൾക്കൊള്ളുന്ന മാനുവലും പ്രസിദ്ധം ചെയ്തു.

വിപുലമായ അടിസ്ഥാനത്തിൽ ഒരു ഗ്രന്ഥശാല സമാരംഭിച്ചു. ചില സംശോധകഗ്രന്ഥങ്ങൾ വരുത്തി. അത്മേനികളിൽനിന്നു ഉന്നതവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഒരു ഗണം അദ്ധ്യാപകരുടെ സേവനം സംഘടനയ്ക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. "ആവശ്യകത കണ്ടുപിടിത്തത്തിന്റെ മാതാവാകുന്നു."

## അത്മേനികളുടെ അകമഴിഞ്ഞുള്ള സഹകരണം

കേരളത്തിലെ അത്മേയകത്തോലിക്കരുടെ ഇടയിൽ ഉണ്ടായിരിക്കുന്ന പുരോഗമനോന്മുഖമായ വ്യതിയാനങ്ങൾ നിരവധിയാണ്. വിവിധവകുപ്പുകൾചേർന്ന അതിപ്രബലമായ ഒരത്മേയസൈന്യനിര ഉടലെടുത്തുകഴിഞ്ഞു. ചരിത്രാതീതമായ ഒരു പ്രേഷിതപ്രബുദ്ധത ഇന്നവരിൽ ദൃശ്യമായിക്കൊണ്ടിരിക്കുന്നു. അവർ ആസ്പത്രികൾ സന്ദർശിക്കുന്നു. ഗൃഹസന്ദർശനം നടത്തുന്നു. കൂദാശകളുടെ സ്വീകരണത്തെ പ്രോത്സാഹിപ്പിക്കുന്നു. ശത്രുക്കളെ രമ്യപ്പെടുത്തുന്നു. ഉള്ളവരിൽനിന്നു വാങ്ങിച്ച് ഇല്ലാത്തവർക്കു കൊടുക്കുന്നു. അതേ, അത്മേയപ്രേഷിതർ മുന്നേറുന്ന ഒരു കാലഘട്ടം.

അദ്ധ്യയനമണ്ഡലത്തിനും അതിന്റെ ആരംഭംമുതൽതന്നെ അത്മേയരുടെ സമൃദ്ധമായ സേവനം ലഭിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഉപരിയായ സേവനത്തിനു സാദ്ധ്യതകളുമുണ്ടു്. കോളേജുകളിലും ഹൈസ്കൂളുകളിലും മററും സേവനം നടത്തിയിട്ടുള്ള, നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാസമ്പന്നരെ എവിടേയും കാണാവുന്നതാണ്. കണക്കു്, ഭൂമിശാസ്ത്രം, രസതന്ത്രശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചു പരിചയം സിദ്ധിച്ചിട്ടുള്ളവർക്കു മതപരമായ വിഷയങ്ങളെ സമർത്ഥമായവിധം കൈകാര്യം ചെയ്യുന്നതിനു കഴിയുമെന്നുള്ളതു തീർച്ചയാണ്. നിർദ്ദേശങ്ങളും സഹവർത്തിത്വമനോഭാവവുമാണ് ഇന്നു കൂടുതൽ ആവശ്യമായിരിക്കുന്നതു്.

## സന്യാസിനികളും രംഗത്തിൽ

വനിതകൾക്കായുള്ള അദ്ധ്യയനമണ്ഡലം നടത്തുന്നതിനു വന്ദ്യ കാവുകാട്ടുമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ചങ്ങനാശ്ശേരിയിലുള്ള വിവിധ സന്യാസിനീസമൂഹങ്ങളെ ചുമതലപ്പെടുത്തിയിരിക്കയാണ്. ഇതു് ഒരു പരീക്ഷണനടപടിയായിട്ടാണ് അവിടുന്നു സ്വീകരിച്ചിരിക്കുന്നതു്. വിദ്യാഭ്യാസരംഗത്തു ബ: കന്യാസ്ത്രീകൾ ഇന്നു ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുലസേവനങ്ങൾ സമുദായത്തിന്റെ ആത്മാർത്ഥമായ കൃതജ്ഞതയെ അർഹിക്കുന്നുമുണ്ടല്ലോ.

കോളെജുകളും ഹൈസ്കൂളുകളും ഇന്നു സന്യാസിനികൾ നടത്തിവരുന്നു. അപ്പോൾ അദ്ധ്യയനമണ്ഡലത്തിന്റെ വനിതാവിഭാഗം നടത്തുവാനും അവർക്കു കഴിയുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. ഈ അവസരത്തിൽ അദ്ധ്യയനമണ്ഡലം പ്രസ്ഥാനത്തെ സംബന്ധിച്ചു് മാനുവൽ 34-ാം പേജിൽ പറഞ്ഞിരിക്കുന്ന ചില പൊതുതത്വങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. "അദ്ധ്യയനമണ്ഡലത്തെ കേവലം ഒരു വാദപ്രതിവാദസമിതിയായി ആരും പരിഗണിക്കേണ്ടതില്ല. വേദശാസ്ത്രജ്ഞന്മാരെപ്പോലും വിഷമിപ്പിക്കുന്ന അതിഗഹനങ്ങളും സങ്കീർണ്ണങ്ങളും വിവാദപരങ്ങളുമായ പ്രശ്നങ്ങൾക്കു സമാധാനം കണ്ടുപിടിക്കുന്നതിനുള്ള ഒരു പണ്ഡിതസംഘമായും അദ്ധ്യയനമണ്ഡലത്തെ കരുതരുതു്. അടിസ്ഥാനതത്വങ്ങളും സാമാന്യതത്വങ്ങളും പഠിച്ചിട്ടുവേണമല്ലൊ, പണ്ഡിതന്മാരാൽ കൈകാര്യം ചെയ്യപ്പെടേണ്ട വിശദാംശങ്ങളിലേക്കു കടക്കുവാൻ. അദ്ധ്യയനമണ്ഡലം എന്നു പറഞ്ഞാൽ ഒരു മതാദ്ധ്യയനസമിതി എന്നേ പരിഗണിക്കേണ്ടതുള്ളു."

## പ്രബോധകസമിതി

മതപരമായ വിഷയങ്ങളെ സമഗ്രമായും ഗവേഷണപരമായും പഠിച്ചു് ഏതൊരിടവകയിലേയും മതാദ്ധ്യയനസമിതികളെ സഹായിക്കുന്നതിനു അതിവന്ദ്യ മാർ മാത്യു കാവുകാട്ടു് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് "അദ്ധ്യയനമണ്ഡലം പ്രബോധകസമിതി" കരുപ്പിടിപ്പിച്ചിരിക്കുന്നു. ഉന്നതബിരുദധാരികളായ നാല്പതിൽപ്പരം അംഗങ്ങളെ തിരുമേനി നാമനിർദ്ദേശംചെയ്തു തിരഞ്ഞെടുത്തിരിക്കുന്നു. അംഗങ്ങൾക്കുവേണ്ട ശിക്ഷണം ലഭിച്ചുകഴിയുമ്പോൾ മററിടവകകളിൽ പൊതുജനങ്ങൾക്കുവേണ്ടിയുള്ള ഗ്രീഷ്മവിദ്യാലയങ്ങൾ നടത്തുന്നതിനു സഹായിക്കുവാൻ അവരെ അയക്കണമെന്നും അവിടുന്നു ആഗ്രഹിക്കുന്നുണ്ടു്. സന്യാസിനികളേയും ഈ പ്രബോധകസമിതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഉപസംഹാരം

അദ്ധ്യയനമണ്ഡലം പരിമിതികളുടെ മദ്ധ്യത്തിൽ ജന്മമെടുത്തു: കുറവുകളിലൂടെ പ്രയാണം ചെയ്യുന്നു. പൂർണ്ണത പ്രാപിക്കാൻ വർഷങ്ങൾ വേണ്ടിവന്നേക്കാം. അത്മേയസെമ്മിനാരിയുടെ ലക്ഷ്യങ്ങൾ അദ്ധ്യയനമണ്ഡലത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അത്മേയനേതൃത്വം അദ്ധ്യയനമണ്ഡലത്തിന്റെ പരിഗണനീയമായ ഒരു പ്രത്യേകതയാണ്. വിശുദ്ധിയും വിജ്ഞാനവും ഒരുമിച്ചു വളർത്തിക്കൊണ്ടുപോകണമെന്നുള്ള ആശയത്തിനു നിലകൊള്ളുന്ന മണ്ഡലത്തിൽ വൈദികനേതൃത്വവും അത്മേയനേതൃത്വവും കൈചേർന്നുപോകുകതന്നെ ചെയ്യും.

"സംഘടിച്ചാൽ നാം നിലനില്ക്കും; വിഘടിച്ചാൽ നാം വീഴും."

—o—


For Favours Received



Excuse me the delay
Mrs. Annamma Antony (Mattam)


# യഹൂദന്മാരുടെ സംരക്ഷകൻ

യഹൂദന്മാരുടെ സംരക്ഷകൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന, ഫ്രാൻസിൽ ട്ടുളൂസിലെ മെത്രാപ്പോലീത്തയായ കർദ്ദിനാൾ സലീജ് തിരുമേനി 86-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. കഴിഞ്ഞ യുദ്ധാരംഭകാലത്തു ജർമ്മൻസേന, നാടുകടത്തുന്നതിനായി യഹൂദന്മാരെ തിരഞ്ഞുപിടിക്കുവാൻ തുടങ്ങിയപ്പോൾ അതിനെ എതിർത്തും അപലപിച്ചുംകൊണ്ടു്, യഹൂദന്മാർക്കു സംരക്ഷണം വാഗ്ദാനം ചെയ്തുകൊണ്ടു്, അദ്ദേഹം ഒരു ഇടയലേഖനം പ്രസിദ്ധം ചെയ്യുകയുണ്ടായി. അതിൽ കുപിതരായ ജർമ്മൻകാർ അദ്ദേഹത്തെ അറസ്ററുചെയ്തുവെങ്കിലും, പ്രായാധിക്യവും അനാരോഗ്യവും പരിഗണിച്ചു വിട്ടയക്കുകയുണ്ടായി. യുദ്ധകാലത്തെ ഇത്തരം ധീരമായ സേവനങ്ങൾക്കു ഒരു സൈനികബഹുമതിയും, ലീജിയൻ ഓഫ് ഓണർ എന്ന ബഹുമതിയും അദ്ദേഹത്തിനു പ്രദാനംചെയ്യപ്പെട്ടു.


LATEST JEWEL CREATIONS



C.K.PAUL & CO; JEWELLERS
BROADWAY, ERNAKULAM. PHONE: 536.

# കത്തോലിക്കാസഭയും അപ്രമാദിത്വവും

## ഒരു വാദപ്രതിവാദം

(ഫാദർ തോമസ് മണ്ണഞ്ചേരി)


കത്തോലിക്കാസഭയ്ക്കു് അവളുടെ പ്രബോധനങ്ങളിൽ അപ്രമാദിത്വമുണ്ടെന്നും ക്രൈസ്തവതത്വങ്ങളെ പഠിപ്പിക്കുന്ന കാര്യത്തിൽ ഇതുവരെയും തെററിൽ ഉൾപ്പെട്ടിട്ടില്ലെന്നും അബദ്ധങ്ങൾ പഠിപ്പിക്കാൻ ഒരിക്കലും സാദ്ധ്യമല്ലെന്നും സഭ ധൈര്യപൂർവ്വം എല്ലാ കാലങ്ങളിലും വാദിച്ചുകൊണ്ടിരിക്കുന്നു. ഈ വിഷയത്തിൽ ശേഷം സഭകളിൽനിന്നും കത്തോലിക്കാസഭ വിഭിന്നമായ ഒരു നിലയാണു് സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്. ശേഷം ക്രൈസ്തവസഭകളെല്ലാം തങ്ങൾക്കു തെററിപ്പോയിട്ടുണ്ടെന്നും തെററിപ്പോകുവാൻ പാടുണ്ടെന്നും വിനയപൂർവ്വം സമ്മതിച്ചുകൊണ്ടിരിക്കുന്നു. കത്തോലിക്കാസഭയുടെ അപ്രമാദിത്വത്തെക്കുറിച്ചുള്ള വാദത്തെ ശേഷം സഭകളെല്ലാം ഏകസ്വരത്തിൽ എതിർത്തുകൊണ്ടാണിരിക്കുന്നതു്. പണ്ടു് യേശുക്രിസ്തു യഹൂദജനങ്ങളുടെ ഇടയിൽ പ്രസംഗിച്ചുകൊണ്ടു നടന്നപ്പോൾ തനിക്കു മനുഷ്യരുടെ പാപങ്ങളെ മോചിക്കാൻ അധികാരമുണ്ടെന്നു പറയുന്നതുകേട്ടു് "ഇവൻ ദൈവദൂഷണം പറയുന്നു; ദൈവത്തിനല്ലാതെ പാപമോചനം നൽകാൻ ആർക്കു കഴിയും?" എന്നു അവരിൽ ചിലർ മനസ്സിൽ വിചാരിച്ചു് തന്നെ കുററപ്പെടുത്തുകയുണ്ടായി. ഇതുപോലെ കത്തോലിക്കാസഭയ്ക്കു അവളുടെ ഉപദേശങ്ങളിൽ അപ്രമാദിത്വം ഉണ്ടെന്നു വാദിക്കുന്നതു കേൾക്കുമ്പോൾ "ഇതു ദൈവദൂഷണമാണു്. ദൈവത്തിനല്ലാതെ ആർക്കാണു് തെററില്ലാവരമുള്ളതു്" എന്നു വിചാരിക്കുന്ന ആളുകളുണ്ടു്. സഭയുടെ അപ്രമാദിത്വംപോലെ ശേഷം ക്രൈസ്തവവിഭാഗങ്ങളുടെ അധിക്ഷേപത്തിനും പ്രതിഷേധത്തിനും ഇടയായിത്തീർന്നിട്ടുള്ള മതതത്വങ്ങൾ വേറെ ഏതെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും പല ആളുകളും കത്തോലിക്കാസഭയുടെ നിലയേയും ഉപദേശങ്ങളേയും തെററിദ്ധരിക്കുകയാലാണു് സഭയുടെ അപ്രമാദിത്വസിദ്ധാന്തത്തിനെതിരായി പ്രതിഷേധസ്വരമുയർത്തുന്നതെന്നു അവരുടെ വാദമുഖങ്ങൾ പരിശോധിക്കുന്നവർക്കു നിഷ്പ്രയാസേന ഗ്രഹിക്കുവാൻകഴിയും. ഏതദ്വിഷയത്തെ പരാമർശിച്ചു് ഒരു കത്തോലിക്കനും പ്രോട്ടസ്റ്റൻറുകാരനും തമ്മിൽ നടന്ന വാദപ്രതിവാദത്തെ താഴെ ഉദ്ധരിക്കുന്നതു് വായനക്കാർക്കു് പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

പ്രോട്ടസ്റ്റൻറുകാരൻ:- അപ്രമാദിത്വത്തെപ്പററിയുള്ള നിന്നിമിത്തമായ വാദമൊഴികെ ശേഷം കത്തോലിക്കാ മതതത്വങ്ങളെല്ലാം വിശ്വസിക്കുന്നതിൽ എനിക്കു വിഷമം തോന്നുന്നില്ല.

കത്തോലിക്കൻ:- സഭയുടെ അപ്രമാദിത്വത്തെ നിഷേധിക്കുകയും ശേഷം കത്തോലിക്കാ മതതത്വങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതു് ഒട്ടുംതന്നെ യുക്തിയുക്തമായി എനിക്കു തോന്നുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ കത്തോലിക്കാസഭയുടെ അപ്രമാദിത്വത്തിൽ വിശ്വസിച്ചിരുന്നില്ലായെങ്കിൽ ആ സഭയുടെ വേറെ യാതൊരുപദേശവും വിശ്വസിക്കുകയില്ലായിരുന്നു.

പ്രോട്ട:- ഹാ, എൻെറ സ്നേഹിതാ, നിങ്ങൾ എന്താണു പറയുന്നതു്? നാം രണ്ടുപേരുടേയും അഭിപ്രായങ്ങൾ ഈ കാര്യത്തിൽ എത്രയോ വിഭിന്നങ്ങളാകുന്നു? നിങ്ങളുടെ വിശ്വാസത്തിൻെറ അടിസ്ഥാനം അപ്രമാദിത്വമാകുന്നുവോ? ഇതില്ലെങ്കിൽ നിങ്ങൾ വേറെ യാതൊന്നും വിശ്വസിക്കുകയില്ലയോ?

കത്തോ:- സത്യത്തെ അന്വേഷിച്ചു പുറപ്പെടുന്നവർ വെറും അഭിപ്രായങ്ങളും സങ്കല്പങ്ങളുംകൊണ്ടുമാത്രം സംതൃപ്തരാകുകയില്ല. നമ്മുടെ മതോപദേശങ്ങളെല്ലാം സത്യമാണോയെന്നു നിശ്ചയമായി അറിയാതെ അവയെ എങ്ങിനെ നമുക്കു വിശ്വസിക്കാൻകഴിയും? അപ്രമാദിത്വത്തെ നിഷേധിക്കുന്നതു് വളരെ ഉയരത്തിൽ പണിചെയ്യപ്പെട്ടിട്ടുള്ള കെട്ടിടത്തിൻെറ ആർച്ചിൽനിന്നു് അതിൻെറ ആണിക്കല്ലു് എടുത്തു മാററിക്കളയുന്നതിനു തുല്യമായിരിക്കും. അതിനാൽ മതസംബന്ധമായ കാര്യങ്ങളെല്ലാം വെറും അഭിപ്രായങ്ങളും ഊഹാപോഹങ്ങളുമായിത്തീരുന്നു. നിങ്ങളുടെ മതോപദേശങ്ങൾ എന്തെല്ലാമെന്നു് നിങ്ങൾക്കുതന്നെ നിശ്ചയമായി അറിയുവാൻ സാധിക്കുകയില്ല. ഒന്നും നിശ്ചയമില്ലാത്തതായ ഒരു വിശ്വാസത്തെ അനുസരിക്കുക അസാദ്ധ്യമാകുന്നു. ഏതാനും തത്വങ്ങൾക്കനുസരണമായി എൻെറ ജീവിതത്തെ ക്രമപ്പെടുത്തണമെന്നു ഒരു സഭ എന്നെ നിർബന്ധിക്കുന്നതായാൽ ഒന്നാമതായി പ്രസ്തുത തത്വങ്ങളുടെ പ്രാമാണ്യത്തേയും യാഥാർത്ഥ്യത്തേയുംപററി അറിയുന്നതിനു് ഞാൻ ആവശ്യപ്പെടാതിരിക്കുകയില്ല. ഈ കാര്യം നിശ്ചയമായി എന്നെ പഠിപ്പിക്കുന്നതിനു് അപ്രമാദിത്വമുള്ള ഒരു സഭയുടെ അധികാരം ആവശ്യമാകുന്നു.



പാറശ്ശേരിൽ പൗലോ വറീസ്സു് വ. പറൂർ
ജനനം 1889 സെപ്റ്റം. 30
മരണം 1956 ഒക്ടോബർ 27

ദയാപരനായ ഈശോയെ, ഈ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ.

R. I. P.

പ്രോട്ട:- റസ്കിൻ എന്ന മഹാൻ പറയുന്നതുപോലെ നാം പഠിക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതുമായ കാര്യങ്ങൾ ഏവയെന്നു് ദൈവത്തിൻെറ അധരങ്ങളിൽനിന്നു നേരിട്ടെന്നപോലെ നമ്മെ പഠിപ്പിക്കുന്നതിനു് വേദപുസ്തകം നമുക്കുള്ളതുകൊണ്ടു് ഈ കാര്യത്തിൽ എന്തു വിഷമമാണുള്ളതു്?

കത്തോ:- എൻെറ പ്രിയ സ്നേഹിതാ, ഇതു നമ്മുടെ തർക്കഭാഗത്തിൻെറ ആരംഭം മാത്രമേ ആകുന്നുള്ളു. വേദപുസ്തകം ദൈവത്തിൻെറ അധരങ്ങളിൽനിന്നുതന്നെ നേരിട്ടു നമുക്കു ലഭിച്ചിട്ടുള്ളതാണെന്നു് നാം നിശ്ചയമായി എങ്ങനെ അറിയുന്നു? കിഴക്കൻദേശങ്ങളിൽ ജീവിച്ചിരുന്ന നല്ല ഭാവനാശക്തിയും സാമർത്ഥ്യവുമുള്ള ആളുകൾ ഓരോ സന്ദർഭങ്ങളിലായി എഴുതിയുണ്ടാക്കിയ വെറും കെട്ടുകഥകളാണു് വേദപുസ്തകമെന്നു പറയുന്ന ആളുകളും ഉണ്ടായിരിക്കുന്ന സ്ഥിതിക്കു് അവരുടെ വാദത്തിനു വിലയോ നിലയോ ഇല്ലെന്നു നമുക്കു ഖണ്ഡിതമായി എങ്ങനെ പറയുവാൻകഴിയും?

പ്രോട്ട:- നിങ്ങൾ വേദപുസ്തകത്തെ നിഷേധിക്കുന്നുവെങ്കിൽ സകലവും നിഷേധിക്കുന്നു. അതുമാത്രമാകുന്നു സകലത്തിൻെറയും അടിസ്ഥാനമായി നിൽക്കുന്നതു്. ഗ്ലാഡ്സ്റ്റൺ പറയുന്നതുപോലെ അതു് അഭേദ്യമായിട്ടുള്ള ഒരു പാറയാകുന്നു. എല്ലാ കാലങ്ങളിലും ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ അതു സ്വീകരിക്കുകയും ദൈവവാക്യമായി വിശ്വസിക്കുകയും ചെയ്തിരുന്നു. അനേകം വിശുദ്ധ സംഘങ്ങൾ ഈ കാര്യത്തെ സ്ഥിരീകരിച്ചിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ഒരു ഹേതുവാദിയായ (Rationalist) മനുഷ്യനെപ്പോലെ സംസാരിക്കുന്നുവെന്നു് എനിക്കു തോന്നിപ്പോകുന്നു.

കത്തോ:- എൻെറ പ്രിയ സ്നേഹിതാ, നിങ്ങൾ അങ്ങേ അററം വരെ പോയിരിക്കുന്നു. ഞാൻ ഒരു കത്തോലിക്കൻ അല്ലാതിരിക്കുകയും സഭയുടെ അപ്രമാദിത്വത്തിൽ വിശ്വസിക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഞാൻ ഇപ്പോൾ നിശ്ചയമായും ഒരു ഹേതുവാദിയായിരുന്നേനെ. നിങ്ങളുടെ വാദവിഷയം മുഴുവനും നിങ്ങൾ ഉപേക്ഷിച്ചിരിക്കുന്നതുപോലെ തോന്നിപ്പോകുന്നു. നിങ്ങൾ വേദപുസ്തകത്തെ ദൈവവാക്യങ്ങളായും അഭേദ്യമായിട്ടുള്ള ഒരു പാറയായും വിചാരിക്കുന്നതിൻെറ ഏകകാരണം സഭ എല്ലാക്കാലങ്ങളിലും ഇതു വിശ്വസിക്കുകയും പിന്നേയും പിന്നേയും വിശുദ്ധ സംഘങ്ങൾമൂലം പ്രസ്തുതവിശ്വാസത്തെ സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു എന്നുള്ളതാണല്ലോ. ആ അധികാരത്തിനു തെററിപ്പോകാൻ പാടുണ്ടായിരുന്നുവെങ്കിൽ വേദപുസ്തകത്തെപ്പററിയുള്ള സഭയുടെ വിശ്വാസവും വിധികളും നിഷ്പ്രയോജനങ്ങളാകുമായിരുന്നുവെന്നതിനു സംശയമില്ല. തന്മൂലം നിങ്ങളുടെ അഭേദ്യമായിട്ടുള്ള പാറ ഹേതുവാദികളുടെ ആഗ്നേയാസ്ത്രംകൊണ്ടു് തകർന്നുപോകുമായിരുന്നു.

പ്രോട്ട:- നിങ്ങളുടെ വാദഭാഗം എനിക്കു മനസ്സിലായി. എന്നാൽ നിങ്ങളുടെ സഭയുടെ അഹങ്കാരപൂർവ്വകമായിട്ടുള്ള വാക്കുകളാണു് എനിക്കു ദുസ്സഹമായിതോന്നുന്നതു്. ഞാൻ എൻെറ വായ് തുറക്കുമ്പോൾ യാതൊരു മനുഷ്യനും മിണ്ടിപ്പോകരുതു്; എൻെറ വാക്കുകൾതന്നെ നിയമങ്ങളാകുന്നു. അവയ്ക്കു വിരോധമായി ആർക്കും ഒന്നും ശബ്ദിക്കാൻ പാടില്ല; "റോമ്മാ സംസാരിച്ചു. അതുകൊണ്ടു് സകല കാര്യങ്ങളും അവസാനിച്ചു" എന്നു നിങ്ങളുടെ സഭ ധിക്കാരപൂർവ്വം പറയുന്നു.

കത്തോ:- ഇതെത്രയോ പ്രശസ്തവും സ്പൃഹണീയവുമായിട്ടുള്ള നിലയാകുന്നു. കത്തോലിക്കാസഭയ്ക്കു ഈ വിധത്തിൽ മാത്രമേ സംസാരിക്കാൻ കഴികയുള്ളു. നമ്മുടെ ദിവ്യരക്ഷകൻ തൻെറ ദിവ്യോപദേശങ്ങളെ ലോകാവസാനത്തോളം സർവ്വജാതികളേയും പഠിപ്പിക്കുന്നതിനായി ഒരു അദ്ധ്യാപകസം

# ചോദിച്ചാൽ പറയാം

42. ചോ: മാതാപിതാക്കന്മാർ ചെയ്യുന്ന പാപത്തിൻെറ ഫലം അവരുടെ സന്താനപരമ്പരയിൽ നിലനില്ക്കുമോ?

(എം സി മൈലപ്ര)

ഉ: മാതാപിതാക്കന്മാർ ചെയ്യുന്ന പാപത്തിൻെറ ഫലം അതിനാൽതന്നെ ആത്മീയമായി സന്താനപരമ്പരകളിലേക്കു സംക്രമിക്കുന്നില്ല. എന്നാൽ ശാരീരികമായി ചിലപ്പോൾ സംക്രമിച്ചുവെന്നുവരാം അതു പാപത്തിൻെറ താരതമ്യമനുസരിച്ചിരിക്കും.

മാതാപിതാക്കന്മാർ അന്യായമായി ഒരാളുടെ മുതൽ അപഹരിക്കുകയും, അതു തിരിച്ചു നൽകാതെ മക്കൾക്കു ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്നുവെന്നു സങ്കല്പിക്കുക. ഈ വസ്തുതകൾ അറിയാവുന്ന മക്കൾ ആ മുതൽ ഉടമസ്ഥനെ തിരിച്ചേല്പിക്കാതെ കൈവശം വച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അവരും അപഹരണപാപത്തിനു വിധേയരാകുന്നതാണു്. മാതാപിതാക്കന്മാരുടെ ഒരു പാപത്തിൻെറ ഫലമായിട്ടാണു് ആ മുതൽ മക്കൾക്കു കിട്ടിയതെങ്കിലും, മക്കൾ പാപികളാകുന്നതു മക്കൾ എന്ന നിലയിലല്ല, പ്രത്യുത സ്വന്ത ഇച്ഛയനുസരിച്ചു് മാതാപിതാക്കന്മാരുടെ പാപത്തോടു് അവർ സഹകരിക്കുന്നതുകൊണ്ടാണു്.

എല്ലാ മനുഷ്യരും ജന്മപാപത്തോടുകൂടിയാണു ജനിക്കുന്നതു്. ഇതു് ആദിമാതാപിതാക്കന്മാരുടെ പാപത്തിൽനിന്നു പൈതൃകമായി മനുഷ്യവർഗ്ഗത്തിനു ലഭിച്ചിട്ടുള്ളതാണു്. പക്ഷെ ഇതു മുകളിൽപ്പറഞ്ഞ സാമാന്യനിയമത്തിനു് എതിരല്ല. ദൈവം ആദിമാതാപിതാക്കന്മാരെ ഒരു പ്രത്യേകപരിതസ്ഥിതിയിൽ, വരപ്രസാദപൂർണ്ണരായി, മരണത്തിൽനിന്നും വേദനയിൽനിന്നും മുക്തരായി, ആണു സൃഷ്ടിച്ചതു്. തൻെറ കല്പന ലംഘിച്ചാൽ അവരെ മരിപ്പിക്കുമെന്നു ദൈവം അവരോടു് ആജ്ഞാപിച്ചിരുന്നു. അവർ പാപംചെയ്യുകയും അതുവരെയുണ്ടായിരുന്ന സൗഭാഗ്യാവസ്ഥ അവർക്കു നഷ്ടപ്പെടുകയുംചെയ്തു. ആദിമാതാപിതാക്കന്മാരുടെ പാപത്തിൻെറ ഫലമായ ഉത്ഭവപാപത്തോടുകൂടി മനുഷ്യവർഗ്ഗം ജനിക്കുകയെന്നതു ദൈവം ആദത്തിനു നൽകിയ ശിക്ഷയുടെ ഒരു അംശമായിരിക്കുന്നു.

43. ചോ: രണ്ടായിരംവർഷം തികയുന്നതിനു മുൻപായി ലോകാവസാനം ഉണ്ടാകുമെന്നു ക്രിസ്തു പറഞ്ഞതായി എന്തെങ്കിലും തെളിവുകളുണ്ടോ?

(എം. ടി. ടി. കുട്ടിക്കൽ)

ഉ: രണ്ടായിരംവർഷം തികയുന്നതിനുമുൻപായി ലോകാവസാനം ഉണ്ടാകുമെന്നു ക്രിസ്തു പറഞ്ഞതായി കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. ക്രിസ്തു അങ്ങനെ പറഞ്ഞതായി തെളിവുമില്ല.

44. ചോ: കത്തോലിക്കാവൈദികർ കുർബ്ബാനയിൽ ചെറിയ ഓസ്തികൾ (ഒന്നിലധികം ഓസ്തികൾ) കൂദാശചെയ്യുമ്പോൾ എന്തുകൊണ്ടു് അവയെല്ലാം കൈയിലെടുത്തു കൂദാശാവചനം ഉച്ചരിക്കുന്നില്ല? കുസ്തോദിയിലോ, അൾത്താരയിലോ വച്ചിരിക്കുന്ന ഓസ്തികൾ കൂദാശചെയ്യപ്പെടുന്നുണ്ടോ?

(ജെ. വി.)

ഉ: ദിവ്യബലി അർപ്പിക്കുന്ന വൈദികൻ കൂദാശാവചനം ഉച്ചരിക്കുന്നതു് അദ്ദേഹം കൈയിൽ




എടുത്തുപിടിക്കുന്ന ഓസ്തിയിൽ മാത്രമല്ല, തൻെറ മുൻപിൽ അൾത്താരക്കല്ലിന്മേൽ പീലാസായിലോ കുസ്തോദിയിലോ മററുവിധത്തിലോ ചെറിയ ഓസ്തികൾ വച്ചിട്ടുണ്ടെങ്കിൽ അവയിലുംകൂടിയാണു്. ഓസ്തികൾ കൂദാശചെയ്യപ്പെടുന്നതിനു് അവ കൈയിൽ എടുക്കണമെന്നില്ല. ചെറിയ ഓസ്തികൾ കൈയിൽ എടുക്കാത്തതും വലിയ ഓസ്തിമാത്രം കൈയിൽ എടുക്കുന്നതും മററും ആചാരക്രമം സംബന്ധിച്ച സഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ചുമാത്രമാണു്.

45. ചോ: ആഘോഷമായ പാട്ടുകുർബാനയിലും മററും, തിരുശരീരവും തിരുരക്തവും ഉയർത്തിക്കഴിയുന്നതുവരെ മരണമണി അടിക്കുന്നതു് എന്തിനെ സൂചിപ്പിച്ചാണു്.

(എം. സി. ജെ. മുണ്ടക്കയം)

ഉ: വിശുദ്ധ കുർബാനയിൽ തിരുശരീരവും തിരുരക്തവും ഉയർത്തുമ്പോഴും അതിനു തൊട്ടുമുൻപും അടിക്കുന്നതു മരണമണിയല്ല. ആ സമയത്തിൻെറ പ്രാധാന്യത്തെ ദ്യോതിപ്പിക്കുന്നതിനും, വിശ്വാസികളുടെ ശ്രദ്ധയെ ആ മഹാസന്ദർഭത്തിലേക്കു ക്ഷണിക്കുന്നതിനുമായിട്ടാണു് അപ്പോൾ മണിയടിക്കുന്നതിനു ആചാരക്രമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതു്.

ഘത്തെ ഏർപ്പെടുത്തി. അവരുടെ വാക്യങ്ങളെ ദൈവത്തിൻെറ അധരങ്ങളിൽനിന്നു് നേരിട്ടുവരുന്ന വാക്യങ്ങൾക്കണക്കെ എല്ലാവരും സ്വീകരിച്ചുകൊള്ളണമെന്നു് ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു. അവരുടെ ഉപദേശങ്ങൾ കേൾക്കാതെ ധിക്കരിക്കുന്നവർ നിത്യശിക്ഷയ്ക്കു അർഹരായിത്തീരുന്നതാണെന്നു് അവിടുന്നു മുന്നറിവുനൽകുകയും ചെയ്തിട്ടുണ്ടു്. (മർക്കോസ് 16—16) എന്നാൽ ഈ അദ്ധ്യാപകസംഘത്തിനു പരിതാപകരമായവിധത്തിൽ തെററിപ്പോകുവാൻ പാടുണ്ടെന്നും ലോകം മുഴുവനേയും അബദ്ധത്തിൻെറ മാർഗ്ഗത്തിലേക്കു നയിക്കുവാൻ കഴിയുമെന്നും വിചാരിക്കുന്നതു് യുക്തിയുക്തമായിരിക്കുമോ? പ്രസ്തുതസംഘത്തിൻെറ അല്ലെങ്കിൽ സഭയുടെ ഉപദേശങ്ങൾ അബദ്ധമായിരിക്കാൻ ഇടയുള്ളതാണെങ്കിൽ, ആ ഉപദേശങ്ങളെ വിശ്വസിക്കാൻ നമുക്കു കടമയുണ്ടോ? ഈ സഭ ലോകസമക്ഷം പഠിപ്പിക്കുന്നതിനു് ഒരുമ്പെട്ടുവരുമ്പോൾ അതിൻെറ ശ്രോതാക്കളുടെ ഇടയിൽ താഴെ പറയുന്നതായ ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതായി വന്നുകൂടുന്നു: "നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. ഞാൻ പഠിപ്പിക്കുന്ന കാര്യങ്ങളെല്ലാം സത്യമാണോ അല്ലയോ എന്നു് എനിക്കുതന്നെ നിശ്ചയമില്ല. ഇതു് സത്യവും മറേറതു് അബദ്ധവുമായിരിക്കാം. എനിക്കു പരിപൂർണ്ണമായും തെററിപ്പോകുവാൻ പാടുണ്ടായിരിക്കുന്നു. ഇതിനുമുമ്പു് എനിക്കു പലപ്പോഴും തെററിപ്പോയിട്ടുണ്ടു്. എൻെറ ബലഹീനതയിൽ ഞാൻ അഭിമാനിക്കുന്നു. ഞാൻ പലതരത്തിലുള്ള അഭിപ്രായങ്ങളേയും സ്വീകരിക്കുന്നുണ്ടു്. എനിക്കു തെററിപ്പോകുവാൻ പാടില്ലാ എന്നതിലേക്കു് യാതൊരു പ്രമാണവുമില്ല. ഞാൻ എന്താണു് വിശ്വസിക്കുന്നതെന്നു എനിക്കുതന്നെ അറിയാൻ പാടില്ല" ഇതു് കുരുടൻ കുരുടനെ വഴികാണിക്കുന്നതിനു തുല്യമാണെന്നുള്ളതിനു സംശയമില്ലല്ലോ.

(തുടരും)

Wednesday
November 28
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 16



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനിയത്തികളേ,



സാമം, ദാനം, ഭേദം, ദണ്ഡം എന്ന ചതുരുപായങ്ങളെപ്പററി നിങ്ങൾ കേട്ടിരിക്കുമല്ലോ. ചാടുവാക്കുകൾകൊണ്ടും സൗഭാഗ്യദാനംകൊണ്ടും ആഗ്നസ് വഴിപ്പെടുകയില്ലെന്നു കണ്ടപ്പോൾ ഭീഷണികൊണ്ടു അവളെ സ്വാധീനിക്കാമോ എന്നാണവർ പരീക്ഷിക്കുന്നതു്. അക്കാലത്തു റോമാനഗരം പീഡനങ്ങളുടെ നടനരംഗമായിരുന്നു. അവിടത്തെ ഭയാനകമായ പാറാവുകളിൽ നാനാതരത്തിലുള്ള പീഡനസാമഗ്രികൾ സൂക്ഷിച്ചിരുന്നു. അനുദിനം പലതരത്തിലുള്ള മരണങ്ങൾക്കു വിധിക്കപ്പെട്ടവർ അവരുടെ ശിക്ഷയനുഭവിക്കുന്നുണ്ടാകും. ഇങ്ങനെ പീഡയനുഭവിച്ചു പാവപ്പെട്ട ക്രിസ്ത്യാനികൾ ജീവൻവെടിയുന്ന ദാരുണരംഗങ്ങളെ കാണിക്കുന്നതിനും ആ പീഡനങ്ങളുടെ കാഠിന്യംകണ്ടു ആഗ്നസ് മനസ്സുതിരിഞ്ഞു ക്രിസ്തീയവിശ്വാസം ഉപേക്ഷിക്കുന്നതിനുംവേണ്ടിയാണ് സൈന്യാധിപൻ അവളെ പീഡനരംഗത്തേക്കാനയിച്ചതു്. എന്തൊരു ദിവ്യപ്രചോദനമാണ് ആഗ്നസിനു ആ രംഗം കണ്ടപ്പോൾ ഉണ്ടായതെന്നോ! നിരവധി രക്തസാക്ഷികൾ ഭയങ്കരമായ അവരുടെ പീഡകളെ സന്തോഷത്തോടുകൂടി മിശിഹായ്ക്കുവേണ്ടി സഹിക്കുന്നു. ശോഭനമായ രക്തസാക്ഷിമകുടം അവരുടെ ശിരസ്സിലേക്കു താണിറങ്ങുന്നു. സ്നേഹോജ്ജ്വലമായ അവരുടെ സ്തുതിഗീതങ്ങളും വിനയപൂർണ്ണമായ അവരുടെ പ്രാർത്ഥനകളും ആ അന്തരീക്ഷത്തെ സ്വർഗ്ഗതുല്യമാക്കുന്നു. എപ്പോഴാണ് ഈ സൗഭാഗ്യം തനിക്കും കരഗതമാവുക എന്നു ആവേശത്തോടുകൂടി ആഗ്നസ് ചിന്തിച്ചിരുന്നു. വേദസാക്ഷികൾ അനുഭവിച്ച എല്ലാ പീഡകളും ഒന്നിച്ചു സഹിക്കുന്നതിനും അങ്ങിനെ മിശിഹായോടുള്ള തൻെറ അതിരററസ്നേഹത്തെ ഏററവും കൂടുതലായി പ്രകടിപ്പിക്കുന്നതിനും അവൾ വെമ്പൽകൊണ്ടു. ദിവ്യനാഥാ, ഈ അനുഗ്രഹം എനിക്കു തരുവാൻ കനിയണമേ എന്നവൾ മൗനമായി പ്രാർത്ഥിച്ചു.

വല്യേട്ടൻ




### ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടച്ച)

121 കെ. പി. ജോയി കുന്നംപ്ലാവു്, പെരിഞ്ചേരി, ഒല്ലൂർ
122 മാത്യു ചെറിയാൻ പുത്തൻപുരയിൽ, പ്ലാശനാൽ
123 സി. സി. ജോസഫ് ചൊന്നയൻമാക്കൽ, അറക്കുളം
124 മേരി ജേക്കബ് കുറച്ചേരി, തത്തമ്പള്ളി
125 ബേബി വി. അരീക്കൽ, അങ്കമാലി

### 95-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—ജപമാല

### പ്രശ്നം നമ്പ്ര് 96

(ജേക്കബ്ബ് കെ. കുഴിക്കാട്ട് Reg. No. 105)

എല്ലാ ജനങ്ങൾക്കും ആശ്വാസമരുളുന്ന ഒരു പുണ്യസ്ഥലമാണ് ഞാൻ. കാരണം അനന്തപരിപാലകനായ ദൈവത്തിൻെറ ആസ്ഥാനമാണ് ഞാൻ. പാവപ്പെട്ട ചെററക്കുടിൽമുതൽ വിശ്വോത്തരമഹാസൗധംവരെ എനിക്കു രൂപഭേദമുണ്ടു്. എൻെറ പേരിനു നാലക്ഷരംമാത്രം. ഒന്നാമത്തെ അക്ഷരം ദേശാടകനിലുണ്ടു്, യാത്രക്കാരനിലില്ല. രണ്ടാമത്തെ അക്ഷരം വാഹനത്തിലുണ്ടു്, യാനപാത്രത്തിലില്ല. മൂന്നാമത്തെ അക്ഷരം മലയാളത്തിലുണ്ടു്, തമിഴ്നാട്ടിലില്ല. നാലാമത്തെ അക്ഷരം കഷായത്തിലുണ്ടു്, മരുന്നിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## പരീക്ഷണം ഫലിച്ചു

(മാത്യു ചെറിയാൻ, പുത്തൻപുരയിൽ Reg No. 122)

അന്നു ക്ലാസിലാകമാനം ഒരു പ്ലെയിസ്മാററമാണു നടന്നതു്. ക്ലാസ്ടീച്ചർ വർഗ്ഗീസ്സാർ ഒരു പറിച്ചുനടീൽ നടത്തുകയാണ്. സകല കമ്പനികളും പൊട്ടിയ ലക്ഷണംതന്നെ. ഞാനും തോമസും എപ്പോൾ പിടിവീഴുമെന്നാലോചിച്ച് അനങ്ങാതെ ഇരിക്കുകയാണ്. തോമസിനെ പിരിയുന്നതു് എനിക്കു ദുസ്സഹമായിത്തോന്നി. ഏതായാലും എൻെറമേലും പിടിവീണു.

"മാത്യു, എണീക്കു, ജോസിൻെറ അടുത്തുപോയിരിക്കു" സാർ ആജ്ഞാപിച്ചു. വിദേശത്തേക്കു പോകുന്ന യുവാവിനെപ്പോലെ ഞാൻ തോമസിനോടു പതുക്കെ യാത്രപറഞ്ഞു പിരിഞ്ഞു.

തോമസിനെ പിരിയുന്നതിലും വിഷമമായി എനിക്കു തോന്നിയതു് ജോസിൻെറയും ചാക്കോയുടേയും ഇടയ്ക്കിരിക്കുന്ന കാര്യമാണ്. പണ്ടേ അവർക്കു പരിഹാസപാത്രമാണ് ഞാൻ. ചെന്നിരുന്നതോടെ സ്വരംതാഴ്ത്തിയെങ്കിലും നല്ല "ഉപ്പിലിട്ട"വാക്കുകൾ പറഞ്ഞു് എന്നെ സ്വീകരിച്ചു. അടുത്തതായി പിടിയുണ്ടായതു് ചാക്കോയെയാണ്. അതുകൊണ്ടു് എൻെറ പകുതി സൊല്ല ഒഴിഞ്ഞതായി എനിക്കു തോന്നി.

ആ പീരീഡുമുഴുവൻ ജോസിൻെറ വിചാരമാണ് എന്നിൽക്കൂടി കടന്നുപോയതു്. തടിമാടൻ. യാതൊരു ഭയവുമില്ലാത്തവൻ. തെമ്മാടിത്തരം ഇഷ്ടക്കാരൻെറ കൈയിൽനിന്നും പോയതേയുള്ളൂ. വൈദികരെ രഹസ്യമായി അപലപിക്കുകയാണ് തൊഴിൽ. ഈ ക്ലാസിൽതന്നെ കിടപ്പുതുടങ്ങിയിട്ട് മൂന്നുവർഷമായി. സ്കൂളധികൃതർ അറിയാതെ ഒരു കമ്മ്യൂണിസ്റ്റ് ഫെഡറേഷൻ സ്ഥാപിച്ചു് പ്രവർത്തനംനടത്താൻ ശ്രമിച്ച ആളാണ് ജോസ്.

ജോസിനോടു് എന്തു നയമാണ് എടുക്കേണ്ടതു്? ഞാൻ ആലോചിച്ചു. ഒരു പരീക്ഷണംതന്നെ നടത്തുന്നതിനു് ഞാൻ തീരുമാനിച്ചു.

ദിവസങ്ങളും ആഴ്ചകളും ഒന്നിനു പുറകെ ഒന്നായി കടന്നുപൊയ്ക്കൊണ്ടിരുന്നു. ഇതിനകം ഞാനും ജോസും തമ്മിൽ ഒരു സ്നേഹബന്ധം സ്ഥാപിച്ചു. പക്ഷെ അതു് എൻെറ നേരെ പല്ലിളിക്കുന്നതുപോലെ തോന്നി.

"മാത്യു, സിഗററൊന്നു വലിക്കു" ജോസ് സ്നേഹസ്വരത്തിൽ ഒരു ദിവസം പറയുകയാണ്.

"ജോസ്, ക്ഷമിക്കണം, ഞാൻ സിഗററും ബീഡിയും വലിക്കുകയില്ല" ഞാൻ മറുപടിപറഞ്ഞു.

"അമ്പോ, ഞാനിന്നല്ലേ പന്നിക്കുഞ്ഞിനെ കാണുന്നതു്. വലിച്ചില്ലെങ്കിൽ വലിപ്പിക്കും."

ഞാൻ കുഴഞ്ഞു. ഏതാനും ദിവസങ്ങൾകൂടി കഴിഞ്ഞു. ഞാനും ഓരോ സിഗററു് വലിച്ചുതുടങ്ങി. അതും എൻെറ പരീക്ഷണത്തിനു് ആവശ്യമായിത്തോന്നി.

ജോസുമായുള്ള കൂട്ട് എന്നേയും വഴിതെററിച്ചുവെന്നു് ക്ലാസ്സിൽ സംസാരമായി. ഇതിനും പുറമെ ആ ശ്രുതി എൻെറ വീട്ടിലുമെത്തി. അന്നുതന്നെ എനിക്ക് പിതാവിൽനിന്നും ചൂരൽക്കഷായം ലഭിച്ചു. "ഇനി ഇതുപോലെ വല്ലതും കേട്ടാൽ......" പിതാവു് ശാസിച്ചു.

ഞാൻ ഒരു വഴിത്തിരിവിലായി. പിതാവിൻെറ ആജ്ഞ അനുസരിക്കണം. എന്നാൽ എൻെറ പരീക്ഷണം ആരംഭിച്ചതേയുള്ളൂ.

പിറേറദിവസവും ജോസ് എന്നെ കടയിലേക്കു ക്ഷണിച്ചു. ഞാൻ നടന്ന കഥയെല്ലാം പറഞ്ഞു. "അതുകൊണ്ടു് ഇന്നു പത്രംനോക്കുവാൻ പള്ളിയുടെ മുറിയിലേക്കാണ് ഞാൻ പോകുന്നതു്. ജോസു കൂടി വരണം."

"എൻെറ മാത്യു, അവിടെ എന്തു പത്രമാണുള്ളതു്, അച്ചന്മാരുടെ ദീപികയോ? അതിൽ മുഴുവൻ കള്ളമല്ലേ? മാത്യുവിനു പത്രം വായിക്കണമെങ്കിൽ പീടികയിൽ പോകാം" ജോസ് ന്യായവാദം നടത്തി.

"ഇനി കടയിൽ കയറിയാൽ എനിക്കു കുഴപ്പമാണ്. ജോസിനു വേണ്ടി എന്തെല്ലാം ഞാൻ ചെയ്തു. എനിക്കുവേണ്ടി ഈ നിസ്സാരകാര്യം ചെയ്യുകയില്ലേ?" ഞാൻ ഒന്നുകൂടി ക്ഷണിച്ചു.

"എന്നാൽ അങ്ങനെതന്നെ" ഞങ്ങൾ ഇരുവരും നടന്നു. ഉച്ചയ്ക്കു വിട്ട സമയമാണ്. പത്രവായന കഴിഞ്ഞു. "എന്നാൽ ജോസ്, പള്ളിയകം വിതാനിച്ചതു് ഒന്നു കാണുകയല്ലേ? തിരുനാൾ പ്രമാണിച്ചു് അലങ്കരിച്ചതാണ്." ഞാൻ പറഞ്ഞു.

"എൻെറ പൊന്നു മാത്യു, ഒന്നു പോകാം നമുക്കു്, ഈ തുലഞ്ഞിടത്തുനിന്നു്" ജോസ് അമ്പിനും വില്ലിനും അടുക്കുന്നില്ല.

"നമുക്കൊന്നു കാണാം" ജോസിൻെറ കൈക്കുപിടിച്ചു വലിച്ചുകൊണ്ടു് ഞാൻ പറഞ്ഞു.

ഞങ്ങൾ പള്ളിയിൽ കയറി. ഞാൻ ജോസിനുവേണ്ടി പ്രാർത്ഥിച്ചു. ഈവിധം ഓരോ കാര്യം പറഞ്ഞു് ജോസിനെ എന്നും പള്ളിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞു.

ആയിടയ്ക്കാണ് മിഷൻലീഗു പ്രവർത്തനം തുടങ്ങിയതു്. "ജോസ് മിഷ്യൻലീഗിൽ ചേരുന്നില്ലേ?" ഞാൻ ചോദിച്ചു.

"എന്നാ മിഷൻലീഗ്? ഇതെല്ലാം അച്ചന്മാർക്കു പണം പിടുങ്ങാനുള്ള വിദ്യയല്ലേ മാത്യു?" ജോസ് ആക്രോശിച്ചു.

എന്നാൽ ഞങ്ങളുടെ സ്നേഹം ജോസിനേയും വിനാവിളംബം ഒരു മിഷൻലീഗംഗമാക്കി. പക്ഷെ നാമമാത്രമായ ഒരംഗമായിരുന്നുവെന്നുമാത്രം.

ജോസിൻെറ ഓരോ പ്രവൃത്തികളും പർവ്വതീകരിച്ചു് ഞാൻ അവയ്ക്കെല്ലാം അനുമോദനങ്ങൾകൊടുത്തു. ചില തിരുപ്പടങ്ങളും കൊന്തയും സമ്മാനമായി ഡയറക്ടരച്ചനെക്കൊണ്ടു കൊടുപ്പിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു് ജോസിൻെറ സ്വാൻപേനാ കളഞ്ഞുപോയി. ഒരാഴ്ച അന്വേഷിച്ചിട്ടും കിട്ടിയില്ല. അവസാനം എനിക്കതു കിട്ടി.

"ഇതിനു മാത്യു എന്തു പ്രതിഫലം പ്രതീക്ഷിക്കുന്നു?" ജോസ് ചോദിച്ചു.

ഇതു നല്ലൊരവസരമായി ഞാൻ കരുതി. "ജോസിനു് ഇന്നലെ ഒരു കൊന്ത സമ്മാനം കിട്ടിയിട്ടുണ്ടല്ലോ. അതുപയോഗിച്ചു് എന്നും ഓരോ ജപമാല എത്തിക്കണം" ഞാൻ പറഞ്ഞു.

"എൻെറ മാത്യു, ഈവക കാര്യങ്ങളൊഴിച്ചു് എന്തു പറഞ്ഞാലും വിരോധമില്ല" ജോസ് ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

"എന്നാൽ ഈ തുണ്ടുകടലാസിൽ ഞാൻ എഴുതിയിരിക്കുന്ന "രാജകന്യകേ" എന്ന ജപം എന്നും എന്നെപ്രതി ചൊല്ലണം" ഞാൻ നിർദ്ദേശം ഒന്നു മയപ്പെടുത്തി. ജോസ് മനസ്സില്ലാമനസ്സോടെ അതു ഏററു.

ദിവസങ്ങൾ ആരുമറിയാതെ ദ്രുതഗതിയിൽ മുന്നോട്ടുനീങ്ങി. അന്നു ഞാൻ ക്ലാസിലെത്തി. അത്ഭുതം! ജോസ് ഓടിവന്നു് എന്നെ ആലിംഗനം ചെയ്യുകയാണ്. ഹോ! ആ നിമിഷങ്ങൾ! ഹൃദയത്തിൻെറ അഗാധതയിൽനിന്നും സ്നേഹത്തിൻെറ ഗീതകങ്ങൾ പാടിയ ആ നിമിഷങ്ങൾ! ജോസ് പറയുകയാണ്: "മാത്യു, ഇന്നെൻെറ ജീവിതത്തിലെ ഏററവും സൗഭാഗ്യംനിറഞ്ഞ ദിവസമാണ്. ഞാനിന്നു രാവിലെ വളരെക്കാലമായി കുമ്പസാരിച്ചു് വി. കുർബാന സ്വീകരിച്ചു. എന്തൊരു സമാധാനമാണ് ഞാനിപ്പോളനുഭവിക്കുന്നതു്. മാത്യുവിനോടാണ് ഇതിനു ഞാൻ കടപ്പെട്ടിരിക്കുന്നതു്. മാത്യുവിൻെറ കൂട്ടുകെട്ടും, നല്ല മാതൃകയും, പ്രാർത്ഥനയും എന്നെ രക്ഷിച്ചു."

ക്ലാസിലുള്ള എല്ലാ കുട്ടികളും അമ്പരന്നു. ആനന്ദത്തിൻെറ രണ്ടുതുള്ളി കണ്ണുനീർ ഞാനറിയാതെ തന്നെ ജോസിൻെറ ഷർട്ടിൽ പതിച്ചു. എൻെറ ഹൃദയത്തിൽ എന്തൊരാനന്ദമാണ് ഞാൻ അനുഭവിച്ചതെന്നു പറയുക സാദ്ധ്യമല്ല.

—o—

## ജോൺ ഡി ബ്രിട്ടോയുടെ അന്ത്യനിമിഷം

(അലക്സാണ്ടർ ചെമ്പിത്താനം Reg. No. 7)

ബ്രിട്ടീഷുകാർ ആധിപത്യം ഉറപ്പിക്കുന്നതിനുമുമ്പ് ആയിരക്കണക്കിനു് നാട്ടുരാജ്യങ്ങളായി ഇൻഡ്യ വിഭജിക്കപ്പെട്ടിരുന്നു. ആ കാലത്തു് ഉണ്ടായിരുന്ന ഒരു നാട്ടുരാജ്യമാണ് രാമനാട്.

1693 ജനുവരി 28-ാംതീയതി. മാർത്താണ്ഡൻ പള്ളിദേത്തരുമായി ഉദയഗിരിമുകളിലെത്തിയതേയുള്ളൂ. രക്തംപുരണ്ട പൂർവ്വാംബരം!

രാമനാടിൻെറ തലസ്ഥാനനഗരിയിലുള്ള വിശാലമായ മൈതാനത്തിൽനിന്നും ഒരു കാഹളധ്വനി മുഴങ്ങുകയായി! അതിനെ അധഃകരിക്കുമാറു് ഭേരീനാദവും!

ജനലക്ഷങ്ങൾ മൈതാനത്തു് തിങ്ങിക്കൂടി. ഒരുകൂട്ടം പട്ടാളം, ഉദ്യോഗസ്ഥവൃന്ദത്തെയും, ഗജാരൂഢനായ രാജാവിനെയും എതിരേററുകൊണ്ടു് മൈതാനത്തെത്തിക്കഴിഞ്ഞു. കാഹളനാദവും പെരുമ്പറയുടെ "പടപടാ"ശബ്ദവും നിലച്ചു. ആ ജനം നിശ്ശബ്ദരായി.

പ്രത്യേകസിംഹാസനത്തിൽ ആസനസ്ഥനായ രാജാവു് കല്പിച്ചു: "തടവിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനിപ്പുരിഷകളെയെല്ലാം കൊണ്ടുവരട്ടെ!"

ചങ്ങലകളാൽ ബന്ധിതങ്ങളായ കരങ്ങളോടെ, വിളറിവീർത്ത കപോലങ്ങളോടെ, ക്ഷീണിതഗാത്രരായ ഏതാനുംപേർ പോലീസകമ്പടിയോടെ അവിടെ ആനീതരായി.

അവരെ കണ്ടതോടെ രാജാവിൻെറ ചില്ലീയുഗ്മങ്ങൾ വളഞ്ഞു. അദ്ദേഹം കല്പിച്ചു: "ഇനി ഒരു നിമിഷമെങ്കിലും ജീവിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ നിങ്ങളുടെ ഈ നശിച്ച മതത്തെ ഉപേക്ഷിക്കുക."

"ജീവനിൽ ആർക്കാണ് കൊതിയില്ലാത്തതു്! അവർ തീർച്ചയായും മതം ഉപേക്ഷിക്കും" അവിടെ തിങ്ങിക്കൂടിയിരുന്നവർ പിറുപിറുത്തു. ആ തടവുകാർ സംസാരിക്കുന്നതു കേൾക്കുവാൻ അവർ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I